
വാല്യം 7, ലക്കം 02

# ന്യൂ ഇന്ത്യ സമാചാർ

ജൂലൈ 16-31, 2026
സൗജന്യവിതരണത്തിന്





## യുവശക്തി

### വിദ്യാഭ്യാസത്തിലൂടെ ശാക്തീകരണം

ദേശീയ വിദ്യാഭ്യാസ നയം 2020 രാജ്യത്തിന്റെ യുവശക്തിയെ കേവലം അക്ഷരജ്ഞാനമുള്ളവരാക്കുക മാത്രമല്ല; മറിച്ച്, അവരെ വൈദഗ്ധ്യമുള്ളവരും സ്വയംപര്യാപ്തരും മത്സരശേഷിയുള്ളവരുമാക്കി മാറ്റി, പരിവർത്തനം ചെയ്യുകയാണ്. പ്രായോഗിക അറിവ്, ആധുനിക സാങ്കേതികവിദ്യ, നൈപുണ്യ വികസനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഈ നയം ഇന്ത്യയിലെ യുവാക്കൾക്കായി അവസരങ്ങളുടെ പുതിയ വഴികൾ തുറന്നു നൽകിയിരിക്കുന്നു...

@NISPIBIndia ഫോളോ ചെയ്യൂ........

# സമുദ്രം മുതൽ ആകാശം വരെ ഇന്ത്യ കൂടുതൽ സുരക്ഷിതവും സ്വയംപര്യാപ്തവുമായി മാറുന്നു



***2026 വർഷത്തിന്റെ പകുതിയും കടന്നുപോയിരിക്കുന്നു. ഈ ആറു മാസത്തിനിടയിൽ, രാജ്യത്തെ ജനങ്ങളുടെ നിരവധി നേട്ടങ്ങൾ 'മൻ കി ബാത്ത്' പരിപാടിയിൽ ചർച്ച ചെയ്യപ്പെട്ടു. ജൂൺ മാസത്തിലും, ഓരോ പൗരനിലും അഭിമാനം നിറയ്ക്കുന്ന നാഴികക്കല്ലുകൾ രാജ്യം കൈവരിക്കുകയുണ്ടായി. സമുദ്രം മുതൽ ആകാശം വരെ വ്യാപിച്ചുകിടക്കുന്ന ഈ വിജയങ്ങൾ ഇന്ത്യയെ കൂടുതൽ സുരക്ഷിതവും സ്വയംപര്യാപ്തവുമാക്കുകയാണ്. റേഡിയോ പരിപാടിയായ 'മൻ കി ബാത്തിന്റെ' 135-ാം പതിപ്പിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നിരവധി പ്രധാനപ്പെട്ട വിഷയങ്ങളെക്കുറിച്ച് സംസാരിക്കുകയുണ്ടായി. അതിലെ പ്രധാന സവിശേഷതകൾ താഴെ പറയുന്നു...***

- **നാവികസേന:** അടുത്തിടെ ഐഎൻഎസ് ദുനാഗിരി, ഐഎൻഎസ് സംശോധക്, ഐഎൻഎസ് അഗ്രയ് എന്നിവ കൊൽക്കത്തയിൽ ഇന്ത്യൻ നാവികസേനയുടെ ഭാഗമായി. ഈ കപ്പലുകളുടെ രൂപകൽപ്പന മുതൽ നിർമാണം വരെയുള്ള എല്ലാ കാര്യങ്ങളും തദ്ദേശീയമാണ്.

- **സുരക്ഷിതവും സ്വയംപര്യാപ്തവും:** ജൂൺ മാസത്തിൽ DRDO തദ്ദേശീയമായ 'ലോങ് റേഞ്ച് ലാൻഡ് അറ്റാക്ക് ക്രൂയിസ് മിസൈൽ' വിജയകരമായി പരീക്ഷിച്ചു. DRDO ലബോറട്ടറികളും ഇന്ത്യൻ വ്യവസായ പങ്കാളികളും സംയുക്തമായാണ് ഇത് വികസിപ്പിച്ചെടുത്തത്. ചുരുക്കത്തിൽ, കടൽ മുതൽ ആകാശം വരെ ഇന്ത്യ കൂടുതൽ സുരക്ഷിതവും സ്വയംപര്യാപ്തവുമായി മാറിക്കൊണ്ടിരിക്കുകയാണ്.

- **തൊഴിലവസരങ്ങൾ:** 'മെയ്ഡ് ഇൻ ഇന്ത്യ' പദ്ധതിയുടെ ഭാഗമായ സി-295 വിമാനം അതിന്റെ ആദ്യ പറക്കൽ വിജയകരമായി പൂർത്തിയാക്കി. ഇത്തരത്തിലുള്ള നാല്പത് വിമാനങ്ങളാണ് രാജ്യത്തിനുള്ളിൽ നിർമിക്കുന്നത്. ഇത് സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകത്വ മന്ത്രാലയത്തിന്റെ പരിധിയിൽ വരുന്ന എംഎസ്എംഇ, എയ്റോസ്പേസ് മേഖലകൾക്ക് വലിയ കരുത്ത് പകരുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് നയിക്കുകയും ചെയ്യുന്നു.

- **അന്താരാഷ്ട്ര യോഗ ദിനം:** ഈ വർഷം ലോകമെമ്പാടുമുള്ള 2,500-ലധികം സ്ഥലങ്ങളിൽ യോഗ പരിപാടികൾ നടന്നു. നമ്മുടെ രാജ്യത്ത് ദശലക്ഷക്കണക്കിന് വ്യക്തികൾ വിവിധ സ്ഥലങ്ങളിൽ നടന്ന യോഗ പരിപാടികളിൽ പങ്കെടുത്തു.

- **ലോക യോഗാസന ചാമ്പ്യൻഷിപ്പ്:** ജൂൺ മാസത്തിൽ അഹമ്മദാബാദിൽ നടന്ന 'ലോക യോഗാസന ചാമ്പ്യൻഷിപ്പിൽ' 102 സ്വർണമടക്കം 114 മെഡലുകൾ ഇന്ത്യ നേടി. ചാമ്പ്യൻഷിപ്പിലെ മെഡൽ പട്ടികയിൽ ഇന്ത്യ ഒന്നാമതെത്തി. വിജയികളായ എല്ലാ കായികതാരങ്ങൾക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

**'ഹർഗില ആർമി':** അസമിൽ കണ്ടുവരുന്ന അപൂർവ പക്ഷിയാണ് 'ഹർഗില'. ഒരുകാലത്ത് അശുഭകരമെന്ന് കരുതി ജനങ്ങൾ ഓടിച്ചിരുന്ന ഈ പക്ഷി ഇന്ന് അവിടുത്തെ ഗ്രാമങ്ങളുടെ അടയാളമായി മാറിയിരിക്കുന്നു. 'ഹർഗില' പക്ഷികളെ സംരക്ഷിക്കാൻ ആയിരക്കണക്കിന് ഗ്രാമീണ വനിതകളാണ് മുന്നോട്ടുവന്നത്; ഇന്ന് അവർ 'ഹർഗില ആർമി' എന്ന പേരിൽ അറിയപ്പെടുന്നു.

- **കഴിവു പ്രകടിപ്പിക്കാൻ അവസരം:** നാഗാലാൻഡിന്റെ വിമൻസ് ഫുട്സാൽ ലീഗ് നമ്മുടെ പെൺമക്കൾക്ക് അവരുടെ കഴിവു പ്രകടിപ്പിക്കാൻ മികച്ച അവസരമാണ് ഒരുക്കുന്നത്. ഇൻഡോർ ഫുട്ബോൾ എന്നും ഫുട്സാൽ അറിയപ്പെടുന്നുണ്ട്. ഇത്തരം സംരംഭങ്ങൾ ആരംഭിച്ച നാഗാലാൻഡിലെ ജനങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. ഇത്തരം ശ്രമങ്ങൾ രാജ്യത്തിന്റെ മറ്റ് ഭാഗങ്ങൾക്കും പ്രചോദനമാണ്.

- **നാളന്ദ സർവകലാശാല:** പുരാതന നാളന്ദ സർവകലാശാല ഇപ്പോൾ പുതിയ ഭാവത്തിൽ ഇന്ത്യയുടെ വിധി നിർണയിക്കുകയാണ്. രണ്ട് വർഷം മുമ്പ് നാളന്ദ സർവകലാശാലയുടെ പുതിയ ക്യാമ്പസ് ഉദ്ഘാടനം ചെയ്യാൻ എനിക്ക് അവസരം ലഭിച്ചിരുന്നു. ഇത് നമ്മുടെ ബൗദ്ധിക ചർച്ചകളുടെ പുരാതന പാരമ്പര്യമായ 'ശാസ്ത്രപ്പൊരുളിനെ' പുനരുജ്ജീവിപ്പിച്ചു.

- **യുനെസ്കോ ലോക പൈതൃകം:** പ്രകൃതിയോട് ഇണങ്ങി നിന്ന് മനുഷ്യർക്ക് എത്രത്തോളം അത്ഭുതകരമായ കാര്യങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് മേഘാലയയിലെ വേരുകൾ കൊണ്ടുള്ള പാലങ്ങൾ തെളിയിക്കുന്നു. അവ നമ്മുടെ രാജ്യത്തിന്റെയും ഈ മണ്ണിന്റെയും പൈതൃകമാണ്. വേരുകൾ കൊണ്ടുള്ള ഈ പാലങ്ങളെ യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്താനായി ഇന്ത്യ ഇപ്പോൾ അപേക്ഷ നൽകിയിട്ടുണ്ട്.

- **ഗണപതി ബപ്പ:** നിങ്ങളുടെ വീട്ടിലോ ഹൗസിങ് സൊസൈറ്റിയിലോ അയൽപക്കത്തോ സ്ഥാപിക്കുന്ന ഗണപതി ബപ്പയുടെ വിഗ്രഹം നമ്മുടെ സ്വന്തം രാജ്യത്തെ മണ്ണുകൊണ്ട് നിർമിച്ചതാണെന്ന് ദയവായി ഉറപ്പാക്കുക-നമ്മുടെ പ്രാദേശിക മൺപാത്ര നിർമാതാക്കളുടെയും കരകൗശല തൊഴിലാളികളുടെയും കൈകളാൽ നിർമിച്ചവയായിരിക്കണം അവ. ഈ വിഗ്രഹങ്ങൾ നിർമിക്കുന്ന കരകൗശലത്തൊഴിലാളികളോട് കളിമണ്ണ് ഉപയോഗിക്കുന്നതിന് മുൻഗണന നൽകാനും ഞാൻ അഭ്യർത്ഥിക്കുന്നു.

*"മൻ കീ ബാത്" കേൾക്കാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യൂ.*

# ന്യൂ ഇന്ത്യ സമാചാർ

**വാല്യം 7, ലക്കം 1 | ജൂലൈ 16-31, 2026**

എഡിറ്റർ ഇൻ ചീഫ്
**ധീരേന്ദ്ര ഓഝ**
**പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ, പ്രസ് ഇൻഫർമേഷൻ ബ്യൂറോ, ന്യൂഡൽഹി**

ചീഫ് കൺസൽട്ടിങ് എഡിറ്റർ
**സന്തോഷ് കുമാർ**

സീനിയർ അസി. കൺസൽട്ടിങ് എഡിറ്റർ
**പവൻ കുമാർ**

അസി. കൺസൽട്ടിങ് എഡിറ്റർമാർ
**അഖിലേഷ് കുമാർ**
**ചന്ദൻ കുമാർ ചൗധരി**

ഭാഷാ എഡിറ്റർമാർ
**സുമിത് കുമാർ (ഇംഗ്ലീഷ്)**
**രജ്നീഷ് മിശ്ര (ഇംഗ്ലീഷ്)**
**നദീം അഹമ്മദ് (ഉറുദു)**

സീനിയർ ഡിസൈനർ
**ഫൂൽ ചന്ദ് തിവാരി**

ഡിസൈനർമാർ
**അഭയ് ഗുപ്ത**
**സത്യം സിങ്**




ന്യൂ ഇന്ത്യ സമാചാർ 13 ഭാഷകളിൽ വായിക്കാനായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in/news.aspx
ന്യൂ ഇന്ത്യ സമാചാർ പഴയ പതിപ്പുകൾക്കായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in.archive.aspx

*പതിവായി 'ന്യൂ ഇന്ത്യ സമാചാർ' വിവരങ്ങൾ ലഭിക്കാൻ X –ൽ* @NISPIBIndia പിൻതുടരുക

# ഉൾപ്പേജുകളിൽ.........




**കവർ സ്റ്റോറി**

ആറ് വർഷം മുമ്പ് ജൂലൈ 29-നാണ് ദേശീയ വിദ്യാഭ്യാസ നയം 2020 രാജ്യത്ത് നടപ്പാക്കിയത്. ഇത് വിദ്യാഭ്യാസ മേഖലയിലേക്കുള്ള പ്രാപ്യത വർധിപ്പിക്കുകയും ഉന്നത വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനസൗകര്യങ്ങൾ ശാക്തീകരിക്കുകയും നൈപുണ്യ വികസനവും തൊഴിലവസരങ്ങളും മെച്ചപ്പെടുത്തുകയും ചെയ്തു. വിദ്യാഭ്യാസ നയം കൊണ്ടുവന്ന ഈ മാറ്റങ്ങൾ, 'അമൃതതലമുറ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇവിടുത്തെ യുവാക്കൾക്ക് വികസിത ഇന്ത്യയുടെ ചാലകശക്തികളാകാനുള്ള പുതിയ അവസരങ്ങളാണ് ഇപ്പോൾ തുറന്നു നൽകിയിരിക്കുന്നത്... |10-21

**12 ാമത് അന്താരാഷ്ട്ര യോഗ ദിനം**

## യോഗ
### ഏവരെയും കൂട്ടിയിണക്കുന്നു, ഏവരെയും ഒന്നിപ്പിക്കുന്നു

ഇന്ത്യയുടെ സഹസ്രാബ്ദങ്ങൾ പഴക്കമുള്ള യോഗ പാരമ്പര്യം ഇന്ന് ലോകമെമ്പാടുമുള്ള ജനങ്ങൾക്ക് പുതിയ പ്രത്യാശയുടെ കിരണമായി ഉയർന്നു വന്നിരിക്കുന്നു. |30-33




**വാർത്തകൾ ചുരുക്കത്തിൽ** |4-5

**വ്യക്തിത്വം: കാദംബിനി ഗാംഗുലി**
ഇന്ത്യയിൽ വൈദ്യശാസ്ത്ര വിദ്യാഭ്യാസം പൂർത്തിയാക്കി, പ്രാക്ടീസ് ചെയ്ത ആദ്യ വനിത. |6

**ഊർജ-വ്യവസായ-ഗതാഗത മേഖലകൾക്ക് വേഗതയേകി 'പ്രഗതി'**
പ്രധാനമന്ത്രി നരേന്ദ്ര മോദി 'പ്രഗതി'യുടെ 52-ാമത് യോഗത്തിൽ അധ്യക്ഷത വഹിച്ചു |7

**'രാഷ്ട്രം ആദ്യം' എന്നതാണ് ഇന്ത്യയുടെ മാർഗനിർദേശ മന്ത്രം**
റിപ്പബ്ലിക് ഉച്ചകോടി 2026-നെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്തു |8-9

**ഡൽഹിക്ക് ആറുവരി തുരങ്കപാത, ഉത്തർപ്രദേശിന് പുതിയ ഹൈവേ**
കേന്ദ്രമന്ത്രിസഭാ തീരുമാനങ്ങൾ |22-23

**ഭാവി സമ്പദ്‌വ്യവസ്ഥയെ നയിക്കാൻ ഇന്ത്യ ഒരുങ്ങുന്നു**
പിഎം വികസിത് ഭാരത് റോസ്ഗാർ യോജനയ്ക്ക് കീഴിൽ 2,400 കോടി രൂപ വിതരണം ചെയ്തു |24-25

**ബംഗാൾ ചരിത്രം കുറിക്കും, ഇന്ത്യയുടെ വികസന കുതിപ്പിന് വേഗതയേറും**
പ്രധാനമന്ത്രി നരേന്ദ്ര മോദി പിഎം-കിസാൻ പദ്ധതിയുടെ 23-ാം ഗഡു വിതരണം ചെയ്തു |26-27

**പുരോഗതിയുടെ പ്രവേശന കവാടമായി ഉയർന്നുവരുന്ന ഒഡിഷ**
47,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമായി |28-29

**പത്മ പുരസ്കാരങ്ങൾ 2026: അർപ്പണബോധത്തിനും പ്രതിജ്ഞാബദ്ധതയ്ക്കുമുള്ള അംഗീകാരം**
രാജ്യത്തിന്റെ 'നായകരുടെ' പ്രചോദനാത്മക കഥകൾ ഉൾപ്പെടുത്തിയ പ്രത്യേക ഫീച്ചർ |34-38

**ഇന്ത്യ: ഗ്ലോബൽ സൗത്തിന്റെ ആഗ്രഹങ്ങളുടെയും പ്രതീക്ഷകളുടെയും കരുത്തുറ്റ ശബ്ദം**
ഇന്ത്യയെ തുടർച്ചയായി എട്ടാം തവണയും ജി7 ഉച്ചകോടിയിലേക്ക് ക്ഷണിച്ചു |39-41

**ഇന്ത്യ-സെയ്ഷെൽസ് സൗഹൃദത്തിന്റെ മഹത്തായ 50 വർഷങ്ങൾ**
സെയ്ഷെൽസ് ദേശീയ ദിനത്തിൽ പങ്കെടുത്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി |42-43

**കായികരംഗത്തെ വനിതകൾക്ക് സുവർണകാലം: 'ഖേലോ ഇന്ത്യ' മുതൽ ആഗോള വേദി വരെ**
FIH: നേഷൻസ് കപ്പ് വനിതാ ഹോക്കി 2026 |44



**Published:** Kanchan Prasad, Director General, on behalf of Central Bureau of Communication
**Communication Address :** Room No–1077, Soochna Bhawan, CGO Complex, New Delhi -110003.
**E-Mail : response-nis@pib.gov.in, RNI No. :** DELENG/2020/78811

# പത്രാധിപക്കുറിപ്പ്

## വികസിത ഭാരതം - അമൃത തലമുറയുടെ അമൃത സങ്കൽപ്പം

നമസ്കാരം,

उत्तिष्ठत जाग्रत प्राप्य वरान्निबोधत

**അർഥം:** ഉണരൂ, എഴുന്നേൽക്കൂ, ലക്ഷ്യത്തിലെത്തുന്നതു വരെ മുന്നേറൂ.

കഠോപനിഷത്തിലെ ഈ മന്ത്രത്തെ യുവജനങ്ങൾക്കുള്ള മാർഗനിർദേശ തത്വമായാണ് സ്വാമി വിവേകാനന്ദൻ വിശേഷിപ്പിച്ചത്. ലോകത്തിലെ ഏറ്റവും വലിയ യുവജനസംഖ്യയുള്ള രാജ്യമാണ് ഇന്ത്യ എന്നത് ഇന്ന് നമുക്കുള്ള വലിയ നേട്ടമാണ്. ഏകദേശം 65 ശതമാനം ജനങ്ങളും 35 വയസ്സിന് താഴെയുള്ളവരാണ്. അതുകൊണ്ടുതന്നെ ഈ സന്ദേശം എന്നത്തേക്കാളും കൂടുതൽ പ്രസക്തമായി മാറിയിരിക്കുന്നു.

ഇന്ത്യ ഇപ്പോൾ വലിയ തോതിലുള്ള ഗുണപരമായ പരിവർത്തനത്തിന്റെ ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. വിദ്യാഭ്യാസം, നൈപുണ്യവികസനം, കായികരംഗം, സംരംഭകത്വം, നൂതനാശയങ്ങൾ തുടങ്ങിയ മേഖലകളിലെല്ലാം ഈ മാറ്റത്തിന്റെ ഏറ്റവും കരുത്തുറ്റ ചാലകശക്തികളായി യുവാക്കൾ ഉയർന്നുവന്നിട്ടുണ്ട്. പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിന്റെ നാല് പ്രധാന സ്തംഭങ്ങളെ -ദരിദ്രർ, യുവാക്കൾ, കർഷകർ, വനിതകൾ - കുറിച്ച് സംസാരിക്കുമ്പോൾ, യുവാക്കൾക്ക് അതിൽ സവിശേഷമായ സ്ഥാനമാണുള്ളത്. വികസിത ഇന്ത്യ എന്ന സ്വപ്നം യാഥാർഥ്യമാക്കുന്നതിൽ ഏറ്റവും നിർണായകമായ പങ്ക് വഹിക്കുന്നത് യുവാക്കളാണ്.

'അമൃതതലമുറ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ യുവാക്കൾ കേവലം ഭാവി സ്വപ്നം കാണുക മാത്രമല്ല ചെയ്യുന്നത്; വികസിത ഇന്ത്യ@2047-ന്റെ സഹശില്പികളായി മാറി, അവർ ഇന്ന് അതിന് കരുത്തുറ്റ അടിത്തറയിടുകയാണ്. 'വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗ്' പോലുള്ള വേദികളിലൂടെ ദശലക്ഷക്കണക്കിന് യുവാക്കൾ ദേശീയ മുന്നേറ്റങ്ങളുടെ സജീവ ഭാഗമായി മാറുന്നുണ്ട്.

കഴിഞ്ഞ 12 വർഷമായി യുവാക്കളുടെ കഴിവുകളെ തിരിച്ചറിഞ്ഞ്, സ്റ്റാർട്ടപ്പുകൾ, പൊതുസേവനം, കായികരംഗം, സർഗാത്മക കലകൾ തുടങ്ങിയ മേഖലകളിൽ മികവ് പുലർത്താൻ ഇന്ത്യാ ഗവണ്മെന്റ് അവർക്ക് അഭൂതപൂർവമായ അവസരങ്ങളാണ് ഒരുക്കി നൽകിയിട്ടുള്ളത്. ഇന്ന്, ഈ യുവാക്കളുടെ ഊർജത്തിലും താൽപ്പര്യത്തിലും അധിഷ്ഠിതമായി ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ സ്റ്റാർട്ടപ്പ് ഭൂമികയായി ഇന്ത്യ മാറിയിരിക്കുന്നു.

ഈ മാറ്റം വിദ്യാഭ്യാസ മേഖലയിലും പ്രകടമാണ്. മുൻഗണന എന്നത് കേവലം വിദ്യാഭ്യാസം ലഭ്യമാക്കുന്നതിൽ നിന്ന് മാറി, അതിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിലേക്ക് മാറിയിരിക്കുന്നു. ദേശീയ വിദ്യാഭ്യാസ നയം (NEP) 2020 ഈ മാറ്റത്തിന് കരുത്തുറ്റ അടിത്തറയായി വർത്തിച്ചു. 2026 ജൂലൈ 29-ന് ദേശീയ വിദ്യാഭ്യാസ നയം ആറ് വർഷം പൂർത്തിയാക്കുകയാണ്. ഈ നയം 'അമൃതതലമുറ'യെ ഭാവിയിലേക്ക് സജ്ജമാക്കുന്നതോടൊപ്പം 'വികസിത ഇന്ത്യ@2047' എന്ന ലക്ഷ്യത്തിന് പുതിയ ദിശാബോധവും കരുത്തും പകരുകയും ചെയ്യുന്നു.

കൂടാതെ, ഈ ലക്കത്തിൽ കാദംബിനി ഗാംഗുലി, അന്താരാഷ്ട്ര യോഗ ദിനം, പത്മ പുരസ്കാരങ്ങൾ, ഇന്ത്യൻ വനിതാ ഹോക്കി താരങ്ങളുടെയും അത്‌ലീറ്റുകളുടെയും ആഗോള നേട്ടങ്ങൾ എന്നിവ പോലുള്ള ശ്രദ്ധേയമായ സംഭവങ്ങളെയും വ്യക്തികളെയും കുറിച്ചുള്ള വിവരങ്ങളും, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ടാഴ്ചത്തെ പൊതുപരിപാടികളെക്കുറിച്ചുള്ള വാർത്തകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

അതുമാത്രമല്ല, ഈ മാഗസിന്റെ ഉൾക്കവറിൽ 'മൻ കി ബാത്ത്' പരിപാടിയും, പിൻ കവറിൽ ഇന്ത്യൻ നാവിക സേനയുടെ മൂന്ന് ആധുനിക കപ്പലുകൾ കമ്മീഷൻ ചെയ്തതിനെക്കുറിച്ചുള്ള പ്രത്യേക ഫീച്ചറും നൽകിയിട്ടുണ്ട്.

***നിങ്ങളുടെ നിർദേശങ്ങൾ തുടർന്നും ഞങ്ങളുമായി പങ്കുവയ്ക്കുക.***

**(ധീരേന്ദ്ര ഓഝ)**

*ഹിന്ദിയിലും ഇംഗ്ലീഷിലും മറ്റ് 11 ഭാഷകളിലും ലഭ്യമാകുന്ന മാസിക വായിക്കാം/ഡൗൺലോഡ് ചെയ്യാം.*
*https://newindiasamachar.pib.gov.in/*

# എഴുത്തുപെട്ടി




**മത്സരപരീക്ഷകൾക്ക് ഏറെ സഹായകരമായ മാഗസിൻ**

ഞാൻ മത്സരപരീക്ഷകൾക്കായി തയ്യാറെടുക്കുന്നയാളാണ്. ഈ മാഗസിൻ എന്റെ പരീക്ഷാ തയ്യാറെടുപ്പുകൾക്ക് വളരെയധികം സഹായകരമാണെന്ന കാര്യം പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.
**gavidisravani7@gmail.com**

**മാഗസിൻ എന്റെ അറിവ് ഗണ്യമായി വർധിപ്പിച്ചു**

ഞാൻ ഗുജറാത്തിലെ അഹമ്മദാബാദിലാണ് താമസിക്കുന്നത്. ഗുജറാത്ത് സ്റ്റേറ്റ് പിസിഎസ്, യുപിഎസ്‌സി പരീക്ഷകൾക്കായി തയ്യാറെടുക്കുകയാണ്. രാജ്യത്തിന്റെ വികസനത്തിനായി ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ചുള്ള അത്യാവശ്യമായ ദൈനംദിന വിവരങ്ങൾ പിഐബി ലഭ്യമാക്കുന്നുണ്ട്. പിഐബിയിൽ നിന്നുള്ള വിവരങ്ങൾ എന്റെ തയ്യാറെടുപ്പിൽ നിർണായക പങ്കാണ് വഹിക്കുന്നത്. കഴിഞ്ഞ കുറച്ചു മാസങ്ങളായി ഞാൻ 'ന്യൂ ഇന്ത്യ സമാചാർ' ഡിജിറ്റൽ കോപ്പി ഗുജറാത്തി ഭാഷയിൽ വായിക്കുന്നുണ്ട്, ഇത് എന്റെ അറിവ് ഗണ്യമായി വർധിപ്പിച്ചു. എന്നെപ്പോലെ നിരവധി വിദ്യാർഥികൾ ഇത് താൽപ്പര്യത്തോടെ വായിക്കുന്നുണ്ട്; എങ്കിലും, മൊബൈൽ ഫോണിൽ ഡിജിറ്റൽ പതിപ്പ് വായിക്കുന്നതിനേക്കാൾ അച്ചടിച്ച പകർപ്പു വായിക്കാനാണ് ഞാൻ വ്യക്തിപരമായി കൂടുതൽ ഇഷ്ടപ്പെടുന്നത്.
**jaydevsinhdodiya0611@gmail.com**

**മാഗസിൻ ഏറെ സഹായകരമാണ്**

ഞാൻ പശ്ചിമ ബംഗാളിലെ ബങ്കുര സദറിൽ നിന്നുള്ള രൂപേഷ് ഖാൻ ആണ്. ഞാൻ ഒരു മാധ്യമപ്രവർത്തകനാണ്, 'ന്യൂ ഇന്ത്യ സമാചാർ' സ്ഥിരമായി വായിക്കാറുണ്ട്. ഇത് എന്നെ വളരെയധികം സഹായിക്കുന്നുണ്ട്.
**rupeshphoto@gmail.com**

**മികച്ച ഉള്ളടക്കവും ' രൂപകൽപ്പനയും**

ജാഗ്രതയുള്ള പൗരനെ സംബന്ധിച്ചിടത്തോളം, ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ചും പദ്ധതികളെക്കുറിച്ചും 'ന്യൂ ഇന്ത്യ സമാചാർ' വഴി വായിച്ചറിയുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. മറ്റ് പ്രസിദ്ധീകരണങ്ങളിൽ, സാധാരണയായി ഇത്തരം വിവരങ്ങൾ അവരുടെ കാഴ്ചപ്പാടുകളോടെയാണ് വായിക്കാൻ കഴിയാറുള്ളത്. ഞാൻ ഒരു സ്വതന്ത്ര എഴുത്തുകാരനാണ്, അതിനാൽ രാജ്യത്തിന്റെ പുരോഗതിയിൽ വിവരങ്ങളുടെ സുതാര്യതയ്ക്കുള്ള പ്രാധാന്യം എനിക്ക് മനസ്സിലാകും. ഈ മാഗസിനിലൂടെ ഈ വലിയ ദേശീയ സംരംഭത്തിന് നൽകുന്ന സംഭാവനകളെ ഞാൻ പൂർണ്ണഹൃദയത്തോടെ അഭിനന്ദിക്കുന്നു.
**വിവേക് രഞ്ജൻ ശ്രീവാസ്തവ**
**apaniabhivyakti@gmail.com**

**വിവിധ വിവരങ്ങൾ അറിയാൻ വളരെ ഉപയോഗപ്രദമായ മാഗസിൻ**

ഞാൻ ചന്ദൻ ബസു, ഒരു മാഗസിൻ എഡിറ്ററാണ്; എനിക്ക് 66 വയസ്സുണ്ട്. എനിക്ക് ഇമെയിൽ വഴി പതിവായി 'ന്യൂ ഇന്ത്യ സമാചാർ' ലഭിക്കാറുണ്ട്. വൈവിധ്യമാർന്ന വിവരങ്ങൾ അറിയാൻ ഈ മാഗസിൻ വളരെ ഉപയോഗപ്രദമായി എനിക്ക് തോന്നുന്നു.
**ചന്ദൻ ബസു**
**outlineofindia@gmail.com**

ആശയവിനിമയത്തിനുള്ള വിലാസം: 1077-ാം നമ്പർ മുറി, സൂചന ഭവൻ, സിജിഒ സമുച്ചയം, ന്യൂഡൽഹി - 110003


ഇ-മെയിൽ: **response-nis@pib.gov.in**

വാർത്തകൾ ചുരുക്കത്തിൽ

## കപ്പൽ പുനരുപയോഗത്തിൽ ഇന്ത്യ മുന്നിൽ

പഴയതും ഉപയോഗശൂന്യവുമായ കപ്പലുകൾ പൊളിച്ച് അവയിലെ പുനരുപയോഗിക്കാവുന്ന ഭാഗങ്ങൾ വീണ്ടെടുക്കുന്ന കപ്പൽ പുനരുപയോഗ മേഖലയിൽ, 2025-ൽ ലോകത്തിലെ ഏറ്റവും വലിയ രാജ്യമായി ഇന്ത്യ ഉയർന്നുവന്നിരിക്കുന്നു. ഐക്യരാഷ്ട്രസഭയുടെ വ്യാപാര-വികസന സമ്മേളനത്തിന്റെ (UNCTAD) ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം, ആഗോള കപ്പൽ പുനരുപയോഗത്തിൽ ഇന്ത്യയുടെ വിഹിതം 2024-ലെ 30.1 ശതമാനത്തിൽ നിന്ന് 2025-ൽ 35.4 ശതമാനമായി ഉയർന്നു.

ഈ നേട്ടത്തോടെ, 'മാരിടൈം ഇന്ത്യ വിഷൻ 2030'-ന് കീഴിൽ നിശ്ചയിച്ചിരുന്ന കപ്പൽ പുനരുപയോഗ ലക്ഷ്യം നിശ്ചിത സമയത്തിന് അഞ്ച് വർഷം മുമ്പ് കൈവരിക്കാൻ ഇന്ത്യക്ക് സാധിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നയങ്ങളും സമുദ്രമേഖലയിലെ പരിഷ്കരണങ്ങളും പരിസ്ഥിതി സൗഹൃദ കപ്പൽ പുനരുപയോഗ ചട്ടക്കൂട് നടപ്പാക്കിയതുമാണ് ഈ വിജയത്തിന് കാരണമായി കേന്ദ്രമന്ത്രി സർബാനന്ദ സോണോവാൾ ചൂണ്ടിക്കാണിച്ചത്.




## തദ്ദേശീയ ക്രൂയിസ് മിസൈലിന്റെ വിജയകരമായ പരീക്ഷണം

ഒഡിഷ തീരത്തെ ഡോ. എ.പി.ജെ. അബ്ദുൾ കലാം ദ്വീപിൽ നിന്ന് പ്രതിരോധ ഗവേഷണ വികസന സംഘടന (DRDO), ഉപരിതലത്തിൽ നിന്ന് തൊടുക്കാവുന്ന ദീർഘദൂര തദ്ദേശീയ ക്രൂയിസ് മിസൈലിന്റെ പരീക്ഷണപ്പറക്കൽ ജൂൺ 15-ന് വിജയകരമായി പൂർത്തിയാക്കി. പരീക്ഷണത്തിന്റെ നിശ്ചയിച്ചിരുന്ന എല്ലാ ലക്ഷ്യങ്ങളും മിസൈൽ വിജയകരമായി കൈവരിച്ചു. ഇത് പൂർണ്ണമായും തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ക്രൂയിസ് മിസൈലാണ്; ഇതിന്റെ പ്രധാന ഉപസംവിധാനങ്ങളെല്ലാം വിവിധ ഡിആർഡിഒ ലബോറട്ടറികളും ഇന്ത്യൻ പ്രതിരോധ വ്യവസായ പങ്കാളികളും ചേർന്നാണ് വികസിപ്പിച്ചത്. എൽആർഎൽഎസിഎം (LRLACM - Long Range Land Attack Cruise Missile) മിസൈലിന്റെ വിജയകരമായ പരീക്ഷണപ്പറക്കലിൽ ഡിആർഡിഒ ശാസ്ത്രജ്ഞരെയും എൻജിനിയർമാരെയും എല്ലാ പ്രതിരോധ വ്യവസായ പങ്കാളികളെയും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് അഭിനന്ദിച്ചു.

## പ്രതിരോധ ഉല്പാദനത്തിൽ പുതിയ ഉയരങ്ങൾ കീഴടക്കി ഇന്ത്യ

രാജ്യത്തെ സ്വയംപര്യാപ്തമാക്കുക, 'മേക് ഇൻ ഇന്ത്യ' പ്രോത്സാഹിപ്പിക്കുക, ആഭ്യന്തര ഉൽപ്പാദനം വർധിപ്പിക്കുക എന്നിവയാണ് 'വികസിത ഇന്ത്യ 2047'-ന്റെ ലക്ഷ്യം. ഈ സാഹചര്യത്തിൽ, പ്രതിരോധ മേഖലയിലെ ഉൽപ്പാദനത്തിലുണ്ടായ സ്ഥിരതയാർന്ന വളർച്ച സ്വയംപര്യാപ്തതയിലേക്കുള്ള നിർണായകമായ ചുവടുവയ്പാണ്. 2025-26 സാമ്പത്തിക വർഷത്തിൽ പ്രതിരോധ ഉൽപ്പാദനം 1.78 ലക്ഷം കോടി രൂപയെന്ന എക്കാലത്തെയും ഉയർന്ന റെക്കോർഡ് നിലവാരത്തിലെത്തി.





## ദേവഭൂമിയുടെ ലിച്ചി ഇറ്റലിയ്ക്ക് പ്രിയങ്കരം; തേജ്പൂർ ലിച്ചി ദുബായിലേക്ക്

ഇന്ത്യ കൃഷിയെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല, കർഷകരെ ശാക്തീകരിക്കുന്നതിലും ഇന്ത്യൻ കാർഷിക ഉൽപ്പന്നങ്ങളെ ആഗോള വിപണിയുമായി കൂട്ടിയിണക്കുന്നതിലും നിർണായക പങ്ക് വഹിക്കുന്നുണ്ട്. ഇതിന്റെ ഫലമായി, 'ദേവഭൂമി'യായ ഉത്തരാഖണ്ഡിൽ നിന്നുള്ള മികച്ച ഗുണനിലവാരമുള്ള ലിച്ചികൾ ഇറ്റലിയിലേക്കും, അസമിൽ നിന്നുള്ള ഭൗമസൂചിക അംഗീകാരം ലഭിച്ച തേജ്പൂർ ലിച്ചികൾ ദുബായ് വിപണിയിലേക്കും എത്തുന്നു. ഡെഹ്റാഡൂൺ ലിച്ചികൾ അവയുടെ സവിശേഷമായ മധുരം, ആകർഷകമായ ചുവപ്പ് നിറം, സുഗന്ധം, മികച്ച പൾപ്പ് ഗുണനിലവാരം എന്നിവയാൽ വ്യാപകമായി പ്രശംസിക്കപ്പെട്ടവയാണ്. കാർഷിക-സംസ്കൃത ഭക്ഷ്യ ഉൽപ്പന്ന കയറ്റുമതി വികസന അതോറിറ്റി (APEDA) ഉത്തരാഖണ്ഡിൽ നിന്നുള്ള ഒരു മെട്രിക് ടൺ വരുന്ന ആദ്യ ലിച്ചി ശേഖരം ഇറ്റലിയിലേക്ക് കയറ്റി അയക്കുന്നതിന് സൗകര്യമൊരുക്കി. ഈ നടപടി ഉത്തരാഖണ്ഡിന്റെ പ്രീമിയം ലിച്ചികൾക്ക് യൂറോപ്യൻ വിപണിയിലേക്കുള്ള പ്രവേശനം സാധ്യമാക്കുക മാത്രമല്ല, അന്താരാഷ്ട്ര തലത്തിൽ ഇന്ത്യൻ പഴങ്ങളുടെ സാന്നിധ്യം കൂടുതൽ ശക്തമാക്കുകയും ചെയ്യും.

### നാഫെഡ് 4 പുതിയ പദ്ധതികൾക്ക് തുടക്കം കുറിച്ചു...

## ഇ-ലേല പോർട്ടലായ NAFEX.in ആരംഭിച്ചു


ഗവൺമെന്റിന്റെ 'സഹകരണത്തിലൂടെ സമൃദ്ധി' എന്ന സന്ദേശം ദേശീയ കാർഷിക സഹകരണ വിപണന ഫെഡറേഷൻ (NAFED) ഇന്ത്യ ലിമിറ്റഡിലും ഇപ്പോൾ പ്രാവർത്തികമായിക്കൊണ്ടിരിക്കുകയാണ്. സുതാര്യത വർധിപ്പിക്കുന്നതിനും കർഷകരുടെ ക്ഷേമം ഉറപ്പാക്കുന്നതിനുമായി കേന്ദ്ര ആഭ്യന്തര-സഹകരണ മന്ത്രി അമിത് ഷാ ജൂൺ അവസാന പകുതിയിൽ NAFEX.in, ദൃഷ്ടി, ERP, നാഫെഡ് ക്ഷേമ സംരംഭം എന്നിവ ഒരേസമയം ഉദ്ഘാടനം ചെയ്തു. NAFEX.in പോലുള്ള പദ്ധതികൾ നിർണായകമാണെന്ന് കേന്ദ്ര സഹകരണ മന്ത്രി ചൂണ്ടിക്കാട്ടി. 2014-ൽ നാഫെഡ് പൂട്ടലിന്റെ വക്കിലായിരുന്നെങ്കിൽ, ഇന്ന് ഈ ശ്രമങ്ങളുടെ ഫലമായി 74 ലക്ഷം കർഷകർക്ക് ഇത് സേവനം നൽകുന്നുണ്ട്. കൂടാതെ 30,000 കോടി രൂപയുടെ വിറ്റുവരവും 500 കോടി രൂപയുടെ ലാഭവും ഇത് രേഖപ്പെടുത്തി. കഴിഞ്ഞ ഏതാനും വർഷങ്ങളായി പരിപ്പ് വർഗങ്ങൾ, ചോളം, മറ്റ് ഉൽപ്പന്നങ്ങൾ എന്നിവ നേരിട്ട് സംഭരിക്കുന്നതിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഗവൺമെന്റ് ഒരുക്കിയിട്ടുണ്ട്. അടുത്ത രണ്ട് വർഷത്തിനുള്ളിൽ കർഷകരുടെ പരിപ്പ് വർഗങ്ങളുടെ ഉൽപ്പാദനം മുഴുവനായും നേരിട്ട് സംഭരിക്കാൻ ഗവൺമെന്റ് നാഫെഡിനും എൻസിസിഎഫിനും (NCCF) നിർദേശം നൽകിയിട്ടുണ്ട്. ഇതിലൂടെ ഇടനിലക്കാരുടെ ശൃംഖല പൂർണമായും ഒഴിവാക്കാനും കർഷകരുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് പണം എത്തിക്കാനും സാധിക്കും. കർഷക കുടുംബങ്ങളിലെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനും കരിയർ വികസനത്തിനുമുള്ള സ്കോളർഷിപ്പുകൾക്കായി ലാഭത്തിന്റെ 1% നീക്കിവയ്ക്കാനും നാഫെഡ് തീരുമാനിച്ചിട്ടുണ്ട്.

## ഗാർഹികേതര എൽപിജി വിതരണം സാധാരണ നിലയിലാക്കി; നിയന്ത്രണങ്ങൾ നീക്കി

വ്യവസായങ്ങൾക്കും വ്യാപാരികൾക്കും ആശ്വാസം പകർന്ന്, ഗാർഹികേതര വാണിജ്യ എൽപിജി വിതരണം പശ്ചിമേഷ്യൻ പ്രതിസന്ധിക്ക് മുമ്പുണ്ടായിരുന്ന നിലയിലേക്ക് കേന്ദ്ര ഗവൺമെന്റ് പുനഃസ്ഥാപിച്ചു. ഈ വിഭാഗത്തിലുള്ള എൽപിജി വിതരണത്തിന് ഏർപ്പെടുത്തിയിരുന്ന എല്ലാ പ്രാദേശിക നിയന്ത്രണങ്ങളും നീക്കി. കൂടാതെ, പ്രതിസന്ധിഘട്ടത്തിൽ നിർത്തിവെച്ചിരുന്ന ബൾക്ക് എൽപിജി വിതരണം, പ്രതിസന്ധിക്ക് മുമ്പുള്ള ഉപഭോഗത്തിന്റെ 50 ശതമാനമായി പുനഃസ്ഥാപിക്കുകയും ചെയ്തു. എൽപിജി വിതരണ സാഹചര്യത്തിലുണ്ടായ പുരോഗതിയെ തുടർന്നാണ് ഈ തീരുമാനം. എൽപിജി ഉൽപ്പാദനത്തിലും ഇറക്കുമതി ചെയ്യുന്ന ചരക്കുകളിലും മെച്ചപ്പെട്ട ലഭ്യത കൈവന്ന പശ്ചാത്തലത്തിൽ, സി3-സി4 സ്ട്രീമുകൾ എൽപിജി പൂളിലേക്ക് തിരിച്ചുവിടുന്നത് കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. എങ്കിലും, ഗാർഹിക എൽപിജിയുടെ ലഭ്യതയെ ഇത് ബാധിക്കില്ലെന്ന് ഉറപ്പുവരുത്തുകയും മൊത്തം ഉൽപ്പാദനം പ്രതിദിനം കുറഞ്ഞത് 40 ടിഎംടി ആയി നിലനിർത്തുകയും ചെയ്യും. വ്യവസായ-വാണിജ്യ ഉപഭോക്താക്കളുടെ സമഗ്രമായ വിവരം സൂക്ഷിക്കാൻ എണ്ണ വിപണന കമ്പനികൾക്ക് നിർദേശം നൽകിയിട്ടുണ്ട്; ഒപ്പം പുതുക്കിയ ക്രമീകരണങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സംസ്ഥാനങ്ങളോടും ആവശ്യപ്പെട്ടിട്ടുണ്ട്. പിഎൻജി ശൃംഖലകൾ വ്യാപിപ്പിക്കുന്നതിനും അർഹരായ ഉപഭോക്താക്കൾക്ക് ഘട്ടംഘട്ടമായി പിഎൻജി കണക്ഷൻ ലഭ്യമാക്കുന്നതിനുമുള്ള പ്രതിജ്ഞാബദ്ധതയും ഗവൺമെന്റ് ആവർത്തിച്ചു. ●

# ഇന്ത്യയിൽ പഠിച്ച് വൈദ്യശാസ്ത്രം പ്രാക്ടീസ് ചെയ്ത ആദ്യ വനിത

***വനിതാ ശാക്തീകരണത്തിന്റെ അസാധാരണ പ്രതീകമായിരുന്ന ഡോ. കാദംബിനി ഗാംഗുലി, കൽക്കട്ട സർവകലാശാലയിൽ പ്രവേശനം നേടിയ ആദ്യ വനിതയായിരുന്നു. അചഞ്ചലമായ ഇച്ഛാശക്തി, സ്ഥിരോത്സാഹം, അർപ്പണബോധം എന്നിവയിലൂടെ ഇന്ത്യയിൽ മാത്രമല്ല, ദക്ഷിണേഷ്യയിൽ തന്നെ ആദ്യത്തെ വനിതാ ഡോക്ടറായി അവർ മാറി. മെഡിക്കൽ കരിയറിനപ്പുറം, കൽക്കരി ഖനികളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനായി അവർ വിപുലമായി പ്രവർത്തിച്ചു. വിജയിച്ച ഡോക്ടർ, സ്വാതന്ത്ര്യസമര സേനാനി, പ്രശസ്ത സാമൂഹ്യ പരിഷ്കർത്താവ് എന്നീ നിലകളിൽ, പ്രതികൂല സാഹചര്യങ്ങളിലും മുന്നേറാൻ ആഗ്രഹിക്കുന്ന ദശലക്ഷക്കണക്കിന് സ്ത്രീകൾക്ക് പ്രചോദനാത്മകമായ മാതൃകയാണ് ഡോ. കാദംബിനി ഗാംഗുലി.***



**ജനനം: 18 ജൂലൈ 1861 | മരണം: 3 ഒക്ടോബർ 1923**

സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ സ്ത്രീവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിച്ച കാദംബിനി ബോസ്, 1861 ജൂലൈ 18-ന് ഭാഗൽപുരിലാണ് ജനിച്ചത്. പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുക എന്ന ആശയം പോലും അത്ര പരിചിതമല്ലാതിരുന്ന ഒരു കാലത്താണ് അവർ സ്കൂൾ വിദ്യാഭ്യാസം ആരംഭിച്ചത്. ഈ അവസരം അവർ പരമാവധി പ്രയോജനപ്പെടുത്തുകയും 1883-ൽ ബ്രിട്ടീഷ് ഭരണത്തിൻ കീഴിലുള്ള ഇന്ത്യയിലെ ആദ്യത്തെ വനിതാ ബിരുദധാരിയായി മാറുകയും ചെയ്തു. വീടുകളിൽ നിന്ന് പുറത്തിറങ്ങാനും ജീവിതോപാധി കെട്ടിപ്പടുക്കാനും സ്വയംപര്യാപ്തത കൈവരിക്കാനും കാദംബിനി ഇന്ത്യയിലുടനീളമുള്ള സ്ത്രീകൾക്ക് വലിയ പ്രചോദനമേകി.

ബിരുദപഠനത്തിന് തൊട്ടുപിന്നാലെ, പ്രൊഫസറും സാമൂഹ്യപ്രവർത്തകനും സ്ത്രീശാക്തീകരണത്തിന്റെ വക്താവുമായിരുന്ന ദ്വാരകാനാഥ് ഗാംഗുലിയെ അവർ വിവാഹം കഴിച്ചു. അദ്ദേഹമാണ് മെഡിക്കൽ ബിരുദം നേടാൻ അവർക്ക് പ്രോത്സാഹനം നൽകിയത്. നിരവധി പ്രതിബന്ധങ്ങൾ നേരിടേണ്ടി വന്നെങ്കിലും, കാദംബിനി ഗാംഗുലി തന്റെ മേഖലയിൽ മികച്ച വിജയം കൈവരിച്ചു. പ്രാരംഭ ഘട്ടത്തിലെ തിരിച്ചടികൾക്ക് ശേഷം അവർ കൽക്കട്ട മെഡിക്കൽ കോളേജിൽ ചേരുകയും 1886-ൽ ഇന്ത്യയിൽ ഡോക്ടറായി യോഗ്യത നേടുന്ന ആദ്യ വനിതയായി മാറി ചരിത്രം കുറിക്കുകയും ചെയ്തു.

തുടർന്ന് അവർ വിദേശത്തേക്ക് യാത്ര ചെയ്യുകയും ഗ്ലാസ്ഗോ, എഡിൻബറോ സർവകലാശാലകളിൽ നിന്ന് ഉപരിപഠനം പൂർത്തിയാക്കി മെഡിക്കൽ ബിരുദങ്ങൾ നേടുകയും ചെയ്തു. ബ്രിട്ടനിൽ ജോലി ചെയ്യുന്നതിനും പഠിക്കുന്നതിനുമൊപ്പം, അവർ ഗൈനക്കോളജിയിൽ വൈദഗ്ധ്യം നേടുകയും മൂന്ന് അധിക സർട്ടിഫിക്കറ്റുകൾ കൂടി സ്വന്തമാക്കുകയും ചെയ്തു. 1890-കളിൽ ഇന്ത്യയിൽ തിരിച്ചെത്തിയ അവർ സ്വന്തമായി പ്രാക്ടീസ് ആരംഭിച്ചു. മെഡിക്കൽ കരിയറിനൊപ്പം, സ്ത്രീകളുടെ അവകാശങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളിലും കാദംബിനി ഗാംഗുലി സജീവമായി ഇടപെട്ടു; 1889-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ പങ്കെടുത്ത ചരിത്രത്തിലെ ആദ്യത്തെ സമ്പൂർണ്ണ വനിതാ പ്രതിനിധിസംഘത്തിന്റെ ഭാഗമായിരുന്നു അവർ. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിലും അവർ സജീവമായി പങ്കെടുത്തു. ബങ്കിം ചന്ദ്ര ചടോപാധ്യായയുടെ രചനകൾ അവരുടെ ദേശഭക്തി ഉണർത്തുന്നതിൽ നിർണായക പങ്ക് വഹിച്ചു.

ഡോക്ടർ എന്ന നിലയിലുള്ള തിരക്കുകളും എട്ട് കുട്ടികളുടെ അമ്മ എന്ന നിലയിലുള്ള ഉത്തരവാദിത്വങ്ങളും ഉണ്ടായിരുന്നിട്ടും, ഇന്ത്യയിലെ സ്ത്രീകളുടെ അവകാശങ്ങൾക്ക് വേണ്ടിയുള്ള പ്രസ്ഥാനങ്ങളിൽ നിർണായക പങ്ക് വഹിക്കുന്നതിൽനിന്ന് കാദംബിനിയെ അത് തടഞ്ഞില്ല. ബാലവിവാഹം, സതി തുടങ്ങിയ ആചാരങ്ങൾ സമൂഹത്തിൽ നിലനിന്നിരുന്ന കാലഘട്ടത്തിൽ അവർ സ്ത്രീകളുടെ സ്വാതന്ത്ര്യത്തിനായി നിരന്തരം വാദിച്ചു. സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളിൽ സജീവമായി പങ്കെടുത്ത അവർ മറ്റ് നിരവധി സാമൂഹ്യ പ്രവർത്തനങ്ങളിലും ഏർപ്പെട്ടു; പ്രത്യേകിച്ച്, കൽക്കരി ഖനികളിലെ വനിതാ തൊഴിലാളികളുടെ ക്ഷേമത്തിനായി അവർ പ്രവർത്തിച്ചു. 1898-ൽ ഭർത്താവിന്റെ മരണശേഷവും അവർ തന്റെ ജീവിതത്തിന്റെ അവസാനം വരെ കൊൽക്കത്തയിൽ വൈദ്യശാസ്ത്ര പ്രാക്ടീസ് തുടർന്നു. 1923 ഒക്ടോബർ 3-ന് അവർ അന്തരിച്ചു.



# പ്രഗതി

## ഊർജ-വ്യവസായ-ഗതാഗത മേഖലകൾക്ക് പുതിയ വേഗത

***അടിസ്ഥാനസൗകര്യ വികസനം വേഗത്തിലാക്കുക, പൊതുജനക്ഷേമത്തിനായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക, സുരക്ഷിതമായ ഡിജിറ്റൽ ഇന്ത്യ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ പ്രധാനമന്ത്രി നരേന്ദ്ര മോദി 'പ്രഗതി'യുടെ 52-ാമത് യോഗത്തിൽ അധ്യക്ഷത വഹിച്ചു. 30,000 കോടി രൂപ ചെലവ് വരുന്ന നാല് പ്രധാന പദ്ധതികൾ യോഗത്തിൽ അവലോകനം ചെയ്തു. ഇതുവരെ 85 ലക്ഷം കോടിയിലധികം രൂപയുടെ പദ്ധതികളാണ് പ്രഗതി പ്ലാറ്റ്ഫോമിൽ അവലോകനം ചെയ്തിട്ടുള്ളത്. പിഎം ഗതിശക്തി പോർട്ടൽ കൃത്യമായി അപ്ഡേറ്റ് ചെയ്തു നിലനിർത്തുക, ആരോഗ്യമേഖലയിൽ നിർമിതബുദ്ധി പ്രയോജനപ്പെടുത്തുക, സൈബർ തട്ടിപ്പുകൾ തടയുന്നതിനായി 'ഇ-സീറോ എഫ്ഐആർ' സംവിധാനം നടപ്പാക്കുക എന്നിവയ്ക്ക് യോഗത്തിൽ പ്രത്യേക ഊന്നൽ നൽകി.***

യോഗത്തിൽ, നാല് വ്യത്യസ്ത സംസ്ഥാനങ്ങളിലായി വ്യാപിച്ചിട്ടുള്ള നാല് സുപ്രധാന അടിസ്ഥാനസൗകര്യ പദ്ധതികളുടെ പുരോഗതി പ്രധാനമന്ത്രി നരേന്ദ്ര മോദി വിലയിരുത്തി. റോഡ്, ഊർജം, വ്യവസായ ഇടനാഴികൾ, മെട്രോ റെയിൽ തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട ഈ പദ്ധതികളുടെ ആകെ നിർമാണച്ചെലവ് ഏകദേശം 30,000 കോടി രൂപയാണ്. സാമ്പത്തിക വളർച്ച, പ്രാദേശിക കണക്റ്റിവിറ്റി, വ്യവസായ പുരോഗതി, പൊതുജനക്ഷേമം എന്നിവയ്ക്ക് ഈ പദ്ധതികൾ അത്യന്താപേക്ഷിതമായാണ് കണക്കാക്കപ്പെടുന്നത്. വിവിധ ഏജൻസികൾ തമ്മിലുള്ള ഏകോപനം വർധിപ്പിക്കുന്നതിനും സമയപരിധികൾ പാലിക്കുന്നതിനും പ്രായോഗികമായ തടസ്സങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനുമാണ് അവലോകനത്തിൽ ഊന്നൽ നൽകിയത്.

പദ്ധതികൾ വൈകുന്നത് നിർമാണച്ചെലവ് വർധിപ്പിക്കുക മാത്രമല്ല, അതിന്റെ ഗുണഫലങ്ങൾ യഥാസമയം പൊതുജനങ്ങൾക്കും വ്യവസായങ്ങൾക്കും ലഭിക്കുന്നത് തടസ്സപ്പെടുത്തുകയും ചെയ്യുമെന്ന് പ്രധാനമന്ത്രി മോദി അഭിപ്രായപ്പെട്ടു. ഇത് പരിഹരിക്കുന്നതിനായി, നിലവിലുള്ള എല്ലാ തടസ്സങ്ങളും 'ദൗത്യമെന്ന മാതൃകയിൽ' പരിഹരിക്കാൻ ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയങ്ങൾക്കും സംസ്ഥാന ഗവൺമെന്റുകൾക്കും അദ്ദേഹം വ്യക്തമായ നിർദേശം നൽകി.

### പിഎം ഗതിശക്തി ദേശീയ കർമ്മപദ്ധതിയുടെ ഫലപ്രദമായ വിനിയോഗം

'പിഎം ഗതിശക്തി ദേശീയ കർമ്മപദ്ധതി' പ്രയോജനപ്പെടുത്തുന്നതിന് പ്രധാനമന്ത്രി പ്രത്യേക ഊന്നൽ നൽകി. പദ്ധതികളുടെ വിവരങ്ങൾ, യൂട്ടിലിറ്റികൾ, ഇൻഫ്രാസ്ട്രക്ചർ ലെയറുകൾ, അനുമതികൾ, മറ്റ് മേഖലകളിലെ വിവരങ്ങൾ എന്നിവ പോർട്ടലിൽ കൃത്യസമയത്ത് നിരന്തരം അപ്ഡേറ്റ് ചെയ്യേണ്ടതിന്റെ ആവശ്യകത അദ്ദേഹം എടുത്തുകാട്ടി.

### ക്ഷയരോഗ മുക്ത ഇന്ത്യ യജ്ഞത്തിൽ നിർമിതബുദ്ധി സാങ്കേതികവിദ്യ

ആരോഗ്യമേഖലയിൽ സുപ്രധാനമായ ചുവടുവയ്പെന്ന നിലയിൽ, പ്രധാനമന്ത്രി മോദി 'ക്ഷയരോഗ മുക്ത ഇന്ത്യ യജ്ഞ'ത്തിന്റെ നിലവിലെ സ്ഥിതി വിലയിരുത്തി. ഈ രോഗം നിർമാർജനം ചെയ്യുന്നതിനായി നിർമിതബുദ്ധി ഉൾപ്പെടെയുള്ള ഏറ്റവും പുതിയ ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഉപയോഗിക്കേണ്ടതിന് അദ്ദേഹം പ്രത്യേക ഊന്നൽ നൽകി. എൻസിസി കേഡറ്റുകളും 'മൈ ഭാരത്' വോളന്റിയർമാരും അടങ്ങുന്ന പ്രത്യേക സംഘത്തിനു രൂപം നൽകാനുള്ള നിർദേശവും യോഗത്തിൽ മുന്നോട്ടുവച്ചു.

### സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ നിലപാട്

നിലവിലെ വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ, സൈബർ കുറ്റകൃത്യങ്ങളെയും 'ഡിജിറ്റൽ അറസ്റ്റുകളെയും' സംബന്ധിച്ച പരാതികൾ ഗൗരവപൂർവ്വം വിലയിരുത്തി. ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ദുരുപയോഗം ചെയ്യുന്നത് വർധിച്ചുവരുന്നതിൽ കടുത്ത ആശങ്ക രേഖപ്പെടുത്തി. ഇത്തരം സെൻസിറ്റീവ് കേസുകൾ ബന്ധപ്പെട്ട എല്ലാ സുരക്ഷാ-ഭരണ ഏജൻസികളും ഏകോപിതമായും സമയബന്ധിതമായും അതീവ ശ്രദ്ധയോടെയും കൈകാര്യം ചെയ്യേണ്ടതുണ്ട്.

സൈബർ തട്ടിപ്പുകൾ തടയുന്നതിനായി, വ്യക്തമായ ഉത്തരവാദിത്വവും വേഗത്തിലുള്ള പ്രതികരണവും നിയമപാലക ഏജൻസികൾ, ബാങ്കുകൾ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവയ്ക്കിടയിൽ കരുത്തുറ്റ ഏകോപന സംവിധാനവും ഉണ്ടാകേണ്ടതിന്റെ ആവശ്യകത എടുത്തുപറഞ്ഞു. സൈബർ സാമ്പത്തിക തട്ടിപ്പ് കേസുകളിൽ ഉടനടി രജിസ്ട്രേഷനും നടപടിയും ഉറപ്പാക്കുന്നതിനായി 'ഇ-സീറോ എഫ്ഐആർ' സംവിധാനം നിർബന്ധമായും നടപ്പാക്കുന്നത് വേഗത്തിലാക്കാൻ എല്ലാ സംസ്ഥാനങ്ങൾക്കും നിർദേശം നൽകി.




# ‘രാഷ്ട്രം ആദ്യം’ എന്നതാണ് ഇന്ത്യയുടെ മാർഗദർശക തത്വം

***ഇന്ത്യ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥ മാത്രമല്ല, വിശ്വസനീയമായ ഒന്നു കൂടിയാണ്. കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾ കാരണം ഇന്ത്യയിലുള്ള നിക്ഷേപകരുടെ ആത്മവിശ്വാസം ശക്തമായിട്ടുണ്ട്. ഇത് മികച്ച ഫലങ്ങളാണ് നൽകുന്നത്. ഈ പശ്ചാത്തലത്തിൽ, ‘മഹാശക്തി ഇന്ത്യ: രാഷ്ട്രം ആദ്യം’ എന്ന പ്രമേയത്തിലുള്ള ഒരു ചർച്ച റിപ്പബ്ലിക് ഉച്ചകോടി 2026-ൽ നടന്നു; പ്രധാനമന്ത്രി നരേന്ദ്ര മോദി ചടങ്ങിൽ സംസാരിച്ചു.***

കഴിഞ്ഞ ഒരു പതിറ്റാണ്ടുകാലത്തെ ഇന്ത്യയുടെ നേട്ടങ്ങളുടെയും വിശ്വസ്ത ശക്തിയായി രാജ്യം ഉയർന്നുവന്നതിന്റെയും ആധാരശില ‘രാഷ്ട്രം ആദ്യം’ എന്ന വികാരമാണ്. വിശ്വാസം, സ്ഥിരത, വിശാലമായ ആഗോള നന്മ എന്നിവയിലാണ് ഇന്ത്യയുടെ വളർച്ച അധിഷ്ഠിതമായിരിക്കുന്നത്. അതുകൊണ്ടാണ് ഇന്ത്യ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയായി മാത്രമല്ല, വിശ്വസനീയവും ദൃഢവുമായ പങ്കാളിയായും ഉയർന്നുവരുന്നത്.

ജി-7 ഉച്ചകോടിയിലെ പങ്കാളിത്തം അനുസ്മരിച്ച്, ‘രാഷ്ട്രം ആദ്യം’ എന്ന തത്വത്തോടുള്ള ഇന്ത്യയുടെ പ്രതിജ്ഞാബദ്ധത ആഗോള നേതാക്കൾ അംഗീകരിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഗവൺമെന്റിന്റെ 12 വർഷത്തെ ഭരണകാലയളവിനെക്കുറിച്ച് പ്രതിഫലിപ്പിച്ച്, ശുചിത്വ ഭാരതം, മെയ്ക്ക് ഇൻ ഇന്ത്യ, ഖാദിയുടെ പ്രോത്സാഹനം, പ്രാദേശിക ഉൽപ്പന്നങ്ങൾക്കായുള്ള യജ്ഞങ്ങൾ തുടങ്ങിയ പ്രധാന ദേശീയ പദ്ധതികൾ വിജയകരമായത് ജനങ്ങൾ ‘രാഷ്ട്രം ആദ്യം’ എന്ന വികാരം നെഞ്ചേറ്റിയതുകൊണ്ടാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

## നികുതിരഹിത വരുമാന പരിധി വർധിപ്പിച്ചു

മധ്യവർഗത്തിന് പ്രയോജനം ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണ് സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പാക്കിയത്. ഈ പദ്ധതിയുടെ ഭാഗമായി, നികുതിരഹിത വരുമാന പരിധി ഉയർത്തി, ഇത് ജനങ്ങളുടെ കൈവശമുള്ള ചെലവഴിക്കാനാകുന്ന വരുമാനത്തിൽ വർധനയുണ്ടാക്കി. സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ ഫയലിങ്, 'ഫെയ്സ്‌ലെസ് അസസ്മെന്റ്' സംവിധാനം തുടങ്ങിയ പരിഷ്കാരങ്ങളിലൂടെ നികുതി വ്യവസ്ഥ ലളിതമാക്കിയിട്ടുണ്ട്.

## വളർച്ചാ പ്രയാണം പ്രതീക്ഷകൾ ഉയർത്തുന്നു

ഇന്ത്യയുടെ വളർച്ചാപ്രയാണം വർധിച്ചുവരുന്ന പ്രതീക്ഷകളുടെ അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട്; മികച്ച അടിസ്ഥാനസൗകര്യങ്ങൾ, വേഗതയേറിയ സേവനങ്ങൾ, മെച്ചപ്പെട്ട ജീവിതനിലവാരം എന്നിവ ജനങ്ങൾ ഇപ്പോൾ ആഗ്രഹിക്കുന്നു. ഈ പ്രതീക്ഷകൾ രാജ്യത്തിന്റെ ഭാവിയെക്കുറിച്ചുള്ള ആത്മവിശ്വാസത്തിന്റെ നല്ല സൂചനകളാണ്. പുരോഗതി തീർച്ചയായും സാധ്യമാണെന്ന ജനങ്ങളുടെ വിശ്വാസത്തെയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്.

> ജിഎസ്ടി പരിഷ്കാരങ്ങളിൽ നിന്ന് മധ്യവർഗത്തിന് വലിയ രീതിയിൽ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഈ പ്രക്രിയ വളരെ ലളിതമായതിനാൽ നികുതി ഫയൽ ചെയ്യുന്നതിലുള്ള സമയവും പണവും ലാഭിക്കാൻ ഇതിലൂടെ സാധിക്കുന്നു. ഇപ്പോൾ സ്വന്തം വീട്ടിലിരുന്ന് ഐടിആർ ഫയൽ ചെയ്യാൻ കഴിയും. കൂടാതെ സെറ്റിൽമെന്റ് പ്രശ്നങ്ങളെല്ലാം ഫെയ്സ്‌ലെസ് സംവിധാനത്തിലൂടെയാണ് കൈകാര്യം ചെയ്യുന്നത്.
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*



## പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നു

വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന ആഗോള സാഹചര്യത്തിൽ, ഇന്ത്യയിലെ യുവാക്കൾ, സംരംഭകർ, നൂതനാശയ ഉപജ്ഞാതാക്കൾ, സ്റ്റാർട്ടപ്പുകൾ എന്നിവർ പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിൽ മുൻപന്തിയിലുണ്ട്. 'രാഷ്ട്രം ആദ്യം' എന്ന തത്വത്തിലൂന്നി, പരിഷ്കരണങ്ങൾക്കും നവീകരണങ്ങൾക്കും ജനകേന്ദ്രീകൃത ഭരണത്തിനും ഗവൺമെന്റ് എന്നും പ്രതിജ്ഞാബദ്ധമായിരിക്കുന്നു.

ഒരുകാലത്ത് അക്രമങ്ങളും പിന്നാക്കാവസ്ഥയും കൊണ്ട് ബുദ്ധിമുട്ടിയിരുന്ന പ്രദേശങ്ങൾ ഇപ്പോൾ വികസനത്തിന് സാക്ഷ്യം വഹിക്കുകയാണ്. 'ബസ്തർ ഒളിംപിക്സി'ന്റെ വർധിച്ചുവരുന്ന വിജയം, ഒരുകാലത്ത് ആ മേഖലയെ വേട്ടയാടിയിരുന്ന ഭയവും അനിശ്ചിതത്വവും മാറി, പകരം അവിടുത്തെ യുവാക്കളുടെ ആഗ്രഹങ്ങളും കഴിവുകളും ഉയർന്നുവന്നു എന്നതിന് തെളിവാണ്.

രാജ്യം നിരാശയുടെ ഒരു ഘട്ടത്തിൽ നിന്ന് ആത്മവിശ്വാസത്തിന്റെയും അവസരങ്ങളുടെയും യുഗത്തിലേക്ക് കടന്നിരിക്കുന്നു. 'മാറ്റം സാധ്യമാണ്' എന്ന ദൃഢവിശ്വാസം ഇന്ത്യയുടെ ഏറ്റവും വലിയ കരുത്തുകളിലൊന്നായി മാറിയിരിക്കുന്നു. വികസനം കാംക്ഷിക്കുന്ന ജില്ല, വികസനം കാംക്ഷിക്കുന്ന ബ്ലോക്ക് പദ്ധതികൾ രാജ്യത്തെ ഏറ്റവും പിന്നാക്കം നിന്ന ചില പ്രദേശങ്ങളെ വികസനത്തിന്റെ ചാലകശക്തികളാക്കി മാറ്റി. ദശലക്ഷക്കണക്കിന് ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിൽ ഈ ശ്രമങ്ങൾ നിർണായക പങ്ക് വഹിച്ചു. വികസനത്തിന്റെ ഗുണഫലങ്ങൾ നേരിട്ട് ആനുകൂല്യം ലഭിക്കുന്നവരിൽ മാത്രം പരിമിതപ്പെടുന്നില്ല; അവ സമൂഹത്തിന്റെ മൊത്തത്തിലുള്ള സമൃദ്ധിക്ക് സംഭാവന നൽകുന്നു. സമീപവർഷങ്ങളിൽ ഏകദേശം 25 കോടി വ്യക്തികൾ ദാരിദ്ര്യത്തിൽ നിന്ന് മുക്തരായതും ബൃഹത്തായ പുതിയ മധ്യവർഗം ഉയർന്നു വന്നതും സാമ്പത്തിക പ്രവർത്തനങ്ങൾക്ക് വലിയ ഊർജമേകിയിട്ടുണ്ട്.

പരിവർത്തനത്തിന്റെ ഈ പ്രയാണത്തിൽ കേന്ദ്ര ഗവൺമെന്റ് ജനങ്ങൾക്കൊപ്പം ഉറച്ചുനിൽക്കുന്നു. രാജ്യം വികസനത്തിന്റെ പാതയിൽ അതിവേഗം മുന്നേറുകയാണ്, വരും ദിവസങ്ങളിൽ ഈ വേഗത കൂടുതൽ ശക്തമാവുകയേ ഉള്ളൂ. 140 കോടി വരുന്ന ഇന്ത്യക്കാരുടെ കൂട്ടായ ശ്രമങ്ങളിലൂടെയും ആഗ്രഹങ്ങളിലൂടെയും 'വികസിത ഭാരതം' എന്ന സ്വപ്നം യാഥാർഥ്യമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആത്മവിശ്വാസം പ്രകടിപ്പിച്ചു. ●


*പ്രധാനമന്ത്രി പങ്കെടുത്ത പരിപാടി കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യൂ.*

പുതിയ ദേശീയ
വിദ്യാഭ്യാസ
നയത്തിന്റെ
6 വർഷങ്ങൾ

# യുവ ശക്തി

## വികസിത ഇന്ത്യയുടെ ശില്പികൾ






श्रियः प्रदुग्धे विपदो रुणद्धि, यशांसि सूते मलिनं प्रमार्ष्टि।
संस्कारशौचेन परं पुनीते, शुद्धा हि बुद्धिः किल कामधेनुः ॥

*അർഥം: വിദ്യാഭ്യാസം കേവലം ജീവനോപാധി മാത്രമല്ല, ജീവിതനിലവാരം ഉയർത്തുന്നതിനുള്ള കരുത്തുറ്റ മാധ്യമം കൂടിയാണ്. ഓരോ മേഖലയിലും പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ച്, രാജ്യത്തിന് ഖ്യാതി നേടിക്കൊടുക്കാൻ ഇന്നത്തെ യുവജനങ്ങളെ പ്രാപ്തരാക്കുന്നത് ഈ വിലയേറിയ സമ്പത്താണ്. ഈ ദൂരക്കാഴ്ചയോടെയും രാഷ്ട്രം പുനർനിർമിക്കാനുള്ള ഉറച്ച തീരുമാനത്തോടെയും, കേന്ദ്ര ഗവൺമെന്റ് കഴിഞ്ഞ 12 വർഷത്തിനിടെ വിദ്യാഭ്യാസം, നൈപുണ്യവികസനം, സംരംഭകത്വം, കായികം, ആരോഗ്യം, പൊതുജന പങ്കാളിത്തം എന്നിവയുൾപ്പെടുന്ന യുവകേന്ദ്രീകൃത പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. തൽഫലമായി, മൂന്ന് പതിറ്റാണ്ടുകളുടെ ഇടവേളയ്ക്ക് ശേഷം ആറ് വർഷം മുമ്പ് ജൂലൈ 29-ന് അവതരിപ്പിച്ച പുതിയ ദേശീയ വിദ്യാഭ്യാസ നയം വിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനം വ്യാപിപ്പിക്കുകയും ഉന്നതവിദ്യാഭ്യാസത്തിനു കരുത്തേകുകയും നൈപുണ്യവികസനത്തിനും തൊഴിലിനുമുള്ള അവസരങ്ങൾ വർധിപ്പിക്കുകയും ചെയ്തു. സ്റ്റാർട്ടപ്പ് ഭൂമികകൾ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, ഉൾക്കൊള്ളുന്ന ചിന്താഗതി, സജീവ പങ്കാളിത്തം എന്നിവയിലൂടെ യുവാക്കൾ ഇപ്പോൾ 'അമൃതതലമുറ'യായി ഉയർന്നുവന്നിരിക്കുന്നു; വികസിത ഇന്ത്യയെന്ന ലക്ഷ്യം യാഥാർഥ്യമാക്കുന്നതിന് പിന്നിലെ ചാലകശക്തിയായി അവർ മാറിയിരിക്കുന്നു.*

***ഇന്ത്യയിലെ ജനങ്ങൾ യുവാക്കളാണ്,***
***ഇന്ത്യയുടെ ആത്മാവും യുവത്വമുള്ളതാണ്.***
***ഇന്ത്യ അതിന്റെ കഴിവുകളിൽ യുവത്വമുള്ളതാണ്,***
***ഇന്ത്യ അതിന്റെ സ്വപ്നങ്ങളിലും യുവത്വമുള്ളതാണ്.***
***ഇന്ത്യ അതിന്റെ ചിന്തകളിലും യുവത്വമുള്ളതാണ്.***

**ഈ** ഗുണങ്ങൾ കൊണ്ടാണ് ലോകം ഇന്ന് ഇന്ത്യയെ പ്രത്യാശയോടെയും ആത്മവിശ്വാസത്തോടെയും നോക്കിക്കാണുന്നത്. ഇന്ത്യ യുവത്വമുള്ളതാണ്, കാരണം അതിന്റെ വീക്ഷണം എപ്പോഴും ആധുനികതയെ ഉൾക്കൊള്ളുന്നതും അതിന്റെ തത്വചിന്ത മാറ്റങ്ങളെ അംഗീകരിക്കുന്നതുമായിരുന്നു. ജനങ്ങളുമായി ബന്ധപ്പെടുന്നതിനുള്ള പ്രയാണമായാലും, സേവനത്തിന്റെയും സമർപ്പണത്തിന്റെയും പാതയായാലും, മാറ്റത്തിന്റെ ദിശയായാലും അല്ലെങ്കിൽ ധീരതയുടെ പ്രകടനമായാലും, സഹകരണമായാലും പരിഷ്കരണമായാലും-ഇന്ത്യയിലെ യുവാക്കൾ ഒരു പുതിയ സ്വത്വം രൂപപ്പെടുത്തിയെടുത്തിട്ടുണ്ട്; 'ചെയ്യാൻ കഴിയും എന്ന മനോഭാവവും'ചെയ്യും എന്ന സമീപനവും' മുൻനിർത്തി ആകാശത്തോളം ഉയരാൻ അവർ ലക്ഷ്യമിടുന്നു. ഈ കാഴ്ചപ്പാടോടെ, രാജ്യം ഇന്ന് പുതിയ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നു. 2020 ജൂലൈ 29-ന് നിലവിൽ വന്ന പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പ്രാഥമിക ലക്ഷ്യം ഇന്ത്യയെ ആഗോള വിജ്ഞാന കേന്ദ്രമാക്കി മാറ്റുക എന്നതാണ്. അതോടൊപ്പം, അമൃതകാലത്തേക്ക് യുവാക്കളെ നയിക്കുന്നതിനായി ദേശീയ യുവജന നയത്തിലൂടെ നിരന്തരമായ ശ്രമങ്ങൾ നടത്തിവരുന്നു. ഈ ഉദ്യമത്തിന് കീഴിൽ, യുവാക്കളെ ആധുനിക നൈപുണ്യങ്ങളും ഡിജിറ്റൽ സാങ്കേതികവിദ്യയും കൊണ്ട് സജ്ജരാക്കുന്നു, ഒപ്പം സ്റ്റാർട്ടപ്പുകൾ മുതൽ യൂണികോണുകൾ വരെയുള്ള എല്ലാത്തിനെയും പ്രോത്സാഹിപ്പിക്കുന്ന സംസ്കാരം രാജ്യത്തുടനീളം വളർത്തിയെടുക്കുന്നു. മാത്രമല്ല, സായുധ സേന മുതൽ മറ്റ് മേഖലകളിൽ വരെ യുവാക്കൾക്കായി പുതിയ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു; തൊഴിലിനും സ്വയം തൊഴിലിനുമുള്ള സംരംഭങ്ങൾ നടപ്പിലാക്കുന്നു; കായികരംഗത്തെ കരിയർ പാതകളുമായി ബന്ധിപ്പിച്ചുകൊണ്ട് സാമൂഹിക ചിന്താഗതികൾ മാറ്റുന്നതിനുള്ള ഒരു വലിയ ക്യാമ്പെയ്ൻ പുരോഗമിക്കുകയുമാണ്. 'അമൃത പീഠി' എന്നറിയപ്പെടുന്ന യുവശക്തി ഇന്ത്യയുടെ വികസന യാത്രയുടെ ചാലകശക്തിയായി മാറിയിരിക്കുന്നു; സ്വയംപര്യാപ്തവും വികസിതവുമായ രാഷ്ട്രം കെട്ടിപ്പടുക്കുമെന്ന ദൃഢനിശ്ചയത്തോടെ, അമൃതകാലത്ത് അവർ രാജ്യത്തെ പുതിയ ഉയരങ്ങളിലേക്ക് നയിക്കും. പരിഷ്കരണ നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുമ്പോൾ, യുവാക്കൾ ഫലങ്ങൾ നൽകുന്നു. ഗവണ്മെന്റും യുവാക്കളും തമ്മിലുള്ള ഈ പങ്കാളിത്തം രാജ്യത്തിന്റെ അഭിലാഷങ്ങൾക്ക് പുതിയ ചിറകുകൾ നൽകുന്നു.

### ഇന്ത്യ വിദ്യാഭ്യാസത്തിന്റെ ആഗോള കേന്ദ്രമായി മാറുന്നു

ഒരു രാഷ്ട്രം അതിന്റെ വിദ്യാഭ്യാസ സമ്പ്രദായത്താലും നയങ്ങളാലും ആഗോളതലത്തിൽ അംഗീകരിക്കപ്പെടുന്നു.

**വിദ്യാഭ്യാസം സംബന്ധിച്ച മാറുന്ന കാഴ്ചപ്പാടുകൾ...**

## ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നു

കഴിഞ്ഞ 12 വർഷത്തിനിടയിൽ കേന്ദ്ര ഗവണ്മെന്റ് വിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഈ നിരന്തരമായ ശ്രമത്തിന്റെ ഭാഗമായി, മൂന്ന് പതിറ്റാണ്ടുകളുടെ ഇടവേളയ്ക്ക് ശേഷം പുതിയ ദേശീയ വിദ്യാഭ്യാസ നയം (NEP) 2020 നടപ്പിലാക്കി. സ്കൂൾ വിദ്യാഭ്യാസമാണ് പഠനത്തിന്റെ അടിത്തറയെന്ന് അംഗീകരിച്ചുകൊണ്ട്, പ്രീ-പ്രൈമറി തലം മുതൽ സീനിയർ സെക്കൻഡറി വിദ്യാഭ്യാസം വരെ ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി ആധുനികവൽക്കരിച്ചു. ദേശീയ വിദ്യാഭ്യാസ നയം (NEP) 2020 വിവിധ ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നത്. ഇത് ആരംഭിച്ച് ആറ് വർഷം പിന്നിട്ടു. ഇപ്പോൾ ഏഴാം വർഷത്തിലേക്ക് കടക്കുകയാണ്.

**ലോകത്തിലെ ഏറ്റവും വലിയ സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായവും രണ്ടാമത്തെ വലിയ ഉന്നതവിദ്യാഭ്യാസ ശൃംഖലയും**


**24.69** കോടി വിദ്യാർത്ഥികൾ

**14.71** ലക്ഷം സ്കൂളുകൾ

**1.01+** കോടിയിലധികം അധ്യാപകർ

**2026 ലെ ക്യുഎസ് റാങ്കിംഗിൽ പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ ആഗോളതലത്തിൽ നാലാം സ്ഥാനം.**

ഉന്നത വിദ്യാഭ്യാസത്തിലെ വിദ്യാർത്ഥി പ്രവേശനം




- 1.49 ലക്ഷത്തിലധികം സ്കൂളുകളെ ഐ.സി.ടി (ICT), ഡിജിറ്റൽ സംരംഭങ്ങളുടെ പരിധിയിൽ കൊണ്ടുവന്നു.
- 1.76 ലക്ഷത്തിലധികം സ്മാർട്ട് ക്ലാസ് റൂമുകൾക്ക് അംഗീകാരം നൽകി.
- 2025-26 വർഷത്തോടെ 1.79 ലക്ഷം ഐ.സി.ടി (ICT) പരീക്ഷണശാലകൾക്ക് അംഗീകാരം ലഭിച്ചു.



## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം കൂടുതൽ എളുപ്പമായി

| സ്ഥാപനം | 2014 | 2025 | വളർച്ച (%) |
|---|---|---|---|
| ഐ.ഐ.ടി. | 16 | 23 | 44 |
| ഐ.ഐ.എം. | 13 | 22 | 69 |
| എയിംസ് | 7 | 23 | 228 |
| ഐ.ഐ.ഐ.ടി. | 9 | 25 | 178 |
| ഐസർ | 5 | 7 | 40 |
| സർവ്വകലാശാലകൾ | 760 | 1330 | 75 |
| കോളേജുകൾ | 38,500 | 52,000 | 35 |
| മെഡിക്കൽ കോളേജുകൾ | 431 | 818 | 93 |
| എം.ബി.ബി.എസ്. സീറ്റുകൾ | 51,348 | 1,28,926 | 151 |
| മെഡിക്കൽ പി.ജി. സീറ്റുകൾ | 31,185 | 85,822 | 175 |



**"ജനസംഖ്യ, ജനാധിപത്യം എന്നിങ്ങനെ രണ്ട് വലിയ ശക്തികൾ ഇന്ന് ഇന്ത്യക്കുണ്ടെന്ന് ലോകം അംഗീകരിച്ചിരിക്കുന്നു. ഒരു രാജ്യത്തെ യുവാക്കളുടെ ജനസംഖ്യ എത്രത്തോളം കൂടുതലാണോ, അത്രത്തോളം ആ രാജ്യത്തിന്റെ സാധ്യതകളും വിപുലമായിരിക്കുമെന്നാണ് കരുതപ്പെടുന്നത്. ഇന്ത്യയിലെ യുവാക്കൾക്ക് ജനസംഖ്യാപരമായ നേട്ടത്തോടൊപ്പം ജനാധിപത്യ മൂല്യങ്ങളുമുണ്ട്; അവരുടെ ജനാധിപത്യ സംഭാവനകളും സമാനതകളില്ലാത്തതാണ്. വികസനത്തിന്റെ ചാലകശക്തികളായി ഇന്ത്യ തങ്ങളുടെ യുവാക്കളെ കാണുന്നു.**

**പ്രധാനമന്ത്രി നരേന്ദ്ര മോദി.**

കേന്ദ്ര ഗവൺമെന്റ് ലോകോത്തര നിലവാരമുള്ള വിദ്യാഭ്യാസ അന്തരീക്ഷം വളർത്തിയെടുക്കുകയും അതുവഴി രാജ്യത്തെ യുവാക്കളെ ശാക്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ആറ് വർഷം മുമ്പ്, പ്രധാനമന്ത്രി മോദി പുരോഗമനപരമായ ഒരു പുതിയ ദേശീയ വിദ്യാഭ്യാസ നയം അവതരിപ്പിച്ചത് വിദ്യാഭ്യാസ മേഖലയിൽ വിപ്ലവാത്മകമായ മാറ്റങ്ങൾക്ക് വഴിയൊരുക്കി. ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യം ഇനി മുതൽ നിർബന്ധിതമല്ല. വിദ്യാഭ്യാസത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് മാത്രമല്ല, അതിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും കേന്ദ്ര ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. തൽഫലമായി, പുതിയ ദേശീയ വിദ്യാഭ്യാസ നയം പ്രാഥമിക തലത്തിലും ഉന്നതവിദ്യാഭ്യാസ തലത്തിലും പ്രാദേശിക ഭാഷകളിലുള്ള അധ്യയനം സുഗമമാക്കുന്നു. എഞ്ചിനീയറിംഗ്, ഐ.ടി തുടങ്ങിയ സാങ്കേതിക വിഷയങ്ങൾ ഇപ്പോൾ അഞ്ച് പ്രാദേശിക ഭാഷകളിൽ പഠിക്കാൻ സാധിക്കും. ഈ സംരംഭം വിദ്യാർത്ഥികളുടെ പ്രവേശനം വർദ്ധിപ്പിക്കുക മാത്രമല്ല, ആഗോള കാഴ്ചപ്പാടോടെ പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള അവരുടെ കഴിവ് മെച്ചപ്പെടുത്തുകയും ചെയ്യും. യുവാക്കളുടെ എണ്ണം കൂടുതലുള്ള ഏതൊരു രാജ്യത്തെ സംബന്ധിച്ചും, മൂന്ന് സവിശേഷതകൾ അതീവ പ്രാധാന്യമുള്ളവയും യുവാക്കളുടെ യഥാർത്ഥ സ്വത്വത്തെ നിർവചിക്കുന്നവയുമാണ്: പദ്ധതികളും നവീനാശയങ്ങളും; റിസ്ക് എടുക്കാനുള്ള സന്നദ്ധത; ഏത് കാര്യവും സാധിച്ചെടുക്കാനുള്ള അചഞ്ചലമായ നിശ്ചയദാർഢ്യം എന്നിവയാണവ. സാഹചര്യങ്ങൾ എത്രതന്നെ പ്രതികൂലമാണെങ്കിലും, ഈ മൂന്ന് ഘടകങ്ങളുടെ സംഗമം അഭൂതപൂർവ്വമായ ഫലങ്ങൾ നൽകുന്നു. ഈ പ്രക്രിയയിൽ വിദ്യാഭ്യാസം ഒരു പ്രധാന പങ്ക് വഹിക്കുന്നു.

## റസിഡൻഷ്യൽ സ്കൂളുകൾ വിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനം സുഗമമാക്കി

- കസ്തൂർബ ഗാന്ധി ബാലികാ വിദ്യാലയങ്ങൾ (KGBV)
- നേതാജി സുഭാഷ് ചന്ദ്രബോസ് റസിഡൻഷ്യൽ സ്കൂളുകൾ (NSCBAV)
- പിഎം-ജൻമൻ (PM-JANMAN), ധർതി ആബാ ജനജാതീയ ഗ്രാം ഉത്കർഷ് അഭിയാൻ (DAJGUA) എന്നിവയ്ക്ക് കീഴിൽ ഗോത്രവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ഹോസ്റ്റൽ സൗകര്യങ്ങൾ

**499** ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ


**1.56** ലക്ഷം വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി




## സാങ്കേതികവിദ്യയിലൂടെയും നൂതനാശയങ്ങളിലൂടെയും യുവാക്കൾ ഭാവിയിലേക്ക് തയ്യാറെടുക്കുന്നു

നൈപുണ്യ വികസന സംരംഭങ്ങളിലൂടെ **ആറ് കോടിയിലധികം** യുവാക്കൾക്ക് പരിശീലനം നൽകി

പിഎംകെവിവൈ പ്രകാരം **1.6 കോടിയിലധികം** യുവാക്കൾക്ക് പരിശീലനം നൽകി



**2.19+** കോടി രജിസ്ട്രേഷനുകൾ മൈഭാരത് പോർട്ടലിൽ

അടൽ ടിങ്കറിംഗ് ലാബുകളിലൂടെ **ഒരു കോടിയിലധികം** വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി.

- **വളർന്നുവരുന്ന സാങ്കേതികവിദ്യകളിൽ 16 ലക്ഷത്തിലധികം പ്രോജക്റ്റുകളുടെ വികസനത്തിന് സഹായം നൽകി**




- PMGDISHA-യ്ക്ക് കീഴിൽ 6.4 കോടിയിലധികം ആളുകൾക്ക് പരിശീലനം നൽകി.
- 18,580 കോഴ്സുകൾ ലഭ്യമാക്കുന്ന സ്വയം (SWAYAM) പ്ലാറ്റ്ഫോമിൽ 6.1 കോടിയിലധികം പേർ രജിസ്റ്റർ ചെയ്തു.
- DIKSHA പ്ലാറ്റ്ഫോമിൽ 135 ഭാഷകളിലായി 3.66 ലക്ഷത്തിലധികം ഇ-കണ്ടന്റ് വിഭവങ്ങൾ ലഭ്യമാക്കി.
- ടെലിവിഷൻ, റേഡിയോ, ഡിജിറ്റൽ ഉള്ളടക്കം, ഇ-വിവരങ്ങൾ എന്നിവയിലൂടെ സ്വയം പ്രഭ, പിഎം ഇ-വിദ്യ, DIKSHA എന്നിവ പഠനാവസരങ്ങൾ കൂടുതൽ വിപുലമാക്കി.
- ഉന്നതവിദ്യാഭ്യാസ രംഗത്തെ 'വൺ നേഷൻ വൺ സബ്സ്ക്രിപ്ഷൻ' പദ്ധതിയിലൂടെ 7,400-ലധികം സ്ഥാപനങ്ങൾക്ക് അക്കാദമിക്-ഗവേഷണ സൗകര്യങ്ങളിലേയ്ക്ക് മെച്ചപ്പെട്ട പ്രവേശനം ലഭിച്ചു, ഒരു കോടിയോളം ആളുകൾക്ക് ഇതിലൂടെ പ്രയോജനം ലഭിച്ചു.

ഈ പ്രക്രിയയിൽ വിദ്യാഭ്യാസം ഒരു പ്രധാന പങ്കുവഹിക്കുന്നു. ഈ കാരണത്താലാണ്, ഏകദേശം മൂന്ന് പതിറ്റാണ്ടുകളുടെ കാത്തിരിപ്പിന് ശേഷം, ഇന്ത്യയെ ഒരു ആഗോള വിജ്ഞാന കേന്ദ്രമാക്കുന്നതിനുള്ള പാതയൊരുക്കിക്കൊണ്ട് 2020 ജൂലൈ 29-ന് രാജ്യം പുതിയ ദേശീയ വിദ്യാഭ്യാസ നയം ആവിഷ്കരിച്ചത്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ആവശ്യങ്ങൾക്കനുസൃതമായി സ്കൂൾ, കോളേജ് വിദ്യാഭ്യാസം കൂടുതൽ സമഗ്രവും ലളിതവുമാക്കുകയാണ് ഈ നയം ലക്ഷ്യമിടുന്നത്. അതിലൂടെ ഇന്ത്യയെ സവിശേഷമായ സാദ്ധ്യതകൾ തുറക്കാൻ ശേഷിയുള്ള ഊർജ്ജസ്വലവും വിജ്ഞാനാധിഷ്ഠിതവുമായ സമൂഹമായും ആഗോളമേഖലയിൽ അറിവിന്റെ വൻശക്തിയായും മാറ്റിയെടുക്കാനും ഇത് ലക്ഷ്യമിടുന്നു. വിപുലമായ ചർച്ചകളിലൂടെ രൂപീകരിച്ച ഈ നയം, കുട്ടികളുടെ പഠന സമ്മർദ്ദം കുറയ്ക്കുന്നതിനായി രൂപകൽപ്പന ചെയ്ത ശാസ്ത്രീയ ചിന്താഗതിയിലാണ് അധിഷ്ഠിതമായിരിക്കുന്നത്. ഈ ലക്ഷ്യം മുൻനിർത്തി ബോർഡ് പരീക്ഷകളിൽ പരിഷ്കാരങ്ങൾ കൊണ്ടുവരുകയും ഗവേഷണങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്തു; ഇതിലൂടെ ഗവേഷണ പ്രവർത്തനങ്ങൾ ഗ്രാമീണ മേഖലകളിലേക്ക് കൂടി വ്യാപിപ്പിക്കേണ്ടത് അത്യാവശ്യമായി മാറി. കൂടാതെ, മാനവവിഭവശേഷി വികസന മന്ത്രാലയത്തെ 'വിദ്യാഭ്യാസ മന്ത്രാലയം' എന്ന് പുനർനാമകരണം ചെയ്യുകയും ചെയ്തു. പ്രധാനമന്ത്രി മോദിയുടെ വിദ്യാർത്ഥി കേന്ദ്രീകൃത നയങ്ങൾ രാജ്യത്തുടനീളം വലിയ മാറ്റങ്ങളാണ് കൊണ്ടുവന്നത്, ഇതിന്റെ ഫലമായി എയിംസ്, ഐഐടി, ഐഐഎം, മെഡിക്കൽ കോളേജുകൾ എന്നിവയുടെ എണ്ണത്തിൽ റെക്കോർഡ് വർദ്ധനയുണ്ടായി. ഇന്ന് ലോകത്തിലെ ഏറ്റവും വലിയ സ്കൂൾ വിദ്യാഭ്യാസ സംവിധാനങ്ങളിലൊന്നാണ് ഇന്ത്യയ്ക്കുള്ളത്. രാജ്യത്ത് 14.7 ലക്ഷം സ്കൂളുകളിലായി ഏകദേശം 25 കോടി വിദ്യാർത്ഥികളും ഒരുകോടിയിലധികം അധ്യാപകരുമുണ്ട്. യുവാക്കൾക്കായി ഉന്നതവിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങളും കേന്ദ്ര ഗവണ്മെന്റ് വികസിപ്പിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാഭ്യാസത്തിലും ഉന്നതവിദ്യാഭ്യാസത്തിലുമുള്ള പ്രവേശന നിരക്കിൽ അതിവേഗത്തിലുള്ള വർദ്ധനയ്ക്കാണ് രാജ്യം സാക്ഷ്യം വഹിക്കുന്നത്.

## എൻഇപി 2020 പഠനനിലവാരം മെച്ചപ്പെടുത്തുകയും അധ്യയനം സുഗമമാക്കുകയും ചെയ്തു

**170**

സർവ്വകലാശാലകൾ നാഷണൽ ക്രെഡിറ്റ് ഫ്രെയിംവർക്ക് (NCRF) നടപ്പിലാക്കി കഴിഞ്ഞു, ഇത് വിദ്യാർത്ഥികൾക്ക് ക്രെഡിറ്റുകൾ സ്വായത്തമാക്കാൻ അവസരമൊരുക്കുന്നു

**2,469**

സ്ഥാപനങ്ങൾ അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്സുമായി (ABC) സംയോജിപ്പിച്ചിട്ടുണ്ട്; ഇതിലൂടെ 32 കോടിയിലധികം വിദ്യാർത്ഥി ഐഡികൾ വിതരണം ചെയ്തു.

**15.48 കോടിയിലധികം** വെരിഫൈഡ് ഓട്ടോമേറ്റഡ് പെർമനന്റ് അക്കാദമിക് അക്കൗണ്ട് രജിസ്ട്രി (APAAR) ഐഡികൾ സൃഷ്ടിച്ചു

**153**

സർവ്വകലാശാലകൾ ഇപ്പോൾ വർഷത്തിൽ രണ്ടുതവണയുള്ള പ്രവേശനവും , മൾട്ടിപ്പിൾ എൻട്രി/എക്സിറ്റ് സൗകര്യങ്ങളും നൽകുന്നുണ്ട്2035-ഓടെ ഉന്നതവിദ്യാഭ്യാസ രംഗത്ത് 50% മൊത്ത പ്രവേശന നിരക്ക് കൈവരിക്കുന്നതിലേക്കുള്ള സുപ്രധാന ചുവടുവെപ്പാണിത്.



### പൊതുജന നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി ആദ്യമായി രൂപീകരിച്ച നയം...

സ്വതന്ത്ര ഇന്ത്യയിൽ ദേശീയ വിദ്യാഭ്യാസ നയം എന്ന ആശയം ആദ്യമായി വിഭാവനം ചെയ്തത് 1968-ലാണ്. ഇത് 10+2+3 ഘടന സ്വീകരിച്ചുകൊണ്ട് വിദ്യാഭ്യാസ സമ്പ്രദായത്തെ പരിവർത്തനം ചെയ്യുന്നതിന് ഊന്നൽ നൽകി. അതിനുമുമ്പ്, 1952-ൽ ലക്ഷ്മണസ്വാമി മുദലിയാരുടെ അധ്യക്ഷതയിൽ സെക്കൻഡറി വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിച്ചിരുന്നു. തുടർന്ന്, 1986 മെയ് മാസത്തിൽ ഒരു പുതിയ ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കുകയും അത് 2020 വരെ പ്രാബല്യത്തിൽ തുടരുകയും ചെയ്തു. 1986-ലെ നയത്തിൽ 1992-ൽ ചില ഭേദഗതികൾ വരുത്തി. പിന്നീട്, ആദ്യം ടി.എസ്.ആർ. സുബ്രഹ്മണ്യന്റെ കീഴിലും തുടർന്ന് 2017 ജൂണിൽ മുൻ ഐഎസ്ആർഒ മേധാവി ഡോ. കെ. കസ്തൂരിരംഗന്റെ അധ്യക്ഷതയിലും സമിതികൾ രൂപീകരിച്ചു. കസ്തൂരിരംഗൻ സമിതി 2019 മെയ് മാസത്തിൽ 'ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട്' സമർപ്പിക്കുകയും, അതിന് 2020 ജൂലൈ 29-ന് അംഗീകാരം ലഭിക്കുകയും ചെയ്തു. 2.5 ലക്ഷം ഗ്രാമപഞ്ചായത്തുകൾ, 6,600 ബ്ലോക്കുകൾ, 676 ജില്ലകൾ എന്നിവയിൽ നിന്നുള്ള ഏകദേശം 2,00,000 നിർദ്ദേശങ്ങൾ ഈ ദേശീയ വിദ്യാഭ്യാസ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കായുള്ള പങ്കാളിത്ത കൂടിയാലോചനാ പ്രക്രിയ 2015-ലാണ് ആരംഭിച്ചത്.

വിദ്യാഭ്യാസ മേഖലയിൽ മാറ്റം കൊണ്ടുവരുന്നതിനായി രൂപീകരിച്ച പുതിയ വിദ്യാഭ്യാസ നയം, ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഒരു പരിവർത്തന ഘട്ടമായി ഉയർന്നുവന്നിരിക്കുന്നു. ഇതിന്റെ ഫലമായി ഇന്ത്യയിലെ യുവാക്കൾ ഇന്ന് രാജ്യം നേരിടുന്ന ഓരോ വെല്ലുവിളികളെയും ധീരമായി നേരിടുകയും പരിഹാരങ്ങൾ കണ്ടെത്തുകയും തങ്ങളുടെ കരുത്ത് തെളിയിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസം എല്ലാവർക്കും പ്രാപ്യവും ലഭ്യവുമാകണമെന്ന് രാജ്യത്തിന്റെ മഹാനായ വിദ്യാഭ്യാസ പണ്ഡിതനും ഭരണഘടനയുടെ ശില്പിയുമായ ബാബാ സാഹേബ് അംബേദ്കർ വിശ്വസിച്ചിരുന്നു; ഈ വിദ്യാഭ്യാസ നയം ആ ദർശനത്തിനായി സമർപ്പിച്ചിരിക്കുന്നു.

## പരിവർത്തനത്തിന്റെ യുഗം..

## തൊഴിൽ അന്വേഷകരിൽ നിന്ന് തൊഴിൽദാതാക്കളിലേക്ക്

**2014**

**പരിമിതമായ സംരംഭകത്വ ആവാസവ്യവസ്ഥ**

350 സ്റ്റാർട്ടപ്പുകൾ

4 യൂണികോൺ

- സ്റ്റാർട്ടപ്പുകൾക്ക് അംഗീകാരത്തിന്റെയും നയപരമായ പിന്തുണയുടെയും അഭാവം; പരിമിതമായ ഫണ്ടിംഗ്, ഇൻകുബേഷൻ സൗകര്യങ്ങൾ, അവസരങ്ങൾ; സംരംഭകത്വം അപകടസാധ്യതയേറിയ പാതയായി കണക്കാക്കപ്പെട്ടിരുന്നു.

**2026**

**ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ**


സ്റ്റാർട്ടപ്പുകൾ 2.3+ ലക്ഷം

യൂണികോൺ 127

കഴിഞ്ഞ 12 വർഷത്തിനിടെ സ്റ്റാർട്ടപ്പുകൾ 21 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.

**രാജ്യവ്യാപകമായ നൂതനാശയ ആവാസവ്യവസ്ഥയോടെ:**

'സ്റ്റാർട്ടപ്പ് ഇന്ത്യ', 'ഫണ്ട് ഓഫ് ഫണ്ട്സ്' എന്നിവയിലൂടെ സംരംഭകത്വത്തിന് ഉത്തേജനം ലഭിച്ചു; അടൽ ടിങ്കറിംഗ് ലാബുകളിലൂടെ നൂതനാശയ സംസ്കാരം വ്യാപിപ്പിച്ചു; ജൻ വിശ്വാസ് നിയമം വഴി നിയമങ്ങൾ ലഘൂകരിച്ചു; ബഹിരാകാശ മേഖലയിലെ പരിഷ്കാരങ്ങൾ ഏകദേശം 200 ബഹിരാകാശ സ്റ്റാർട്ടപ്പുകൾക്ക് ഉത്തേജനം നൽകി.



വ്യക്തികളെ തൊഴിൽ അന്വേഷകരിൽ നിന്ന് തൊഴിൽ ദാതാക്കളാക്കി മാറ്റുന്നതിന് ഈ നയം ഊന്നൽ നൽകുന്നു അടിസ്ഥാനപരമായി ചിന്താഗതികളിലും സമീപനങ്ങളിലും മാറ്റം വരുത്താനുള്ള ശ്രമമാണിത്. വിദ്യാഭ്യാസത്തോടൊപ്പം, വിവിധ മേഖലകളിൽ യുവാക്കൾക്ക് പ്രത്യേക അവസരങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ കഴിഞ്ഞ 12 വർഷമായി കേന്ദ്ര ഗവണ്മെന്റ് സമഗ്രമായ സമീപനം സ്വീകരിച്ചുകൊണ്ട് സുപ്രധാന ചുവടുവെപ്പുകൾ നടത്തിയിട്ടുണ്ട്. സ്കിൽ മിഷനിലൂടെ പുതിയ ഇന്ത്യ നൈപുണ്യമുള്ളതായി മാറുന്നു

യുവാക്കൾക്ക് അവരുടെ വിദ്യാഭ്യാസം, കഴിവുകൾ, അഭിലാഷങ്ങൾ എന്നിവയ്ക്ക് അനുയോജ്യമായ തൊഴിൽ ഉറപ്പാക്കുക എന്നത് കേന്ദ്ര ഗവണ്മെന്റിന്റെ മുൻഗണനയാണ്. രാജ്യത്തെ തൊഴിലവസരങ്ങളുടെ വളർച്ച പ്രത്യക്ഷവും പരോക്ഷവുമായ വിവിധ സൂചകങ്ങളിലൂടെ വ്യക്തമാണ്. ശക്തമായ സാമ്പത്തിക നയങ്ങൾ ദശലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു. പ്രധാൻ മന്ത്രി കൗശൽ യോജനയ്ക്ക് കീഴിൽ ആളുകൾക്ക് നൈപുണ്യ പരിശീലനം നൽകിവരുന്നു. ഈ പദ്ധതികൾ നിരവധി മേഖലകളിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ്. സ്വയം തൊഴിലിനുള്ള അവസരങ്ങളും ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു, ഇത് കേന്ദ്ര ഗവണ്മെന്റിലുള്ള യുവാക്കളുടെ ആത്മവിശ്വാസത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. യുവാക്കളെ ഭാവിയിലേക്ക് സജ്ജരാക്കുന്നതിന്, തുടർച്ചയായ അപ്സ്കില്ലിംഗ്, റീസ്കില്ലിംഗ്, സ്കിൽ ബിൽഡിംഗ് എന്നിവ ആവശ്യമാണ്. ഈ ദർശനം മുൻനിർത്തി ഇന്ത്യയിലുടനീളം നൈപുണ്യ മാപ്പിംഗ് നടത്തിവരുന്നു. ഇന്ത്യയിലെ യുവാക്കൾക്ക് വിവിധ മേഖലകൾക്ക് അനുയോജ്യമായ കഴിവുകൾ ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനായി രാജ്യത്തുടനീളം ഉന്നതവിദ്യാഭ്യാസ-നൈപുണ്യ വികസന സ്ഥാപനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്ഥാപിച്ചുവരുന്നു. കൂടാതെ, 2014-നും 2026-നും ഇടയിൽ ഓരോ വർഷവും ഓരോ പുതിയ ഐഐടിയും ഐഐഎമ്മും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

## 'ഖേലോ ഇന്ത്യ' രാജ്യത്തിന്റെ കായിക ഭാവി രൂപപ്പെടുത്തുന്നു

- പരിശീലനം, കായിക ഉപകരണങ്ങൾ, കായിക ശാസ്ത്രം, സാമ്പത്തിക സഹായം എന്നിവ കായികതാരങ്ങളുടെ വികസനത്തിന് കരുത്തേകിയിട്ടുണ്ട്. കായികരംഗം ഇപ്പോൾ മാന്യമായ ഒരു തൊഴിലായി ഉയർന്നുവരികയാണ്; ഇന്ത്യയുടെ ലക്ഷ്യം ഇനി പങ്കാളികളാവുക എന്നതല്ല, വിജയിക്കുക എന്നതാണ്.
- 'ഫിറ്റ് ഇന്ത്യ ഫ്രീഡം റൺ', 'ഫിറ്റ് ഇന്ത്യ സ്കൂൾ വീക്ക്', 'ഫിറ്റ് ഇന്ത്യ ക്വിസ്' എന്നിവയിൽ 23.68 കോടിയിലധികം ആളുകൾ പങ്കെടുത്തു.

**4.5**
ലക്ഷത്തിലധികം സ്കൂളുകൾക്ക് 'ഫിറ്റ് ഇന്ത്യ സ്കൂൾ ഫ്ളാഗ്' ബഹുമതി ലഭിച്ചു.

## ആഗോള വേദിയിൽ ഇന്ത്യ വ്യക്തിമുദ്ര പതിപ്പിക്കുന്നു

'ഖേലോ ഇന്ത്യ' പദ്ധതിക്ക് കീഴിൽ
**30,752**
കായികതാരങ്ങൾക്ക് പിന്തുണ നൽകുന്നു

ഏഷ്യൻ ഗെയിംസിൽ
**107**
മെഡലുകൾ എന്ന റെക്കോർഡ് നേട്ടം





പാരീസ് പാരാലിമ്പിക്സിൽ
**29**
മെഡലുകൾ

ഇന്ത്യയിലെ പ്രഥമ ദേശീയ കായിക സർവകലാശാല 2018 ൽ മണിപ്പൂരിലെ ഇംഫാലിൽ സ്ഥാപിതമായി



കഴിഞ്ഞ 12 വർഷമായി സർവ്വകലാശാലകളുടെയും കോളേജുകളുടെയും എണ്ണം തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കോളേജുകളുടെ എണ്ണത്തിലുണ്ടായ ഈ വർദ്ധനവ് സ്വാഭാവികമായും ലഭ്യമായ സീറ്റുകളുടെ എണ്ണം വർദ്ധിക്കുന്നതിനും യുവാക്കൾക്ക് ഉന്നതവിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ വിപുലമാകുന്നതിനും കാരണമായി. വിവിധ നൈപുണ്യ വികസന പദ്ധതികൾക്ക് കീഴിൽ രാജ്യത്തുടനീളമുള്ള 6 കോടിയിലധികം യുവാക്കൾക്ക് നൈപുണ്യ പരിശീലനം ലഭിച്ചിട്ടുണ്ട്.

**കായികരംഗം: ഒരു പുതിയ തൊഴിൽ സംസ്കാരം**

ഓരോ മേഖലയിലും യുവാക്കൾക്കായി തുറക്കപ്പെടുന്ന പുതിയ അവസരങ്ങളുടെ കരുത്തിൽ, കഴിഞ്ഞ 12 വർഷത്തിനിടെ ഇന്ത്യൻ കായികരംഗത്ത് ഒരു പുതിയ യുഗം പിറന്നിരിക്കുന്നു. ഈ പുതിയ ഘട്ടം ഇന്ത്യയെ പ്രധാന കായിക ശക്തിയായി മാറ്റുക എന്നതുമാത്രമല്ല ലക്ഷ്യമിടുന്നത്; കായികരംഗത്തിലൂടെ സമൂഹത്തെ മൊത്തത്തിൽ ശക്തിപ്പെടുത്തുകയും ശാക്തീകരിക്കുകയും ചെയ്യുക എന്നതൊരു വലിയ ദൗത്യമാണ്. രാജ്യം കായികമേഖലയെ തികഞ്ഞ ഉദാസീനതയോടെ വീക്ഷിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു, മാത്രമല്ല ഇതൊരു മികച്ച കരിയർ പാതയായി വളരെ കുറച്ചുപേർ മാത്രമേ കരുതിയിരുന്നുള്ളൂ. കായിക മേഖലയ്ക്ക് ഗവൺമെന്റിൽ നിന്ന് ആവശ്യമായ പിന്തുണയും സഹകരണവും ലഭിക്കാതിരുന്നതാണ് ഇതിന് പ്രധാന കാരണം. തൽഫലമായി, ദരിദ്ര, മധ്യവർഗ്ഗ, ഗ്രാമീണ പശ്ചാത്തലങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് കായികരംഗത്ത് മുന്നേറുക എന്നത് അത്യന്തം പ്രയാസകരമായിരുന്നു. ഭൂരിഭാഗം മാതാപിതാക്കളും തങ്ങളുടെ മക്കൾ സുരക്ഷിതമായ ജീവിതം നൽകുന്ന തൊഴിലുകൾ തിരഞ്ഞെടുക്കണമെന്ന് വിശ്വസിച്ചിരുന്നു, എന്നാൽ സാമൂഹിക മനോഭാവത്തിൽ പിന്നീട് വലിയൊരു മാറ്റം സംഭവിച്ചു. വ്യക്തിഗത പുരോഗതിക്കുള്ള ആകർഷകമായ തൊഴിലായി കായികരംഗം ഇന്ന് കണക്കാക്കപ്പെടുന്നു, 'ഖേലോ ഇന്ത്യ' കാമ്പെയ്നാണ് ഈ മാറ്റത്തിന് പ്രധാനമായും കാരണമായത്.

## പ്രധാൻമന്ത്രി മുദ്ര യോജന

പദ്ധതി ആരംഭിച്ചതു മുതൽ ഇതുവരെ 40 ലക്ഷം കോടിയിലധികം രൂപയുടെ

**57.7** കോടി വായ്പകൾ അനുവദിച്ചു



വായ്പകളുടെ എണ്ണത്തിൽ 28% വർദ്ധന

| 2015-16 | 2025-26 |
|---|---|
| 3.49 കോടി | 4.49 കോടി |

വായ്പാ തുകയിൽ 312% വർദ്ധന


| 2015-16 | 2025-26 |
|---|---|
| ₹1.37 ലക്ഷം കോടി | ₹5.65 ലക്ഷം കോടി |

## വേഗത്തിലുള്ള തൊഴിലവസര ലഭ്യത

ഇതിലൂടെ

**12.5** ലക്ഷത്തിലധികം നിയമന ഉത്തരവുകൾ വിതരണം ചെയ്തു

**19** റോസ്ഗർ മേളകൾ



- 3.5 കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പിന്തുണയോടെ 2025 ഓഗസ്റ്റിൽ പ്രധാൻമന്ത്രി വികാസ് ഭാരത് റോസ്ഗാർ യോജന ആരംഭിച്ചു. ഈ പദ്ധതിക്കായി ഗവണ്മെന്റ് ഒരു ലക്ഷം കോടി രൂപ ചിലവഴിക്കും.
- 2025-26 ൽ നാഷണൽ കരിയർ സർവീസ് പോർട്ടലിൽ 3.43 കോടിയിലധികം തൊഴിലവസരങ്ങൾ ലഭ്യമാക്കി. ഈ പോർട്ടൽ ഒരു ഡിജിറ്റൽ തൊഴിൽ വിപണിയായി പ്രവർത്തിക്കുന്നു.

**1.5** അഗ്നിവീർ പദ്ധതിക്ക് കീഴിൽ ഇതിനകം തന്നെ ലക്ഷക്കണക്കിന് അഗ്നിവീർമാരെ സൈന്യത്തിൽ ചേർത്തു



***സാൻസിബാറിലും അബുദാബിയിലുമായി ഇന്ത്യ രണ്ട് അന്താരാഷ്ട്ര ഐഐടി കാമ്പസുകൾ ആരംഭിച്ചിട്ടുണ്ട്, അതോടൊപ്പം ഐഐഎം അഹമ്മദാബാദ്, ദുബായിൽ ഒരു ക്യാമ്പസും തുറന്നിട്ടുണ്ട്. 15 വിദേശ സർവ്വകലാശാലകൾ ഇന്ത്യയിൽ ക്യാമ്പസുകൾ തുറക്കുമെന്ന് പ്രതീക്ഷിക്കുന്നു.***

പ്രധാനമന്ത്രി മോദിയുടെ ശ്രമങ്ങൾ രാജ്യത്തിന്റെ ചിന്താഗതിയെത്തന്നെ മാറ്റിമറിച്ചിരിക്കുന്നു. കായികരംഗത്ത് കരിയർ കെട്ടിപ്പടുക്കുന്നതിന് വഴിയൊരുക്കുന്ന നയങ്ങളാണ് കേന്ദ്ര ഗവണ്മെന്റ് രൂപീകരിച്ചത്. ഇതിന്റെ ഫലമായി ടോക്കിയോ ഒളിമ്പിക്സിൽ ഏഴ് മെഡലുകൾ നേടി ഇന്ത്യ ചരിത്രത്തിലെ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെച്ചു. പാരിസ് ഒളിമ്പിക്സിലും ഇന്ത്യ ആറ് മെഡലുകൾ സ്വന്തമാക്കി. ടോക്കിയോ പാരാലിമ്പിക്സിൽ 19 മെഡലുകൾ നേടിയ ഇന്ത്യ, തുടർന്ന് നടന്ന പാരിസ് പാരാലിമ്പിക്സിൽ 29 മെഡലുകളുടെ വൻ നേട്ടവും കൈവരിച്ചു. 'പ്രതിജ്ഞാബദ്ധരാകുക, കീഴടക്കുക; പ്രതിബദ്ധരാകുക, പോരാട്ടത്തിൽ വിജയിക്കുക' എന്നതാണ് 'പുതിയ ഇന്ത്യ'യുടെ മന്ത്രം. പാരാലിമ്പിക്സിന്റെ ചരിത്രത്തിൽ രാജ്യം ഇതുവരെ നേടിയിട്ടുള്ളതിനേക്കാൾ കൂടുതൽ മെഡലുകളാണ് ഇത്തവണ സ്വന്തമാക്കിയത്. യുവാക്കൾക്കിടയിലുണ്ടായ പുതിയ ആത്മവിശ്വാസത്തിന്റെ കരുത്തിൽ ഒളിമ്പിക്സിലെ പ്രകടനവും മികച്ചതായിരുന്നു. കേന്ദ്ര ഗവണ്മെന്റിന്റെ ടോപ്സ് പദ്ധതിയിലൂടെ വിവിധ കായിക ഇനങ്ങളിലെ അത്‌ലറ്റുകൾക്ക് പിന്തുണയും പ്രോത്സാഹനവും ലഭിച്ചുവരുന്നു. കായിക മേഖലയിൽ ആഗോളശക്തിയായി ഇന്ത്യയെ മാറ്റുന്നതിനുള്ള സുപ്രധാന ചുവടുവെപ്പായി ദേശീയ കായിക നയം-2025 ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്.

> വികസിത ഇന്ത്യ, ശക്തമായ ഇന്ത്യ എന്നതാണ് ഇന്ന് രാജ്യത്തിന്റെ ലക്ഷ്യം! വികസിത ഇന്ത്യ എന്ന സ്വപ്നം യാഥാർത്ഥ്യമാകുന്നതുവരെ നാം വിശ്രമിക്കരുത്. ഓരോ യുവാവും ഈ സ്വപ്നം തങ്ങളുടേതായി ഏറ്റെടുക്കുമെന്നും ഈ ദേശീയ ഉത്തരവാദിത്തം ശിരസ്സാവഹിക്കുമെന്നും എനിക്ക് പൂർണ്ണ വിശ്വാസമുണ്ട്.
>
> *- പ്രധാനമന്ത്രി നരേന്ദ്ര മോദി*



**സ്റ്റാർട്ടപ്പിൽ നിന്ന് യൂണികോണിലേക്കുള്ള പ്രയാണം**

കഴിഞ്ഞ 12 വർഷത്തിനിടെ തൊഴിലിന്റെ സ്വഭാവത്തിലും ദ്രുതഗതിയിലുള്ള മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്കിടയിൽ യുവാക്കൾക്കായി പുതിയ മേഖലകൾ ഉയർന്നുവന്നിട്ടുണ്ട്, കേന്ദ്ര ഗവൺമെന്റ് അവരെ നിരന്തരം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. കഴിഞ്ഞ 12 വർഷമായി രാജ്യം സ്റ്റാർട്ടപ്പ് സംസ്കാരത്തിൽ ഒരു വിപ്ലവത്തിനാണ് സാക്ഷ്യം വഹിക്കുന്നത്; 2014-ൽ സ്റ്റാർട്ടപ്പുകളുടെ എണ്ണം നൂറുകളിൽ മാത്രമായിരുന്നെങ്കിൽ, ഇപ്പോൾ അത് 2,00,000 കടന്നിരിക്കുന്നു. ഈ സ്റ്റാർട്ടപ്പുകൾ കുറഞ്ഞത് 2.1 ദശലക്ഷം യുവാക്കൾക്കെങ്കിലും തൊഴിൽ നൽകിയിട്ടുണ്ടെന്നാണ് കണക്കാക്കുന്നത്. ഡ്രോൺ മേഖലയിലും ഈ കാലയളവിൽ ഗണ്യമായ മുന്നേറ്റമുണ്ടായിട്ടുണ്ട്, വളപ്രയോഗം മുതൽ മരുന്നുകൾ വിതരണം ചെയ്യുന്നതുവരെയുള്ള ആവശ്യങ്ങൾക്കായി ഡ്രോണുകൾ കൂടുതലായി ഉപയോഗിച്ചുവരുന്നു. കഴിഞ്ഞ 12 വർഷത്തിനിടയിൽ, മുദ്ര യോജനയ്ക്ക് കീഴിൽ ഇന്ത്യാ ഗവണ്മെന്റ് 57 കോടിയിലധികം വായ്പകൾ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ സഹായത്തോടെ ഏകദേശം 12 കോടി ആളുകൾ സ്വന്തമായി സംരംഭങ്ങൾ ആരംഭിച്ചു. പിഎൽഐ പദ്ധതിക്ക് കീഴിൽ, നിർമ്മാണ മേഖലയ്ക്കായി കേന്ദ്ര ഗവൺമെന്റ് ഏകദേശം 2 ലക്ഷം കോടി രൂപയുടെ പിന്തുണയാണ് നൽകുന്നത്; ഇത് ഇന്ത്യയെ ഒരു ആഗോള നിർമ്മാണ ഹബ്ബാക്കി മാറ്റാൻ സഹായിക്കുക മാത്രമല്ല, ദശലക്ഷക്കണക്കിന് യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

**യുവ ശക്തിയ്ക്ക് പുതിയ അവസരങ്ങൾ**

ഉത്സാഹവും ആവേശവും നിറഞ്ഞ യുവാക്കൾക്ക് എപ്പോഴും മുൻഗണന നൽകുന്ന രാജ്യമാണിത്. ആധുനിക ഇന്ത്യ അതിന്റെ എല്ലാ യുവ പൗരന്മാർക്കും-രാജ്യത്തിന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ സഹായിക്കുന്ന-ഒരു വേദിയൊരുക്കാൻ കഠിനമായി ശ്രമിക്കുകയാണ്. ഇന്ത്യയുടെ ഡിജിറ്റൽ, സ്റ്റാർട്ടപ്പ്, നിർമ്മിതബുദ്ധി ഉൾപ്പെടെയുള്ള നൂതനാശയ വിപ്ലവങ്ങളുടെ പ്രധാന ഗുണഭോക്താക്കൾ യുവാക്കളാണ്. പ്രതിരോധ മേഖലയിൽ ഇന്ത്യ വരുത്തുന്ന തുടർച്ചയായ പുരോഗതിയും രാജ്യത്തെ യുവാക്കൾക്ക് പ്രയോജനപ്പെടുന്നുണ്ട്. അസാൾട്ട് റൈഫിളുകളും ബുള്ളറ്റ് പ്രൂഫ് ജാക്കറ്റുകളും വരെ ഇറക്കുമതി ചെയ്യേണ്ടിവന്നിരുന്ന ഒരു കാലമുണ്ടായിരുന്നു; ഇന്ന് സായുധ സേനയ്ക്ക് ആവശ്യമായ നൂറുകണക്കിന് സാധനങ്ങൾ ഇന്ത്യയ്ക്കുള്ളിൽ തന്നെയാണ് നിർമ്മിക്കുന്നത്. ഈ ഉദ്യമങ്ങളെല്ലാം ഇന്ത്യയിലെ യുവാക്കൾക്ക് പുതിയ സാധ്യതകൾ തുറന്നു നൽകിയിട്ടുണ്ട്. അടുത്തിടെ, രാജ്യം ബഹിരാകാശ മേഖലയുടെ വാതിലുകൾ യുവ പ്രതിഭകൾക്കായി തുറന്നുകൊടുത്തു, അതിന്റെ ഫലമായി ആദ്യത്തെ സ്വകാര്യ ഉപഗ്രഹം അതിവേഗം വിക്ഷേപിക്കാൻ സാധിച്ചു. സമാനമായി, ആനിമേഷൻ, ഗെയിമിംഗ് മേഖലകളും കഴിവുറ്റ യുവാക്കൾക്കുള്ള അവസരങ്ങൾ വിപുലമാക്കിയിട്ടുണ്ട്. വിനോദവും ലോജിസ്റ്റിക്സും മുതൽ കൃഷി വരെയുള്ള എല്ലാ മേഖലകളിലും ഡ്രോൺ സാങ്കേതികവിദ്യ ഇന്ന് കടന്നുവരികയാണ്.

കഴിഞ്ഞ 12 വർഷത്തിനിടെ, പോലീസിലും അർദ്ധസൈനിക വിഭാഗങ്ങളിലും ഉള്ള വനിതകളുടെ എണ്ണം ഏകദേശം ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ട്.

സായുധ സേനയുടെ മൂന്ന് വിഭാഗങ്ങളിലും മുൻനിരകളിൽ വനിതകളെ വിന്യസിക്കുന്നതിനുള്ള വഴി തുറന്നിരിക്കുന്നു. ചരിത്രത്തിലാദ്യമായി ഇപ്പോൾ വനിതകൾ 'അഗ്നിവീർ'മാരായും നാവികരായും ഇന്ത്യൻ നാവികസേനയിൽ ചേർന്നു കഴിഞ്ഞു. സായുധ സേനയിലെ പോരാട്ട നിരയിലേയ്ക്കും വനിതകൾ പ്രവേശിച്ചു തുടങ്ങിയിട്ടുണ്ട്. സൈനിക് സ്കൂളുകളിൽ പെൺകുട്ടികൾക്ക് പ്രവേശനം നൽകുന്നതിനും കേന്ദ്ര ഗവണ്മെന്റ് അനുമതി നൽകി. ഇതിന്റെ ഫലമായി, നാഷണൽ ഡിഫൻസ് അക്കാദമിയിൽ പരിശീലനം നേടിയ 17 വനിതാ കേഡറ്റുകളുടെ ആദ്യ ബാച്ച് മെയ് 28 നും ജൂൺ 13 നും ഇടയിൽ പ്രതിരോധ സേനകളിൽ ഓഫീസർമാരായി നിയമിതരായി. ഈ കേഡറ്റുകൾ 2022 ഓഗസ്റ്റിലാണ് എൻഡിഎയിൽ ചേർന്നത്. ഈ നേട്ടം രാജ്യത്തുടനീളമുള്ള ഭാവി തലമുറയിലെ യുവതികൾക്ക് സൈന്യത്തിൽ കരിയർ തിരഞ്ഞെടുക്കുന്നതിന് വലിയ പ്രചോദനമാകും.

മുൻകാലങ്ങളിൽ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് ഒരു ഗസറ്റഡ് ഓഫീസറുടെ ആവശ്യം ഉണ്ടായിരുന്ന സ്ഥാനത്ത്, ഇന്ന് യുവാക്കൾക്ക് സ്വയം സാക്ഷ്യപ്പെടുത്താനുള്ള സൗകര്യങ്ങൾ ലഭ്യമാണ്. ഗ്രൂപ്പ്-സി, ഗ്രൂപ്പ്-ഡി തസ്തികകളിലെ റിക്രൂട്ട്മെന്റുകൾക്കുള്ള അഭിമുഖങ്ങൾ നിർത്തലാക്കി. സാങ്കേതികവിദ്യയുടെ ഈ യുഗത്തിൽ, രാജ്യത്തുടനീളമുള്ള ഗ്രാമങ്ങളിൽ യുവാക്കൾ പുതിയ ഡിജിറ്റൽ സംരംഭകരായി ഉയർന്നു വരുകയാണ്. കേന്ദ്ര ഗവണ്മെന്റ് പദ്ധതികൾ രാജ്യവ്യാപകമായി തൊഴിലവസരങ്ങളും സ്വയം തൊഴിലവസരങ്ങളും തുടർച്ചയായി വർദ്ധിപ്പിച്ചു വരുന്നു. കൂടാതെ, യുവാക്കൾക്ക് ഗവൺമെന്റിൽ 10 ലക്ഷം സ്ഥിരം ജോലികൾ നൽകുന്നതിനായി കേന്ദ്ര ഗവണ്മെന്റ് 'റോസ്ഗാർ മേളകൾ' ആരംഭിച്ചു; ഈ പരിപാടികളിലൂടെ 12 ലക്ഷത്തിലധികം നിയമന ഉത്തരവുകൾ ഇതിനകം തന്നെ കൈമാറിക്കഴിഞ്ഞു. 'പിഎം വികസിത് ഭാരത് റോസ്ഗാർ യോജന' പോലുള്ള പദ്ധതികൾ ഇന്ന് ഇതിന്റെ അടിത്തറയായി മാറിയിരിക്കുന്നു. ഇത്രയും വലിയൊരു യുവശക്തി രാഷ്ട്രനിർമ്മാണത്തിൽ ഏർപ്പെടുമ്പോൾ, ഒരു ലക്ഷ്യവും കൈയെത്താദൂരത്താകില്ല. അടുത്തിടെ നിർദ്ദേശിക്കപ്പെട്ട ദേശീയ യുവജന നയം 2025-ന്റെ ചട്ടക്കൂട്, നൈപുണ്യങ്ങൾ, സംരംഭകത്വം, നേതൃത്വം, പൗര പങ്കാളിത്തം, ഡിജിറ്റൽ പങ്കാളിത്തം, സുസ്ഥിര വികസനം എന്നിങ്ങനെ ഭാവിക്ക് അത്യന്താപേക്ഷിതമായ വളർന്നുവരുന്ന മുൻഗണനകൾക്ക് പുതിയ ഊന്നൽ നൽകുന്നു.

## യുവജനങ്ങൾക്കായുള്ള തൊഴിൽ നൈപുണ്യ പരിശീലന അവസരങ്ങൾ

2015 ൽ സ്കിൽ ഇന്ത്യ മിഷൻ ആരംഭിച്ചു. കരുത്തുറ്റ ഒരു നൈപുണ്യ വികസന ശൃംഖലയിലൂടെ നൈപുണ്യം വളർത്തുന്നതിനും, പുനർ-നൈപുണ്യത്തിനും, നൈപുണ്യ വികസനത്തിനുമുള്ള പരിശീലനം സ്കിൽ ഇന്ത്യ മിഷന് കീഴിൽ നൽകിവരുന്നു. ഈ മിഷന്റെ ഭാഗമായുള്ള ക്രമീകരണങ്ങൾ വിവിധ തലങ്ങളിലായി ലഭ്യമാക്കിയിട്ടുണ്ട്...

- പ്രധാനമന്ത്രി കൗശൽ വികാസ് യോജന
- ജൻ ശിക്ഷൺ സൻസ്ഥാൻ
- നാഷണൽ അപ്രന്റീസ്ഷിപ്പ് പ്രൊമോഷൻ സ്കീം
- ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലെ ക്രാഫ്റ്റ്സ്മാൻ പരിശീലന പദ്ധതി

**2.31**



**'സ്കിൽ ഡെവലപ്മെന്റ് ഫോർ എഐ റെഡിനസ്' പ്രോഗ്രാമിൽ 2.31 ലക്ഷം പേർ ചേർന്നു; 6 മുതൽ 12 വരെ ക്ലാസുകളിലെ സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള അടിസ്ഥാന നിർമ്മിതബുദ്ധി നൈപുണ്യ കോഴ്സാണിത്.**

**പ്രധാനമന്ത്രി ഇന്റേൺഷിപ്പ് പദ്ധതിക്ക് കീഴിൽ**

**63,000**

**അവസരങ്ങൾ ലഭ്യമാണ്. യുവാക്കൾക്ക് വ്യവസ്ഥാപിതവും വേതനത്തോടു കൂടിയതുമായ ഇന്റേൺഷിപ്പ് അവസരങ്ങൾ നൽകുന്നതിനായി 2024 ഒക്ടോബറിലാണ് ഈ പദ്ധതി ആരംഭിച്ചത്.**


**ഇപിഎഫ്ഒ കണക്കുകൾ പ്രകാരം 18-28 വയസ്സിനിടയിലുള്ള**

**3.45**

**കോടിയിലധികം യുവാക്കൾ ഔദ്യോഗിക തൊഴിൽ മേഖലയുടെ ഭാഗമായി മാറി.**








## ദേശീയ യുവജന നയം...

ദേശീയ യുവജന നയം (NYP) 2014 രാജ്യത്തെ യുവജന വികസനത്തിന് അടിത്തറയിട്ടു. ഈ നയം 'യുവജനങ്ങൾ' എന്നതിനെ 15-29 വയസ്സിനിടയിലുള്ള വ്യക്തികളായി നിർവചിച്ചു. വിദ്യാഭ്യാസം, തൊഴിൽ, നൈപുണ്യ വികസനം, ആരോഗ്യം, കായികം, സാമൂഹിക ഇടപെടൽ, ശാക്തീകരണം എന്നീ മേഖലകളിലുടനീളമുള്ള ഉൾച്ചേർക്കലിലും സ്ഥാപനപരമായ ശക്തിപ്പെടുത്തലിലുമാണ് ഇത് ശ്രദ്ധ കേന്ദ്രീകരിച്ചത്.



വാസ്തവത്തിൽ, ഏതൊരു രാജ്യത്തെയും മുന്നോട്ട് നയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഊർജ്ജസ്വലതയെ പ്രതിനിധീകരിക്കുന്നത് യുവജനങ്ങളാണ്. ജീവിതത്തിലെ ഈ ഘട്ടം അത്യുത്സാഹത്താലും അഭിനിവേശത്താലും സവിശേഷമാണ്. ഇത് സ്വപ്നങ്ങൾ നിറഞ്ഞ കാലഘട്ടമാണ്; ആ സ്വപ്നങ്ങൾ ദൃഢനിശ്ചയമായി മാറുകയും, ആ ദൃഢനിശ്ചയത്തിനായി ജീവിതം സമർപ്പിക്കുകയും ചെയ്യുമ്പോൾ വിജയം കൈവരിക്കുന്നു. ഇന്ത്യയിലെ യുവാക്കളെ സംബന്ധിച്ചിടത്തോളം ഇത് പുതിയ അവസരങ്ങളുടെ സമയമാണ്. ഇന്ത്യയുടെ സുവർണ്ണ നിമിഷം വന്നെത്തിക്കഴിഞ്ഞു എന്നൊരു വികാരം ഇന്ന് നിലനിൽക്കുന്നുണ്ട്; ലോകം മുഴുവൻ ഇന്ന് ഇന്ത്യയെ നോക്കിക്കാണുകയാണ്. ഇതിന് പിന്നിലെ പ്രധാന കാരണം ഇന്ത്യയുടെ യുവശക്തിയാണ്. യഥാർത്ഥ അർത്ഥത്തിൽ,

> **ലോകം ഇന്ന് അതീവ വിശ്വാസത്തോടെയാണ് ഇന്ത്യയിലെ യുവജനങ്ങളെ നോക്കിക്കാണുന്നത്. ഈ വിശ്വാസത്തിന് കാരണം ഇന്ത്യയിലെ യുവാക്കളുടെ നൈപുണ്യവും മൂല്യങ്ങളുമാണ്**
>
> *- പ്രധാനമന്ത്രി നരേന്ദ്ര മോദി*

ഇന്ത്യയുടെ വികസന യാത്രയുടെ ചാലകശക്തി യുവശക്തി തന്നെയാണ്. തൽഫലമായി, എല്ലാവരെയും ഉൾക്കൊള്ളുന്ന പുരോഗതി ലക്ഷ്യമിടുന്ന ഒരു രാജ്യത്തിന്, അതിന്റെ യുവശക്തിയുടെ സമഗ്രമായ വികസനത്തിനായി നിക്ഷേപം നടത്തുന്നതിൽനിന്ന് മാറിനിൽക്കാൻ കഴിയില്ല.

ലോകത്തിൽ വച്ച് ഏറ്റവും കൂടുതൽ യുവജനസംഖ്യയുള്ളത് ഇന്ത്യയിലാണ്. ഇത്രയും വലിയ യുവശക്തിയുള്ള രാജ്യത്തിന് ചെറിയ സ്വപ്നങ്ങൾ കാണാൻ കഴിയില്ല. അതിനാൽ, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദർശനത്തിന് അനുസൃതമായി, വലുതായി ചിന്തിക്കാനും വലുതായി സ്വപ്നം കാണാനും ആ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനും യുവാക്കളെ ശാക്തീകരിക്കുന്നു. ഈ ദർശനത്താൽ നയിക്കപ്പെടുന്ന കേന്ദ്ര ഗവണ്മെന്റ്, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ, ക്ഷേമ നയങ്ങളിലൂടെയും ദീർഘവീക്ഷണത്തിലൂടെയും യുവാക്കളുടെ കഴിവുകളെ അംഗീകരിക്കുകയും അതോടൊപ്പം അവരുടെ ആഗ്രഹങ്ങൾ നിറവേറ്റുന്നതിനുള്ള അവസരങ്ങൾ ഒരുക്കി നൽകുകയും ചെയ്യുന്നു.

പുതിയ ദേശീയ വിദ്യാഭ്യാസ നയമാകട്ടെ, നൈപുണ്യ വികസന മിഷനാകട്ടെ, സ്റ്റാർട്ടപ്പ് വിപ്ലവമാകട്ടെ, അല്ലെങ്കിൽ യുവാക്കളുടെ സ്വപ്നങ്ങൾക്ക് ചിറകേകാൻ രൂപകൽപ്പന ചെയ്ത നയങ്ങളാകട്ടെ-ഇന്ന്, കേന്ദ്ര ഗവണ്മെന്റിന്റെ ആത്മാർത്ഥമായ ഉദ്ദേശ്യത്താലും പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നതിനാലും പ്രചോദിതരായി, യുവാക്കൾ രാജ്യത്തിന്റെ പുരോഗതിയുടെ ചാലകശക്തികളായി മാറുകയാണ്.



കേന്ദ്ര മന്ത്രിസഭാ തീരുമാനങ്ങൾ

# ഡൽഹിക്ക് ആറ് വരി തുരങ്ക പാത, യുപിക്ക് പുതിയ ഹൈവേ

പ്രതീകാത്മക ചിത്രം

*ശക്തമായ കണക്റ്റിവിറ്റിയും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും യാത്ര എളുപ്പമാക്കുക മാത്രമല്ല, വ്യാപാരം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇത് സമയം ലാഭിക്കുകയും കുറഞ്ഞ ഇന്ധന ഉപഭോഗത്തിലൂടെ മലിനീകരണം കുറയ്ക്കുകയും ചെയ്യുന്നു. റോഡ് എന്നത് വെറുമൊരു പാത മാത്രമല്ല; അത് പ്രദേശം മുഴുവനുമുള്ള വ്യാപാരം, വ്യവസായം, വെയർഹൗസിംഗ്, ലോജിസ്റ്റിക്സ് എന്നിവയ്ക്കായി പുതിയ വഴികൾ തുറക്കുന്നു എന്ന് പ്രധാന മന്ത്രി നരേന്ദ്ര മോദി പലപ്പോഴും പറയാറുണ്ട്. ഈ ദർശനത്തിന് അനുസൃതമായി, ജൂലൈ 1-ന് ഡൽഹിക്കും ഉത്തർപ്രദേശിനുമായി 14,000 കോടി രൂപയുടെ രണ്ട് പദ്ധതികൾക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. ഈ തീരുമാനം ഡൽഹിയിൽ ആറുവരി തുരങ്കപാതയ്ക്കും ഉത്തർപ്രദേശിൽ നാലുവരി, പ്രവേശന നിയന്ത്രിത ഗ്രീൻഫീൽഡ് ഹൈവേയ്ക്കും വഴിയൊരുക്കുന്നു...*




**തീരുമാനം: ഹൈബ്രിഡ് ആനുവിറ്റി മോഡ് (HAM) ഉപയോഗിച്ച് NH(O) പദ്ധതിക്ക് കീഴിൽ, ദ്വാരക അതിവേഗ പാതയെ (NH-248BB) ഡൽഹിയിലെ വസന്ത് കുഞ്ച്, നെൽസൺ മണ്ടേല മാർഗുമായി ബന്ധിപ്പിക്കുന്ന NH-148AE-ൽ 6 വരി തുരങ്ക പാത നിർമ്മിക്കുന്നതിന് അംഗീകാരം നൽകി.**

**സ്വാധീനം:** 6,969.67 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ഈ പദ്ധതിക്ക് 8.1 കിലോമീറ്റർ നീളമുണ്ടാകും.

- ദ്വാരക അതിവേഗ പാതയിലെ ശിവമൂർത്തി ഇന്റർചേഞ്ചിനെ നെൽസൺ മണ്ടേല മാർഗുമായും വസന്ത് കുഞ്ചുമായും ഈ പദ്ധതി ബന്ധിപ്പിക്കും.
- ഇത് പടിഞ്ഞാറൻ ഡൽഹിയും ദക്ഷിണ ഡൽഹിയും തമ്മിൽ അതിവേഗ കണക്റ്റിവിറ്റി സാധ്യമാക്കും.
- ധൗല കുവാൻ-ഐജിഐ എയർപോർട്ട്, മഹിപാൽപൂർ-മഹിപാൽപൂർ/ ഐജിഐ എയർപോർട്ട്, രംഗ്പുരി എന്നിവിടങ്ങളിലെ ഗതാഗതക്കുരുക്ക് കുറയും.
- ഗുരുഗ്രാം, ദ്വാരക, ഐജിഐ എയർപോർട്ട്, പടിഞ്ഞാറൻ ഡൽഹി എന്നിവിടങ്ങളിൽ നിന്ന് ദക്ഷിണ ഡൽഹിയിലേക്കുള്ള ഗതാഗതത്തിന് ഇത് പ്രയോജനം ചെയ്യും.
- ഭൂഗർഭ ഇരട്ട തുരങ്ക രൂപകൽപ്പന ഉപരിതലത്തിലെ ഗതാഗത തടസ്സങ്ങൾ പരമാവധി കുറയ്ക്കും.
- സതേൺ റിഡ്ജ് വനമേഖല (തുരങ്കത്തിന്റെ 1.98 കിലോമീറ്റർ ഭാഗം റിഡ്ജിന് അടിയിലൂടെയാണ് കടന്നുപോകുന്നത്) സംരക്ഷിക്കപ്പെടും.
- പ്രതിദിനം ഏകദേശം 37,000 പാസഞ്ചർ കാർ യൂണിറ്റുകൾക്ക് (PCU) തുല്യമായ ഗതാഗതത്തിന് ഈ പദ്ധതി ഉപകരിക്കും. പിഎം ഗതി ശക്തി ഉദ്യമത്തിന് കീഴിൽ 6 സാമ്പത്തിക കേന്ദ്രങ്ങളെയും 4 ലോജിസ്റ്റിക്സ് ഹബ്ബുകളെയും തമ്മിൽ പരസ്പരം ബന്ധിപ്പിക്കുന്നതിന് പദ്ധതി സൗകര്യമൊരുക്കും.
- ദേശീയ പാതയുടെ ഓരോ ലെയ്ൻ കിലോമീറ്റർ വികസനവും ശരാശരി 264 നേരിട്ടുള്ള തൊഴിൽ ദിനങ്ങളും 55 പരോക്ഷ തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുമെന്നാണ് കണക്കാക്കുന്നത്.



*പ്രതീകാത്മക ചിത്രം*




**തീരുമാനം: ഉത്തർപ്രദേശിലെ കാൺപൂരിനും കബ്രായിക്കും ഇടയിലുള്ള NH-34 ന്റെ 4/6 വരി പ്രവേശന നിയന്ത്രിത ഭാഗം ബിഒടി (BOT - Toll) അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് അംഗീകാരം നൽകി. ഇതിന്റെ ആകെ മൂലധന ചെലവ് 7,145.14 കോടി രൂപയാണ്.**

**സ്വാധീനം:** ഭാവിയിൽ ആറുവരിയായി വികസിപ്പിക്കാൻ സാധിക്കുന്ന തരത്തിലുള്ള നാലുവരി പ്രവേശന നിയന്ത്രിത ഇടനാഴിയായിരിക്കും ഇത്. ഭോപ്പാൽ-കാൺപൂർ സാമ്പത്തിക ഇടനാഴിയുടെ ഭാഗമാണിത്.

- ഈ പദ്ധതി കാൺപൂരിനും കബ്രായിക്കും ഇടയിൽ തടസ്സമില്ലാത്തതും അതിവേഗത്തിലുള്ളതുമായ കണക്റ്റിവിറ്റി ലഭ്യമാക്കും.
- മധ്യപ്രദേശിലെ സാഗർ, ഭോപ്പാൽ തുടങ്ങിയ മറ്റ് ഭാഗങ്ങളിലേക്കുള്ള കണക്റ്റിവിറ്റിയെ ഇത് കൂടുതൽ ശക്തിപ്പെടുത്തും; ഉത്തർപ്രദേശിലെ വ്യാവസായ-വാണിജ്യ കേന്ദ്രങ്ങളെ മധ്യപ്രദേശിലെ ധാതു സമ്പന്നവും ഉത്പാദന-കാർഷിക മേഖലകളുമായും ബന്ധിപ്പിക്കുന്ന ആധുനിക പ്രവേശന നിയന്ത്രിത സാമ്പത്തിക ഇടനാഴി ഇത് സൃഷ്ടിക്കും.
- ഈ പദ്ധതി ഉത്തർപ്രദേശിലെ കാൺപൂർ, ഹമീർപൂർ ജില്ലകളെയും മധ്യപ്രദേശിലെ വികസനം കാംക്ഷിക്കുന്ന ജില്ലയായ മഹോബയെയും ഉൾക്കൊള്ളുന്നു.
- മണിക്കൂറിൽ 80-100 കിലോമീറ്റർ യാത്രാവേഗതയ്ക്കായി രൂപകൽപ്പന ചെയ്തിട്ടുള്ള ഈ ഇടനാഴി കാൺപൂരിനും കബ്രായിക്കും ഇടയിലുള്ള യാത്രാസമയം 3.5 മണിക്കൂറിൽ നിന്ന് 1.5 മണിക്കൂറായി കുറയ്ക്കും (58% കുറവ്).
- ഇത് റോഡ് സുരക്ഷ വർദ്ധിപ്പിക്കുകയും വാഹന പ്രവർത്തന ചെലവ് കുറയ്ക്കുകയും യാത്രക്കാരുടെയും ചരക്കുകളുടെയും കാര്യക്ഷമമായ ഗതാഗതം സുഗമമാക്കുകയും ചെയ്യും.

**എൻഡിഎ 3.0 ഭരണത്തിന് കീഴിൽ ആകെ 26 ലക്ഷം കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് അംഗീകാരം നൽകി.**

- പിഎം ഗതി ശക്തി ഉദ്യമത്തിന് കീഴിൽ 4 സാമ്പത്തിക ഹബ്ബുകളെയും 10 ലോജിസ്റ്റിക്സ് ഹബ്ബുകളെയും തമ്മിൽ പരസ്പരം ബന്ധിപ്പിക്കുന്നതിന് പദ്ധതി സൗകര്യമൊരുക്കും.
- നിർമ്മാണ ഘട്ടത്തിൽ, ഓരോ ലെയ്ൻ കിലോമീറ്ററിലും ഏകദേശം 11,188 പ്രത്യക്ഷവും 13,985 പരോക്ഷവുമായ തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.




# ഭാവി സമ്പദ്‌വ്യവസ്ഥയെ നയിക്കാൻ ഇന്ത്യ സജ്ജമാകുന്നു

*'വികസിത ഭാരതം' എന്ന ലക്ഷ്യത്തിലേക്കുള്ള പാത യുവാക്കളുടെ നൈപുണ്യത്തിലും സാധ്യതകളിലുമാണ് അധിഷ്ഠിതമായിരിക്കുന്നത്. അതുകൊണ്ടാണ് യുവാക്കളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള പിന്തുണയുമായി കേന്ദ്ര ഗവൺമെന്റ് നിരന്തരം പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നത്. ഈ ദർശനത്തോടെ, ആദ്യമായി ജോലി തേടുന്നവരെ പിന്തുണയ്ക്കുന്നതിനും അവർക്കും വ്യവസായ മേഖലയ്ക്കുമിടയിൽ പരസ്പര പൂരകത്വം വളർത്തുന്നതിനുമായി 'പ്രധാനമന്ത്രി വികസിത് ഭാരത് റോസ്ഗാർ യോജന' ആരംഭിച്ചു. പദ്ധതിക്ക് കീഴിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി ജൂൺ 19-ന് 2,400 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തു...*

21-ാം നൂറ്റാണ്ടിൽ നൈപുണ്യവും നൂതന ആശയങ്ങളും ഗുണമേന്മയുമുള്ള രാജ്യങ്ങളായിരിക്കും പുരോഗതി കൈവരിക്കുക എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വിശ്വസിക്കുന്നു. തൽഫലമായി, യുവാക്കളെ ഈ ഗുണങ്ങളാൽ സജ്ജരാക്കാൻ കേന്ദ്ര ഗവൺമെന്റ് അക്ഷീണം പ്രവർത്തിച്ചു വരികയാണ്. നൈപുണ്യ വികസനമാകട്ടെ, നൂതന ആശയങ്ങൾക്ക് ആഗോള അംഗീകാരം നേടിയെടുക്കുന്നതാകട്ടെ, അല്ലെങ്കിൽ ആദ്യമായി ജോലിയിൽ പ്രവേശിക്കുന്നവരെ നിയമിക്കാൻ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാകട്ടെ, ഗവൺമെന്റ് എല്ലാ തലത്തിലും ശ്രമങ്ങൾ നടത്തുന്നുണ്ട്. ഈ സംരംഭങ്ങളുടെ നല്ല ഫലങ്ങൾ രാജ്യത്തിനകത്ത് മാത്രമല്ല, ആഗോളതലത്തിലും ദൃശ്യമാണ്. ഇന്ത്യയിലെ യുവാക്കൾക്ക് അന്താരാഷ്ട്രതലത്തിൽ ആവശ്യക്കാർ ഏറി വരികയാണ്. തങ്ങളുടെ കഴിവിലൂടെ ഈ യുവാക്കൾ രാജ്യത്തിന് കീർത്തി കൊണ്ടുവരുന്നതിനൊപ്പം വിദേശത്ത് താമസിച്ചുകൊണ്ട് ഇന്ത്യയും വിദേശ രാജ്യങ്ങളുമായുള്ള ബന്ധം ശക്തമാക്കുകയും ചെയ്യുന്നു.

പ്രധാൻമന്ത്രി വികസിത് ഭാരത് റോസ്ഗാർ യോജനയുമായി (VBRY) ബന്ധപ്പെട്ട ഗുണഭോക്താക്കളെയും വ്യവസായ പ്രതിനിധികളെയും പങ്കാളികളെയും അഭിസംബോധന ചെയ്തുകൊണ്ട്, ഇന്ത്യാ ഗവൺമെന്റിന്റെ തൊഴിലധിഷ്ഠിത പ്രോത്സാഹനങ്ങൾ നൽകുന്ന ഒരു മുൻനിര പദ്ധതിയാണിതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ലോകം ഇന്ത്യൻ യുവതയുടെ കഴിവുകളെ അംഗീകരിക്കുന്നുണ്ട്. ഓരോ യുവാവിനും തങ്ങളുടെ കഴിവുകളെ വിജയമാക്കി മാറ്റാനുള്ള അവസരം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. VBRY എന്നത് വെറുമൊരു തൊഴിൽ പദ്ധതി മാത്രമല്ല; ആദ്യമായി ജോലി തേടുന്നവരുടെ അഭിലാഷങ്ങൾക്കു കരുത്തുപകരുന്നതിനും വ്യവസായ മേഖലയും തൊഴിലാളികളും തമ്മിൽ ശക്തമായ ഒരു പാലം നിർമ്മിക്കുന്നതിനുമായി രൂപകൽപ്പന ചെയ്തിട്ടുള്ള സംരംഭമാണ്. പല പദ്ധതികളും സാധാരണയായി ജീവനക്കാരിലോ അല്ലെങ്കിൽ തൊഴിലുടമകളിലോ മാത്രമായി ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ, ഈ പരിപാടി ഇരുവർക്കും ഒരേസമയം പിന്തുണ നൽകുന്നു.

**പ്രധാനമന്ത്രി വികസിത് ഭാരത് യോജന... ഇത് കേവലം തൊഴിൽ നൽകുന്നതിനപ്പുറം, തങ്ങളുടെ ആദ്യ ജോലി നേടിയെടുക്കുന്ന യുവാക്കളുടെ സ്വപ്നങ്ങൾക്ക് കരുത്തുപകരുന്ന ഒരു പദ്ധതിയാണ്. യുവാക്കൾക്കും വ്യവസായ മേഖലയ്ക്കുമിടയിൽ ശക്തമായൊരു പാലം പണിയുന്ന പദ്ധതിയാണിത്.** *-നരേന്ദ്ര മോദി, പ്രധാനമന്ത്രി*



*പ്രധാനമന്ത്രിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണുന്നതിന് ക്യുആർ കോഡ് സ്കാൻ ചെയ്യുക*

### ഇന്ത്യയുടെ നൂതനാശയ ആവാസ വ്യവസ്ഥയിലുള്ള ആഗോള താൽപര്യം

കഴിഞ്ഞ ദശകത്തിൽ ഇന്ത്യയിലെ സ്റ്റാർട്ടപ്പുകളുടെ എണ്ണം 500 ൽ നിന്ന് രണ്ട് ലക്ഷത്തിലധികമായി കുതിച്ചുയർന്നു. ഫ്രാൻസിൽ നടന്ന 'ഇന്ത്യ ഇന്നോവേറ്റ്സ്' എന്ന പരിപാടി ഇന്ത്യൻ സ്റ്റാർട്ടപ്പുകൾക്കും ആഗോള നിക്ഷേപകർക്കും ഒത്തുചേരാനുള്ള മികച്ചൊരു വേദിയൊരുക്കിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി കുറിച്ചു. എഐ, സ്പേസ് ടെക്, ഹരിത ഊർജ്ജം, ബയോടെക് തുടങ്ങിയ അത്യാധുനിക മേഖലകളെ കേന്ദ്രീകരിച്ചായിരുന്നു ഈ പരിപാടിയിലെ ചർച്ചകൾ. ആഗോളതലത്തിൽ ഇന്ത്യയുടെ നൂതനാശയങ്ങളിലുള്ള വർദ്ധിച്ചുവരുന്ന വിശ്വാസമാണ് ഇങ്ങനെയുള്ള പരിപാടികൾ വ്യക്തമാക്കുന്നത്. ഭാവിയിലെ സാങ്കേതികവിദ്യകൾക്ക് രൂപം നൽകുന്നതിൽ ഇന്ത്യ നിർണായക പങ്ക് വഹിക്കുന്നുണ്ടെന്ന് ലോകം ഇന്ന് അംഗീകരിക്കുന്നു.

### വർദ്ധിച്ചുവരുന്ന വനിതാ പ്രാതിനിധ്യം

ഇന്ത്യയുടെ പുരോഗതിയിലും സമൂഹത്തിന്റെ വളർച്ചയിലും സ്ത്രീകളുടെ പങ്കാളിത്തം അതിവേഗം വർദ്ധിക്കുകയാണ്. സ്ത്രീകളുടെ സുരക്ഷയ്ക്കും സൗകര്യത്തിനും മുൻഗണന നൽകിക്കൊണ്ട് രാത്രികാല ജോലികളുമായി ബന്ധപ്പെട്ട നിയമങ്ങൾ പരിഷ്കരിക്കുകയും, വീട്ടിലിരുന്ന് ജോലി ചെയ്യാനുള്ള അവസരങ്ങൾ വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, കൂടുതൽ സ്ത്രീകൾക്ക് ഭയമില്ലാതെ ജോലി ചെയ്യുന്നതിനായി തൊഴിലിടങ്ങളിലെ സുരക്ഷാ സംവിധാനങ്ങൾ ശക്തമാക്കുകയും ചെയ്തിരിക്കുന്നു.

### പുതിയ വിപണികളുടെ സമാരംഭം

ഇന്ത്യൻ വ്യവസായങ്ങൾക്കായി പുതിയ വിപണികൾ തുറക്കപ്പെടുന്നു. ഒപ്പം ഇവിടുത്തെ പ്രൊഫഷണലുകൾക്ക് പുതിയ അവസരങ്ങൾ ലഭ്യമാകുകയും ചെയ്യുന്നു. ലോകം മുഴുവൻ ഭാവി സമ്പദ് വ്യവസ്ഥയ്ക്കായി തയ്യാറെടുക്കുമ്പോൾ, അതിനെ നയിക്കാൻ ഇന്ത്യ സജ്ജമാകുകയാണ്. തൊഴിലിനെ സുരക്ഷ, അന്തസ്സ്, സാമൂഹിക സംരക്ഷണം എന്നിവയുമായി ബന്ധിപ്പിക്കുന്നതിൽ ഗവൺമെന്റ് നിരന്തരം ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്.

യുവാക്കൾ അവരുടെ ഔദ്യോഗിക ജീവിതത്തിലേക്ക് ചുവടുവെയ്ക്കുന്നതിനെ പിന്തുണയ്ക്കുന്നതോടൊപ്പം, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്യുന്നു.

പദ്ധതിയുടെ നേട്ടങ്ങൾ പങ്കുവെച്ചുകൊണ്ട്, ഇതുവരെ ഏകദേശം 70 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടതായി പ്രധാനമന്ത്രി മോദി പ്രസ്താവിച്ചു. ആദ്യമായി ജോലിയിൽ പ്രവേശിച്ച ഇത്രത്തോളം ജീവനക്കാരെ സാമൂഹിക സുരക്ഷാ വലയത്തിന് കീഴിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഏകദേശം 20 ലക്ഷത്തോളം യുവാക്കൾ തങ്ങളുടെ ആദ്യ ജോലിയിൽ ആറ് മാസം പൂർത്തിയാക്കി കഴിഞ്ഞു. ഈ നാഴികക്കല്ല് പിന്നിട്ടതോടെ പദ്ധതി പ്രകാരമുള്ള ആനുകൂല്യ തുക ഏകദേശം 10 ലക്ഷത്തോളം ഗുണഭോക്താക്കൾക്ക് ഇതിനകം തന്നെ ലഭിച്ചുകഴിഞ്ഞു.

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇങ്ങനെ പറയുന്നു, "ഗവൺമെന്റും വ്യവസായ മേഖലയും യുവാക്കളും ഒന്നിച്ച് പ്രവർത്തിക്കുമ്പോൾ തൊഴിൽ സൃഷ്ടിക്ക് വേഗതയേറുന്നു. യുവാക്കൾക്ക് അവസരങ്ങൾ ലഭിക്കുന്ന, വ്യവസായങ്ങൾക്ക് പ്രോത്സാഹനങ്ങൾ നൽകുന്ന, തൊഴിൽ സൃഷ്ടി ഒരു ദേശീയ ദൗത്യമായി മാറുന്ന ഒരു പുതിയ ഇന്ത്യയുടെ കാഴ്ചയാണ് ഈ സംരംഭം സമ്മാനിക്കുന്നത്."

# ചരിത്രം കുറിക്കാൻ ബംഗാൾ...


## ഇന്ത്യയുടെ വളർച്ചാ കുതിപ്പിന് വേഗതയേറും

*2047 – ഓടെ ഒരു വികസിത രാഷ്ട്രമായി മാറുകയെന്ന ലക്ഷ്യത്തിലേക്കാണ് ഇന്ത്യ കുതിക്കുന്നത്. 'വികസിത ഇന്ത്യ' എന്ന ഈ സ്വപ്നം യാഥാർത്ഥ്യമാക്കണമെങ്കിൽ കിഴക്കൻ ഇന്ത്യയുടെ വികസനം അത്യന്താപേക്ഷിതമാണ്! ഇതിനായി ഗവൺമെന്റ് 'മിഷൻ പൂർവോദയ' പദ്ധതിയിലൂടെ മുന്നോട്ട് പോവുകയാണ്, ഇതിൽ ബംഗാളിന് നിർണായക പങ്കുണ്ട്. വർഷങ്ങളായി തങ്ങൾക്ക് നിഷേധിക്കപ്പെട്ടിരുന്ന അവകാശങ്ങൾ ഒടുവിൽ സംസ്ഥാനത്തെ ജനങ്ങൾക്ക് ലഭ്യമാക്കുകയാണ്. ഈ പശ്ചാത്തലത്തിൽ, പശ്ചിമബംഗാൾ ദിവസ് ആഘോഷങ്ങളിൽ പങ്കെടുക്കാൻ ഹൂഗ്ലി സന്ദർശിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി പിഎം – കിസാൻ പദ്ധതിയുടെ 23 – ാം ഗഡു വിതരണം ചെയ്തു. റെയിൽവേ, കൃഷി, ഗ്രാമീണ വികസനം, ഫിഷറീസ്, മൃഗസംരക്ഷണം എന്നീ മേഖലകളിലെ വിവിധ വികസന പദ്ധതികളുടെ തറക്കല്ലിടലും ഉദ്ഘാടനവും അദ്ദേഹം നിർവ്വഹിച്ചു.*

രാജ്യം പശ്ചിമ ബംഗാൾ ദിവസ് ആചരിക്കുന്ന ഈ വേളയിൽ, സ്വാതന്ത്ര്യാനന്തരം ബംഗാളിന്റെ ശോഭനമായ ഭാവിക്കായി അവിടുത്തെ മഹദ് വ്യക്തികൾ കണ്ട സ്വപ്നങ്ങൾ ഒരു പരിധി വരെ ആദ്യമായി യാഥാർത്ഥ്യമാവുകയാണ്. താരകേശ്വറിൽ നടന്ന ചടങ്ങിൽ സംസാരിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി, കഴിഞ്ഞകാല തെറ്റുകൾ ഇനി ആവർത്തിക്കില്ലെന്ന് പ്രതിജ്ഞ ചെയ്യേണ്ടത് ഈ അവസരത്തിൽ നമ്മുടെ കടമയാണെന്ന് പ്രസ്താവിച്ചു; പകരം പശ്ചിമ ബംഗാൾ ദിവസിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഒരു പുതിയ ചരിത്രം സൃഷ്ടിക്കപ്പെടണം.

പശ്ചിമ ബംഗാളിലെ വ്യാവസായിക പുരോഗതിയുടെ അടിത്തറ പുനർനിർമ്മിക്കപ്പെടുകയാണ്. ഈ അടിത്തറ രണ്ട് പ്രധാന സ്തംഭങ്ങളിലാണ് നിലകൊള്ളുന്നത്: സത്യസന്ധവും സുതാര്യവുമായ ഭരണവും നിയമവാഴ്ചയും. ഇത് പശ്ചിമ ബംഗാളിൽ മാത്രമല്ല, രാജ്യം മുഴുവൻ ഈ പരിവർത്തനത്തിന് സാക്ഷ്യം വഹിക്കുകയാണ്.

> **2047-ഓടെ ഒരു വികസിത രാഷ്ട്രമായി മാറുകയെന്ന ലക്ഷ്യത്തിലേക്കാണ് ഇന്ത്യ കുതിക്കുന്നത്. 'വികസിത ഇന്ത്യ' എന്ന ഈ ദൃഢനിശ്ചയത്തിന്റെ ഏറ്റവും വലിയ അടിത്തറ കിഴക്കൻ ഇന്ത്യയുടെ വികസനമാണ്! ഇത് കൈവരിക്കുന്നതിനായി ഞങ്ങൾ 'മിഷൻ പൂർവോദയ' നടപ്പിലാക്കി വരുന്നു. ഇതിൽ ബംഗാളിന് വലിയൊരു പങ്കുണ്ട്; ബംഗാളിന്റെ പുരോഗതി കിഴക്കൻ ഇന്ത്യയുടെ വികസനത്തിന്റെ വേഗത വർദ്ധിപ്പിക്കും.'**
>
> *-നരേന്ദ്ര മോദി, പ്രധാനമന്ത്രി*



**"പശ്ചിമ ബംഗാൾ: പാരമ്പര്യം, സൗഹാർദ്ദം, വികസനം"**

ഡോ. ശ്യാമ പ്രസാദ് മുഖർജിയുമായി ബന്ധപ്പെട്ട ചരിത്രപ്രാധാന്യമുള്ള സ്ഥലമായ ഹൂഗ്ലിയിലെ താരകേശ്വറിലാണ് പശ്ചിമബംഗാൾ ദിനത്തിന്റെ സംസ്ഥാനതല ആഘോഷം സംഘടിപ്പിച്ചത്. സംസ്ഥാനത്തിന്റെ സാംസ്കാരിക സമൃദ്ധി, സാമൂഹിക ഐക്യം, വികസന മോഹങ്ങൾ എന്നിവയെ പ്രതിഫലിപ്പിക്കുന്നതായിരുന്നു 'പശ്ചിമ ബംഗാൾ: പാരമ്പര്യം, സൗഹാർദ്ദം, വികസനം' എന്ന ഈ വർഷത്തെ പ്രമേയം.

*പ്രധാനമന്ത്രിയുടെ പരിപാടിയുടെ പൂർണ്ണ രൂപം കാണുന്നതിനായി ക്യുആർ കോഡ് സ്കാൻ ചെയ്യുക.*

## കേന്ദ്ര ഗവണ്മെന്റ് പദ്ധതികൾ ഇപ്പോൾ പശ്ചിമ ബംഗാളിൽ എത്തുന്നു

### പ്രധാനമന്ത്രി ഫസൽ ബീമ യോജനക്ക് (PMFBY) തുടക്കം

- പ്രധാനമന്ത്രി ഫസൽ ബീമ യോജന (PMFBY) പശ്ചിമ ബംഗാളിൽ ആരംഭിച്ചു. ലോകത്തിലെ ഏറ്റവും വലിയ വിള ഇൻഷുറൻസ് പദ്ധതിയുടെ ആനുകൂല്യങ്ങൾ ഇനി സംസ്ഥാനത്തെ കർഷക രിലേക്കും എത്തുമെന്ന് ഇത് ഉറപ്പാക്കുന്നു.
- 2026-27 കാലയളവിൽ, പശ്ചിമ ബംഗാളിലെ ഏക ദേശം 14 ലക്ഷം ഹെക്ടർ കൃഷിഭൂമിയിലായി വ്യാ പൃതരായ ഏതാണ്ട് 50 ലക്ഷത്തോളം കർഷകർ ക്ക് ഇൻഷുറൻസ് പരിരക്ഷ നൽകാനാണ് PMFBY പദ്ധതി ലക്ഷ്യമിടുന്നത്.

**28,140** കോടി രൂപ വിലമതിക്കുന്ന വിളകൾക്ക് ഇൻഷുറൻസ് പരിരക്ഷയിലൂടെ സുരക്ഷ യൊരുക്കുന്നു.

ഗണ്യമായ പ്രീമിയം സബ്സിഡികളിലൂടെ കർഷകർക്ക് പിന്തുണ ലഭ്യമാക്കും.

### പശ്ചിമ ബംഗാളിൽ അഗ്രി സ്റ്റാക്കിന്റെ സമാരംഭം

- ഡിജിറ്റൽ കാർഷിക ദൗത്യത്തിന് കീഴിൽ പശ്ചിമ ബംഗാളിൽ അഗ്രിസ്റ്റാക്ക് ആരംഭിച്ചു.
- വളം വിതരണം, കിസാൻ ക്രെഡിറ്റ് കാർഡുകൾ, നേരിട്ടുള്ള ആനുകൂല്യ കൈമാറ്റം (ഡിബിടി), താ ങ്ങു വില (എംഎസ്പി) സംവിധാനത്തിന് കീഴി ലുള്ള സംഭരണം തുടങ്ങിയ പരിശോധിച്ചുറപ്പിച്ച കാർഷിക സംബന്ധിയായ സേവനങ്ങൾക്കായി ഈ സംരംഭം ഒരു സംയോജിത ഡിജിറ്റൽ പ്ലാറ്റ്ഫോം നൽകുന്നു.
- ഈ സംരംഭം കാർഷിക മേഖലയിൽ ഡിജിറ്റൽ ഭരണം ശക്തിപ്പെടുത്തുകയും കർഷക കേന്ദ്രീകൃത സേവനങ്ങളുടെ കാര്യക്ഷമമായ വിതരണം സുഗമ മാക്കുകയും ചെയ്യും.

### പ്രകൃതി കൃഷിക്കായുള്ള ദേശീയ ദൗത്യത്തിന്റെ ഉദ്ഘാടനം

- സുസ്ഥിരവും രാസവസ്തുക്കളില്ലാത്തതുമായ കൃഷി പ്രോ ത്സാഹിപ്പിക്കുന്നതിനായി പശ്ചിമ ബംഗാളിൽ ദേശീയ പ്രകൃ തി കൃഷി ദൗത്യം ആരംഭിച്ചു.
- 2026-27 ലെ അംഗീകൃത വാർഷിക കർമ്മ പദ്ധതി പ്രകാരം, 17,300 ഹെക്ടർ വിസ്തൃതിയിൽ 346 പ്രകൃതി കൃഷി ക്ലസ്റ്ററു കൾ സംസ്ഥാനം സ്ഥാപിക്കും.
- കൂടാതെ, ജൈവ-ഇൻപുട്ട് റിസോഴ്സ് സെന്ററുകൾ സ്ഥാപി ക്കും, പരിസ്ഥിതി സൗഹൃദ കാർഷിക രീതികൾ പ്രോത്സാ ഹിപ്പിക്കുന്നതിനായി 'കൃഷി സഖികളെ' സജ്ജീകരിക്കും.
- സംയോജിത കാർഷിക വികസനത്തിലേക്കുള്ള ഒരു സുപ്രധാന ചുവടുവയ്പിൽ, പ്രധാനമന്ത്രി ധൻ-ധാന്യ കൃഷി യോജന (PMDDKY) നടപ്പിലാക്കൽ പശ്ചിമ ബംഗാളിലും ആരം ഭിച്ചു.

### സംസ്ഥാനത്തിനായി വികസന പദ്ധതികളുടെ സമ്മാനം

- സൗത്ത് 24 പർഗാനാസിലെ ഫ്രേസർഗഞ്ചിൽ ആധുനിക വും ശേഷി വർദ്ധിപ്പിച്ചതുമായ മത്സ്യബന്ധന തുറമുഖത്തി ന്റെയും ബിർഭൂമിലെ സൈന്തിയയിൽ പുതുതായി നിർമ്മിച്ച ആധുനിക മത്സ്യ വിപണിയുടെയും ഉദ്ഘാടനം.
- നാദിയ ജില്ലയിലെ ഹരിൻഘട്ടയിൽ ആടുകൾക്കായുള്ള ഒരു പ്രാദേശിക ബീജ ഉൽപാദന ലബോറട്ടറിയുടെയും ബീജ ബാങ്കിന്റെയും ഉദ്ഘാടനം.
- ഏകദേശം 590 കോടി രൂപ വിലമതിക്കുന്ന നിരവധി പ്രധാന റെയിൽവേ പദ്ധതികൾക്ക് തറക്കല്ലിടലും പദ്ധതികൾ രാഷ്ട്ര ത്തിന് സമർപ്പിക്കലും.
- ഹൗറ ജില്ലയിലെ സംക്രയിൽ-സാന്ദ്രഗാച്ചി ലിങ്ക് ലൈൻ പദ്ധതി രാഷ്ട്രത്തിന് സമർപ്പിക്കൽ.
- ഹൗറയിൽ 300 കിടക്കകളുള്ള പുതിയ ഡിവിഷണൽ റെ യിൽവേ ആശുപത്രിക്ക് തറക്കല്ലിടൽ.
- കിഴക്കൻ മേദിനിപൂർ ജില്ലയിലെ ഹൗറിനും രാധമോഹൻപൂ രിനും ഇടയിൽ നിർമ്മിക്കുന്ന മേൽപ്പാലത്തിന് തറക്കല്ലിടൽ.
- പ്രധാനമന്ത്രി ഗ്രാം സഡക് യോജന (PMGSY-III) പ്രകാരം വി കസിപ്പിച്ച 49 റോഡ് അടിസ്ഥാന സൗകര്യ പദ്ധതികളുടെ ഉദ്ഘാടനം.

### പിഎം കിസാൻ സമ്മാൻ നിധിയുടെ 23-ാമത് ഗഡു വിതരണം ചെയ്തു

പശ്ചിമബംഗ ദിവസ് വേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധിയുടെ (പിഎം-കിസാൻ) 23-ാം ഗഡു പുറത്തിറക്കി. ഈ ഗഡു പ്രകാരം, രാജ്യത്തു ടനീളമുള്ള 9 കോടിയിലധികം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 18,880 കോടി രൂപയിലധികം തുക നേരിട്ട് കൈമാറി. പശ്ചിമ ബംഗാളിൽ മാത്രം, 45 ലക്ഷത്തിലധികം ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് 900 കോടി രൂപയിലധികം നിക്ഷേപിച്ചു, ഇതോടെ സംസ്ഥാനത്ത് പദ്ധതി പ്രകാരം വിതരണം ചെയ്ത ആകെ തുക 15,000 കോടി രൂപയിലധികമായി. 2019 ൽ പദ്ധതി ആരംഭിച്ചതിനുശേഷം, വിതരണം ചെയ്ത ആകെ തുക 4.46 ലക്ഷം കോടി രൂപ കവിഞ്ഞു. ഇത് കോടിക്കണക്കിന് കർഷക കുടുംബങ്ങൾ ക്ക് സാമ്പത്തിക സഹായം നൽകുമെന്നും അവരുടെ ജീവിതത്തിന് കൂടുതൽ അഭിവൃദ്ധി കൈവരുത്തുമെന്നും പ്രധാനമന്ത്രി മോദി പറഞ്ഞു.



മുമ്പ് മുടങ്ങിക്കിടക്കുകയോ തടസ്സപ്പെടുകയോ ചെയ്തി രുന്ന പദ്ധതികൾ ഇപ്പോൾ ആ തടസ്സങ്ങളിൽ നിന്ന് മുക്ത മാകുന്നുണ്ടെന്നും, എല്ലാ ഗവണ്മെന്റ് പരിപാടികളുടെയും ആനുകൂല്യങ്ങൾ പൊതുജനക്ഷേമ ക്യാമ്പുകൾ വഴി നേരിട്ട് ജനങ്ങളിലേക്ക് എത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നുണ്ടെന്നും പ്രധാനമന്ത്രി മോദി ചടങ്ങിൽ അഭിപ്രായപ്പെട്ടു.



# കിഴക്കൻ ഇന്ത്യയിലെ വികസനവും സമൃദ്ധിയും കവാടമായി മാറി 'ഒഡീഷ'

*'ഇന്ത്യയുടെ വികസനത്തിനായി കിഴക്കൻ ഇന്ത്യയുടെ വികസനം' എന്ന ഗവൺമെന്റിന്റെ നയം കിഴക്കൻ സംസ്ഥാനങ്ങളുടെ സാധ്യതകളെ സജീവമാക്കുന്നു. റെയിൽവേ അടിസ്ഥാന സൗകര്യങ്ങൾ, ദേശീയപാതകൾ, സാമ്പത്തിക ഇടനാഴികൾ, തുറമുഖങ്ങൾ, ഊർജ്ജം, സെമികണ്ടക്ടറുകൾ, ഹരിത ഊർജ്ജം തുടങ്ങി ആധുനിക വ്യവസായങ്ങൾ വരെയുള്ള മേഖലകളിൽ ഗവൺമെന്റ് റെക്കോർഡ് നിക്ഷേപം നടത്തുന്നു. ഈ സാഹചര്യത്തിൽ, ജൂൺ 20 ന്, നിലവിലെ ഒഡീഷ ഗവൺമെന്റ് രണ്ട് വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി മയൂർഭഞ്ച് ജില്ലയിൽ നടന്ന ഒരു പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി 47,000 കോടി രൂപയുടെ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയും തറക്കല്ലിടുകയും ചെയ്തു...*

നിക്ഷേപങ്ങൾ, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, പൊതുജനക്ഷേമ പദ്ധതികൾ എന്നിവയിലൂടെ സംസ്ഥാനം ദ്രുതഗതിയിലുള്ള വികസനത്തിനും ജീവിത പരിവർത്തനത്തിനും സാക്ഷ്യം വഹിക്കുന്നുവെന്ന് ഒഡീഷ ഗവൺമെന്റ് രണ്ട് വർഷം പൂർത്തിയാക്കുന്ന വേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രസ്താവിച്ചു. പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തതോ ആരംഭിച്ചതോ ആയ 47,000 കോടി രൂപയുടെ പദ്ധതികൾ ഗതാഗത കണക്റ്റിവിറ്റി, പൊതു സേവനങ്ങൾ, സാമ്പത്തിക അവസരങ്ങൾ, ജനങ്ങളുടെ ജീവിത നിലവാരം എന്നിവ മെച്ചപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാ വീടുകളിലും സൗരോർജ്ജ ഉൽപാദനം ഉറപ്പാക്കിക്കൊണ്ട് പഹാദ്പൂർ ഗ്രാമത്തെ സൗരോർജ്ജ ഗ്രാമമായി വികസിപ്പിക്കുമെന്ന് പ്രധാനമന്ത്രി മോദി പ്രഖ്യാപിച്ചു.

ഒഡീഷയിലെ പ്രശസ്തമായ കൊണാർക്ക് സൂര്യക്ഷേത്രത്തിന്റെ ഉദാഹരണം ഉദ്ധരിച്ച് പഹാദ്പൂർ ഒരു മാതൃക സൗരോർജ്ജ ഗ്രാമമായി ഉയർന്നുവരുമെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു.

> **'ഗോത്ര സമൂഹത്തിന്റെ ഉന്നമനത്തിനായി, ഗോത്ര യുവാക്കളെ വിദ്യാഭ്യാസവും തൊഴിലവസരങ്ങളുമായി ബന്ധിപ്പിക്കുകയാണ് ഞങ്ങൾ. ഈ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കാൻ, രാജ്യത്തുടനീളം ഏകദേശം 500 ഏകലവ്യ മോഡൽ സ്കൂളുകൾ തുറന്നിട്ടുണ്ട്.'**
>
> *- നരേന്ദ്ര മോദി, പ്രധാനമന്ത്രി*

*പ്രധാനമന്ത്രിയുടെ പരിപാടിയുടെ പൂർണ്ണ രൂപം കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.*



## പ്രധാന പദ്ധതികൾക്ക് ശിലാസ്ഥാപനം നടത്തി

- 660 മെഗാവാട്ട് അപ്പർ ഇന്ദ്രാവതി പമ്പ്ഡ് സ്റ്റോറേജ് പദ്ധതി.
- ഐബി തെർമൽ പവർ സ്റ്റേഷൻ രണ്ടാം ഘട്ട വിപുലീകരണ പദ്ധതി, ഇതിൽ 660 മെഗാവാട്ട് ശേഷിയുള്ള രണ്ട് യൂണിറ്റുകൾ ഉൾപ്പെടുന്നു.
- ഝാർസുഗുഡ ജില്ലയിലെ ലഖൻപൂരിൽ ഭാരത് കോൾ ഗ്യാസിഫിക്കേഷൻ ആൻഡ് കെമിക്കൽസ് ലിമിറ്റഡ് പദ്ധതി.
- നുവാപദ മുതൽ ഘടിപദ വരെയുള്ള എൻഎച്ച്-353ൽ ഒരു ഭാഗം നാലുവരി പാതയാക്കൽ.
- കുസുംദിഹി മെഗാ-ലിഫ്റ്റ് ജലസേചന പദ്ധതി.
- റായിരംഗ്പൂരിൽ ഇഗ്നോ പ്രാദേശിക കേന്ദ്രവും ഇൻഡോർ ബാഡ്മിന്റൺ കോംപ്ലക്സും.

## പ്രധാന പദ്ധതികളുടെ ഉദ്ഘാടനം

- ബൗധിൽ 300 കിടക്കകളുള്ള ജില്ലാ ആസ്ഥാന ആശുപത്രി കെട്ടിടം.
- ഒഡീഷയിലെ വിവിധ ജില്ലകളിലായി 24 അടൽ ബസ് സ്റ്റാൻഡുകളും ഒമ്പത് ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സെന്ററുകളും.
- എൻഎച്ച്-57 ലെ നയാഗഡ് ടൗൺ ബൈപാസ്; കുസുമി സ്മാർട്ട് ജലസേചന പദ്ധതി.
- റായിരംഗ്പൂരിൽ കായിക കോംപ്ലക്സും ഗോത്ര ഗവേഷണ കേന്ദ്രവും.

**ഈ പദ്ധതികളിലൂടെ ഗോത്ര സമുദായങ്ങളുടെ വികസനം**

- വിളർച്ചക്കെതിരായ ദേശീയ ദൗത്യം.
- ജൽ ജീവൻ മിഷൻ വഴി ശുദ്ധമായ കുടിവെള്ള വിതരണ ലഭ്യത.

ഏകദേശം **500** ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിച്ചു.

**750** ഏകലവ്യ സ്കൂളുകൾക്ക് അനുമതി.

**1.5** കോടിയിലധികം ഗോത്ര വിദ്യാർത്ഥികൾക്ക് പ്രീമെട്രിക്, പോസ്റ്റ് മെട്രിക് തലങ്ങളിൽ സ്കോളർഷിപ്പ് ലഭ്യമാക്കി.

## രാഷ്ട്രപതിയുടെയും പ്രധാനമന്ത്രിയുടെയും സന്ദർശനം

രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും മയൂർഭഞ്ച് ജില്ലയിലെ പഹാദ്പൂർ ഗ്രാമം സന്ദർശിച്ചു. 'സന്താലി ജഹേറ', 'ഹോ ജഹേറ' എന്നീ പുണ്യസ്ഥലങ്ങളിൽ അവർ പ്രാർത്ഥന നടത്തി. ഒഡീഷ ഗവൺമെന്റ് രണ്ട് വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടിയിൽ രാഷ്ട്രപതിയും പ്രധാനമന്ത്രിയും പങ്കെടുത്തു; 'വികാസ് രാ ധാര, ഒഡീഷ സാര' എന്നതായിരുന്നു പരിപാടിയുടെ പ്രമേയം. രാഷ്ട്രപതി ദ്രൗപദി മുർമുവിന് ജന്മദിനാശംസകൾ നേർന്നുകൊണ്ട് മയൂർഭഞ്ചിന്റെ മണ്ണിൽ നിന്ന് രാജ്യത്തിന്റെ പരമോന്നത ഭരണഘടനാ പദവിയിലേക്കുള്ള അവരുടെ യാത്ര ഒഡീഷയ്ക്കും രാജ്യത്തിനും അഭിമാനകരമായ കാര്യമാണെന്ന് പ്രധാനമന്ത്രി മോദി വിശേഷിപ്പിച്ചു.

ഒഡീഷയുടെ വിഭവങ്ങളെ വികസനത്തിനും സമൃദ്ധിക്കുമുള്ള അവസരങ്ങളാക്കി ഗവൺമെന്റ് മാറ്റുകയാണ്. 'ഉത്കർഷ് ഒഡീഷ' പോലുള്ള സംരംഭങ്ങളെക്കുറിച്ച് അദ്ദേഹം എടുത്തുപറഞ്ഞു. സംസ്ഥാനത്തുടനീളം വ്യാവസായിക വളർച്ച വർദ്ധിപ്പിക്കുന്നതിന് വലിയ തോതിലുള്ള നിക്ഷേപം ആകർഷിക്കുക എന്നതാണ് ലക്ഷ്യമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ സംരംഭത്തിന് കീഴിൽ, ഒഡീഷയ്ക്ക് ഇതിനകം ഏകദേശം 20 ലക്ഷം കോടി രൂപയുടെ നിക്ഷേപ നിർദ്ദേശങ്ങൾ ലഭിച്ചു. കൂടാതെ, നിലവിൽ 3.5 ലക്ഷം കോടി രൂപയിലധികം വിലമതിക്കുന്ന നിരവധി പ്രധാന പദ്ധതികളുടെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. വൈദ്യുതി മേഖലയിൽ 6,000 കോടി രൂപയിലധികം നിക്ഷേപങ്ങൾ നടക്കുന്നു. ●

12–ാമത് അന്താരാഷ്ട്ര യോഗ ദിനാചരണം

# യോഗ

## എല്ലാവരേയും ബന്ധിപ്പിക്കുന്നു, എല്ലാവരേയും ഒരുമിച്ചുകൊണ്ടുവരുന്നു




*പ്രധാനമന്ത്രിയുടെ യോഗ ദിന പരിപാടി കാണുന്നതിനായി ക്യു ആർ കോഡ് സ്കാൻ ചെയ്യുക*



*12-ാമത് അന്താരാഷ്ട്ര യോഗ ദിനത്തിൽ ലോക്‌സഭാ സ്പീക്കർ ഓം ബിർളയുടെ നേതൃത്വത്തിൽ പാർലമെന്റ് മന്ദിര സമുച്ചയത്തിനുള്ളിൽ യോഗ ചെയ്യുന്നു.*

*ഇന്ത്യയുടെ പ്രാചീനമായ യോഗ പാരമ്പര്യം ലോകത്തിന് പ്രത്യാശയുടെ പ്രതീകമായി മാറിയിരിക്കുകയാണ്, ഇത് മനുഷ്യരാശിയെ ആരോഗ്യകരവും സന്തുലിതവും സമാധാനപരവുമായ ജീവിതത്തിലേക്ക് നയിക്കുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിച്ച അന്താരാഷ്ട്ര യോഗ ദിനം ഇപ്പോൾ ഒരു ആഗോള ജനകീയ പ്രസ്ഥാനമായി മാറിയിരിക്കുന്നു. പശ്ചിമ ബംഗാളിലെ കൊൽക്കത്തയിലുള്ള റെഡ് റോഡിൽ 12-ാമത് അന്താരാഷ്ട്ര യോഗ ദിനത്തിന്റെ ദേശീയതല ആചരണത്തിന് പ്രധാനമന്ത്രി മോദി നേതൃത്വം നൽകി. യോഗ എല്ലാവരേയും ബന്ധിപ്പിക്കുകയും ഒരുമിച്ച് കൊണ്ടുവരുകയും ചെയ്യുന്നുവെന്ന് അദ്ദേഹം പറഞ്ഞു.*

ഭഗവത്ഗീതയിൽ ഭഗവാൻ ശ്രീകൃഷ്ണൻ യോഗയെക്കുറിച്ച് പറഞ്ഞത് പ്രധാനമന്ത്രി മോദി ഉദ്ധരിച്ചു: " **युक्त आहार वहिरस्य, युक्त चेष्टस्य कर्मसु। युक्त स्वप्न अव-बोधस्य, योगो भवति दुःखहा॥** " അതായത്, ഭക്ഷണത്തിലും വിനോദത്തിലും മിതത്വം പാലിക്കുകയും, പ്രവൃത്തികളിലും കർത്തവ്യങ്ങളിലും സന്തുലിതത്വം പുലർത്തുകയും, ഉറക്കത്തിലും ഉണർവിലും ക്രമം പാലിക്കുകയും ചെയ്യുന്നവർക്ക് യോഗ എന്നത് ദുഃഖങ്ങളെ മുഴുവൻ ഇല്ലാതാക്കുന്ന ഒന്നായി മാറുന്നു എന്നതാണ് ഇതിനർത്ഥം. സന്തുലിതാവസ്ഥയാണ് യോഗയുടെ അടിസ്ഥാനം. സന്തുലിതാവസ്ഥ തന്നെയാണ് നമ്മുടെ ജീവിതത്തിന്റേയും അടിസ്ഥാനം. എന്നിരുന്നാലും, ആധുനിക ലോകത്ത് ഭൂരിഭാഗം ആളുകളും ജീവിതത്തിലെ അസന്തുലിതാവസ്ഥയുമായി പൊരുതുകയാണ്. സന്തുലിതമായ രീതിയിൽ ജീവിക്കാനുള്ള കലയാണ് യോഗ നമ്മെ പഠിപ്പിക്കുന്നത്. എന്തൊക്കെ ചെയ്യണം, ചെയ്യരുത് എന്ന് യോഗ നമുക്ക് മനസ്സിലാക്കിത്തരുന്നു. ശരീരത്തെ ശരിയായ രീതിയിൽ നയിക്കാൻ നമ്മൾ പഠിക്കുമ്പോൾ, ആരോഗ്യം നമ്മുടെ സ്വാഭാവിക അവസ്ഥയായി മാറും.

## 12-ാമത് അന്താരാഷ്ട്ര യോഗ ദിനാഘോഷങ്ങൾക്ക് പ്രധാനമന്ത്രി മോദി നേതൃത്വം നൽകി


- 12-ാമത് അന്താരാഷ്ട്ര യോഗ ദിന ദേശീയ പരിപാടി കൊൽക്കത്തയിലെ റെഡ് റോഡിൽ നടന്നു.
- യോഗാഭ്യാസികൾക്കൊപ്പം പ്രധാനമന്ത്രി മോദി കോമൺ യോഗ പ്രോട്ടോക്കോൾ സെഷനിൽ പങ്കെടുത്തു.
- 'ആരോഗ്യകരമായ വാർദ്ധക്യത്തിന് യോഗ' എന്നതായിരുന്നു 2026-ലെ അന്താരാഷ്ട്ര യോഗ ദിനത്തിന്റെ പ്രമേയം.
- വർദ്ധിച്ചുവരുന്ന ആയുർദൈർഘ്യത്തിലും, ആരോഗ്യകരവും ഊർജ്ജസ്വലവും അന്തസ്സുള്ളതുമായ വാർദ്ധക്യത്തിലും ഈ പ്രമേയം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.
- ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനമായി ആചരിക്കാനുള്ള ഇന്ത്യയുടെ നിർദ്ദേശം 2014-ൽ ഐക്യരാഷ്ട്രസഭയുടെ പൊതുസഭ അംഗീകരിച്ചിരുന്നു.


### ലോകമെമ്പാടുമുള്ള ഏകദേശം

**2,500** സ്ഥലങ്ങളിൽ യോഗ ദിനാചരണങ്ങൾ നടന്നു, 210-ലധികം എംബസികളുടെ പങ്കാളിത്തവും ഇതിലുണ്ടായിരുന്നു.

**ന്യൂഡൽഹി, ചണ്ഡീഗഡ്, ലഖ്‌നൗ, മൈസൂരു, ന്യൂയോർക്ക് (യുഎൻ ആസ്ഥാനം), ശ്രീനഗർ, വിശാഖപട്ടണം എന്നിവയുൾപ്പെടെ വിവിധ സ്ഥലങ്ങളിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിച്ചു.**







രാഷ്ട്രപതി ദ്രൗപദി മുർമു, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് എന്നിവർ യോഗാഭ്യാസത്തിൽ പങ്കെടുക്കുന്നു.



ഉത്തരാഖണ്ഡിലെ ഋഷികേശിലുള്ള പവിത്രമായ പരമാർത്ഥ് ഘട്ടിൽ യോഗാഭ്യാസത്തിൽ പങ്കെടുക്കുന്നവർ.

പശ്ചിമ ബംഗാളിലെ കൊൽക്കത്തയിൽ നടന്ന 12-ാമത് അന്താരാഷ്ട്ര യോഗ ദിനാചരണത്തെ അഭിസംബോധന ചെയ്തുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു, യോഗ നമ്മുടെ ശാരീരിക ആരോഗ്യത്തിൽ മാത്രമല്ല ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. മാനസിക ആരോഗ്യത്തിൽ നിന്ന് ശാരീരിക ആരോഗ്യത്തിലേക്കുള്ള പാത യോഗ കാണിച്ചു തരുന്നു. അതുകൊണ്ടാണ് യോഗയിൽ 'യുക്ത ചേഷ്ടസ്യ കർമസു' എന്ന് പറയുന്നത് - അതായത് നമ്മൾ എന്താണ് ചെയ്യേണ്ടത്, എന്താണ് ചെയ്യാൻ പാടില്ലാത്തത് എന്നതിനെക്കുറിച്ചുള്ള കൃത്യമായ അവബോധം. ഈ അവബോധം നമ്മുടെ ജീവിതത്തിൽ സമാധാനത്തിന്റെ ഉറവിടമായി മാറുന്നു, ഒപ്പം ഇത് ലോകസമാധാനത്തിലേക്കുള്ള പാത തുറക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് യോഗ ഇന്ന് നമ്മുടെ വ്യക്തിപരമായ ജീവിതശൈലിക്ക് മാത്രമല്ല, ലോകത്തിന്റെ മെച്ചപ്പെട്ട ഭാവിക്കും ഒരു അനിവാര്യതയായി മാറിയിരിക്കുന്നത്.

**സമൂഹം ആരോഗ്യപൂർണ്ണമാകുമ്പോൾ രാജ്യം കൂടുതൽ ശേഷിയുള്ളതും സമൃദ്ധവും ആത്മവിശ്വാസമുള്ളതുമായി മാറുന്നു. 'എല്ലാവരും സുഖമായിരിക്കട്ടെ, എല്ലാവരും രോഗമില്ലാതെ ജീവിക്കട്ടെ എന്നർത്ഥം വരുന്ന "सर्वे भवन्तु सुखिनः, सर्वे सन्तु निरामयाः। എന്ന ശ്ലോകം ഉദ്ധരിച്ചു കൊണ്ട്, അന്താരാഷ്ട്ര യോഗ ദിനത്തിൽ നിങ്ങൾക്കെല്ലാവർക്കും ഒരിക്കൽക്കൂടി ഞാൻ എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു.'**

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*



ന്യൂഡൽഹിയിലെ ഹുമയൂണിന്റെ ശവകുടീര സമുച്ചയത്തിൽ യോഗ ചെയ്യുന്നവർ



ഇന്ത്യൻ നാവികസേന വെള്ളത്തിനടിയിൽ നടത്തിയ വ്യത്യസ്തമായ യോഗാഭ്യാസം



അമേരിക്കയിലെ വിർജീനിയയിലുള്ള നോർഫോക്കിൽ, ഇന്ത്യൻ നാവികസേനയുടെ 'സുദർശിനി' എന്ന പായ്ക്കപ്പലിൽ സംഘടിപ്പിച്ച യോഗ



ലേയിൽ നടന്ന അന്താരാഷ്ട്ര യോഗ ദിനാചരണത്തിൽ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ പങ്കെടുക്കുന്നു.

അന്താരാഷ്ട്ര യോഗ ദിനത്തിൽ, ദശലക്ഷക്കണക്കിന് ആളുകളാണ് യോഗയുമായി ബന്ധപ്പെടുന്നത്. എന്നാൽ നമ്മുടെ പങ്കിട്ട ദൃഢനിശ്ചയം പുതുക്കാനുള്ള അവസരമാണ് ഈ ദിവസം നമുക്ക് നൽകുന്നത്. യോഗ ഒരു ദിവസത്തേക്ക് മാത്രമായി പരിമിതപ്പെടുത്തില്ലെന്നും യോഗയെ ഒരു പരിപാടിയായി മാത്രം ഒതുക്കില്ലെന്നും നമുക്ക് പ്രതിജ്ഞ ചെയ്യാം. യോഗയെ നമ്മുടെ ജീവിതത്തിന്റേയും കുടുംബങ്ങളുടേയും ഭാവി തലമുറകളുടേയും ഭാഗമാക്കും. ●






# സമർപ്പണത്തിനും പ്രതിബദ്ധതയ്ക്കുമുള്ള അംഗീകാരം

*സമീപ വർഷങ്ങളിൽ, പത്മ പുരസ്കാരങ്ങൾ ലൂട്ട്യൻസ് ഡൽഹിയുടെ അധികാര ഇടനാഴികളിൽ നിന്ന് മോചിതമായി ഇന്ത്യയുടെ വിദൂര ഗ്രാമങ്ങളിലേക്കും വനമേഖലകളിലേക്കും എത്തിച്ചേർന്നിരിക്കുന്നു. ഇന്ന്, 'പത്മ പുരസ്കാരം' യഥാർത്ഥത്തിൽ ഒരു 'ജനകീയ പത്മ' മായി മാറിയിരിക്കുന്നു. ഇവിടെ പുരസ്കാരങ്ങൾ നിർണ്ണയിക്കപ്പെടുന്നത് സ്വാധീനങ്ങളുടെ അടിസ്ഥാനത്തിലല്ല, മറിച്ച് സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ജീവിതത്തിൽ വരുത്താൻ സാധിച്ച നല്ല മാറ്റങ്ങളുടെ അടിസ്ഥാനത്തിലാണ്. കഴിവും സേവനവും ഒരു പ്രത്യേക പശ്ചാത്തലത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല എന്നതിന്റെ ജീവിക്കുന്ന മാതൃകകളായി ഈ പുരസ്കാര ജേതാക്കൾ നിലകൊള്ളുന്നു. രാജ്യത്തിന് അഭിമാനമായ നമ്മുടെ നാടിന്റെ 'നായകരുടെ' പ്രചോദനാത്മകമായ കഥകൾ ഈ പ്രത്യേക ലേഖനത്തിലൂടെ പങ്കുവെക്കുന്നു...*

ജൂൺ 23-ന് രാഷ്ട്രപതി ഭവനിൽ നടന്ന രണ്ടാം ഘട്ട സിവിൽ ഇൻവെസ്റ്റിചർ ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു പത്മവിഭൂഷൺ, പത്മഭൂഷൺ, പത്മശ്രീ പുരസ്കാരങ്ങൾ സമ്മാനിച്ചു. ഈ ഘട്ടത്തിൽ രണ്ട് പത്മവിഭൂഷൺ, ഏഴ് പത്മഭൂഷൺ, 57 പത്മശ്രീ പുരസ്കാരങ്ങളാണ് വിതരണം ചെയ്തത്. ഈ വർഷം ജനുവരി 25-നാണ് കേന്ദ്ര ഗവൺമെന്റ് 131 പത്മ പുരസ്കാര ജേതാക്കളുടെ (ഒരു സംയുക്ത അവാർഡ് ഉൾപ്പെടെ) പേരുകൾ പ്രഖ്യാപിച്ചത്. പുരസ്കാര സമർപ്പണ ചടങ്ങിന്റെ ആദ്യ ഘട്ടം 2026 മെയ് 25-ന് നടന്നു.

*പുരസ്കാര വിതരണ ചടങ്ങ് കാണുന്നതിനായി ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*



പത്മ
വിഭൂഷൺ



## പി. നാരായണൻ

'നാരായൺജി' എന്നറിയപ്പെടുന്ന പി. നാരായണൻ ദേശീയ മാധ്യമപ്രവർത്തന രംഗത്തെ അതികായനും പ്രമുഖ സാമൂഹിക-രാഷ്ട്രീയ സംഘാടകനുമാണ്. കേരളത്തിൽ ഒരുകാലത്ത് മുഖ്യധാരയ്ക്ക് പുറത്തായിരുന്ന ഒരു പ്രത്യയശാസ്ത്രത്തെ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി അദ്ദേഹം തന്റെ ജീവിതം സമർപ്പിച്ചു. 1936 മെയ് 28-ന് കേരളത്തിലെ ഇടുക്കി ജില്ലയിലുള്ള തൊടുപുഴയ്ക്കടുത്തുള്ള മണക്കാട് ജനിച്ച നാരായണൻ, തിരുവനന്തപുരം മഹാത്മാഗാന്ധി കോളേജ്, യൂണിവേഴ്സിറ്റി കോളേജ് എന്നിവിടങ്ങളിലായാണ് വിദ്യാഭ്യാസം പൂർത്തിയാക്കിയത്. വിദ്യാർത്ഥി കാലഘട്ടത്തിൽ ആർ.എസ്.എസിൽ ചേർന്നതോടെയാണ് അദ്ദേഹത്തിന്റെ രാഷ്ട്രീയ യാത്ര ആരംഭിക്കുന്നത്. പ്രധാനമായും വടക്കൻകേരളത്തിലും, മധ്യകേരളത്തിലും പ്രചാരകനായി സേവനമനുഷ്ഠിച്ച അദ്ദേഹം തന്റെ ജീവിതം ഈ ലക്ഷ്യത്തിനായി മാറ്റിവെച്ചു. മാധ്യമപ്രവർത്തനത്തിന് പുറമെ, പ്രഗത്ഭനായ എഴുത്തുകാരൻ, വിദഗ്ദ്ധനായ പരിഭാഷകൻ എന്നീ നിലകളിലും നാരായണൻ ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

## ജസ്റ്റിസ് (റിട്ട.) കെ.ടി. തോമസ്

ഭാരതത്തിന്റെ പരമോന്നത നീതിപീഠമായ സുപ്രീം കോടതിയിൽ നിന്ന് വിരമിച്ച ജഡ്ജിയാണ് ജസ്റ്റിസ് (റിട്ട.) കെ.ടി. തോമസ്. 1937 ജനുവരി 30-ന് ജനിച്ച അദ്ദേഹം കോട്ടയം സി.എം.എസ് കോളേജിൽ നിന്നാണ് ഉന്നത വിദ്യാഭ്യാസം നേടിയത്. 1985-ൽ കേരള ഹൈക്കോടതി ജഡ്ജിയായി നിയമിതനായി. 1995-ൽ കേരള ഹൈക്കോടതിയുടെ ആക്ടിംഗ് ചീഫ് ജസ്റ്റിസായി അദ്ദേഹം ചുമതലയേറ്റു. 1996 മാർച്ചിൽ സുപ്രീം കോടതി ജഡ്ജിയായി നിയമിതനായ അദ്ദേഹം 2002-ൽ അവിടെ നിന്നും വിരമിച്ചു. ക്രിമിനൽ നിയമം, പോലീസ് പരിഷ്കരണം, സ്വകാര്യ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലെ അഴിമതിക്കെതിരായ പോരാട്ടം തുടങ്ങിയ മേഖലകളിൽ നൽകിയ സംഭാവനകളിലൂടെയാണ് കെ.ടി. തോമസ് ശ്രദ്ധേയനായത്. 2007-ൽ രാജ്യം അദ്ദേഹത്തിന് പത്മഭൂഷൺ പുരസ്കാരം നൽകി ആദരിച്ചിരുന്നു.





## പത്മ ഭൂഷൺ



### ഡോ. വിജയ് അമൃത്‌രാജ്

ഇന്ത്യയിലെ ഏറ്റവും മികച്ച ടെന്നീസ് കളിക്കാരിൽ ഒരാളാണ് ഡോ. വിജയ് അമൃത്‌രാജ്. 1953 ഡിസംബർ 14-ന് ചെന്നൈയിൽ ജനിച്ച ഡോ. വിജയ് പതിനാലാം വയസ്സിൽ ജൂനിയർ മത്സരങ്ങളിൽ ഇന്ത്യയെ പ്രതിനിധീകരിക്കാൻ തുടങ്ങി. കരിയറിലുടനീളം നിരവധി അവിസ്മരണീയ വിജയങ്ങൾ കൈവരിച്ച അദ്ദേഹം ഇന്ത്യൻ കായികരംഗത്തെ പ്രമുഖ വ്യക്തിത്വമായി ഇന്നും നിലകൊള്ളുന്നു. ഡോ. വിജയ്‌യുടെ പ്രവർത്തനങ്ങളും സംഭാവനകളും മുൻനിർത്തി 1983-ൽ രാജ്യം അദ്ദേഹത്തിന് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. 2022-ൽ രാജ്യാന്തര ടെന്നീസ് ഹാൾ ഓഫ് ഫെയിമിൽ ഉൾപ്പെട്ട അദ്ദേഹത്തിന് അന്താരാഷ്ട്ര ടെന്നീസ് ഫെഡറേഷൻ നൽകുന്ന ഏറ്റവും ഉയർന്ന ബഹുമതിയായ 'ഗോൾഡൻ അച്ചീവ്മെന്റ് പുരസ്കാരം' ലഭിച്ചു. അദ്ദേഹം മികവും ധാർമികതയും ഇന്ത്യയിലർപ്പിക്കുന്ന ഉറച്ച വിശ്വാസവും ആത്മാർത്ഥ വിശ്വാസവും ഉൾപ്പെടെയുള്ള തന്റെ കാഴ്ചപ്പാടുകൾ വിവിധ വേദികളിൽപങ്കുവെക്കുന്നത് തുടരുന്നു.

### ഡോ. എസ്.കെ.എം. മയിലാനന്ദൻ

എസ്.കെ.എം. ഗ്രൂപ്പ് ഓഫ് കമ്പനീസ് എക്സിക്യൂട്ടീവ് ചെയർമാനായ ഡോ. എസ്.കെ.എം. മയിലാനന്ദൻ ഒരു പ്രശസ്ത സംരംഭകനും വിവിധ സാമൂഹ്യ ക്ഷേമ ട്രസ്റ്റുകളുടെ സ്ഥാപകനും ഉപഭോക്തൃ അവകാശ പ്രവർത്തകനുമാണ്. ലോകമെങ്ങും യോഗയുടെ പ്രചാരണത്തിനും നിസ്വാർത്ഥ സേവനത്തിനും അറിയപ്പെടുന്ന അദ്ദേഹം 1945 മെയ് 18-ന് തമിഴ്നാട്ടിലെ ഈറോഡ് ജില്ലയിലാണ് ജനിച്ചത്. ഡോ. മയിലാനന്ദന് സ്കൂൾ വിദ്യാഭ്യാസം മാത്രമാണ് ലഭിച്ചത്. ഗ്രാമീണ മേഖലയിലെ അഭ്യസ്തവിദ്യർക്കും അല്ലാത്തവർക്കുമിടയിൽ സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കാൻ അദ്ദേഹം മുൻകൈയെടുക്കുകയും വർഷം മുഴുവൻ തൊഴിലവസരങ്ങൾ നൽകുകയും ചെയ്തു. വിപണിയും വിലയും സംബന്ധിച്ച് കർഷകർ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് പഠിക്കുകയും വിശകലനം ചെയ്യുകയും ചെയ്ത അദ്ദേഹം പുതുതായി ഉണ്ടാകുന്ന പക്ഷിപ്പനികൾ തടയുകയെന്ന ലക്ഷ്യത്തോടെ നിരവധി സെമിനാറുകളും യോഗങ്ങളും സംഘടിപ്പിച്ചു. സാമൂഹ്യ പ്രവർത്തനത്തിന് അംഗീകാരമായി 2013-ൽ രാജ്യം അദ്ദേഹത്തിന് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു.





പത്മ ഭൂഷൺ



## മമ്മൂട്ടി

മമ്മൂട്ടി എന്ന പേരിൽ അറിയപ്പെടുന്ന മുഹമ്മദ് കുട്ടി പനപ്പറമ്പിൽ ഇസ്മായിൽ പ്രശസ്ത ഇന്ത്യൻ ചലച്ചിത്ര നടനും നിർമാതാവുമാണ്. ദക്ഷിണേന്ത്യൻ സിനിമകളിൽ സജീവമായ അദ്ദേഹം പ്രധാനമായും മലയാള ചലച്ചിത്ര മേഖലയിലാണ് പ്രവർത്തിക്കുന്നത്. 1951 സെപ്റ്റംബർ 7-ന് ജനിച്ച മമ്മൂട്ടിക്ക് കൃഷിയിലും ഗ്രാമീണ ജീവിതത്തിലും ആഴത്തിൽ വേരൂന്നിയ കർഷക പശ്ചാത്തലമുണ്ട്. അഞ്ച് പതിറ്റാണ്ടിലേറെ നീണ്ട സിനിമാ ജീവിതത്തിൽ മലയാളത്തിന് പുറമെ തമിഴ്, തെലുങ്ക്, കന്നഡ, ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിലടക്കം 400-ലേറെ ചിത്രങ്ങളിൽ അദ്ദേഹം അഭിനയിച്ചു. ഇന്ത്യൻ സിനിമയിലെ ഏറ്റവും മികച്ച നടന്മാരിലൊരാളായി മമ്മൂട്ടി അറിയപ്പെടുന്നു. ചലച്ചിത്രരംഗത്തെ സംഭാവനകൾക്ക് പുറമെ മാനുഷിക പ്രവർത്തനങ്ങളിലും സാമൂഹ്യ വികസനത്തിലും അദ്ദേഹം സജീവ പങ്കുവഹിക്കുന്നു. സിനിമയ്ക്കും കലയ്ക്കും നൽകിയ സംഭാവനകൾ പരിഗണിച്ച് 1998-ൽ പത്മശ്രീ പുരസ്കാരം നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു.

## വെള്ളാപ്പള്ളി നടേശൻ

കേരളത്തിലെ പ്രമുഖ സാമൂഹ്യനേതാവും വിശിഷ്ട വ്യക്തിത്വവുമാണ് വെള്ളാപ്പള്ളി നടേശൻ. ശ്രീനാരായണ ധർമ പരിപാലന യോഗത്തിന്റെ ജനറൽ സെക്രട്ടറിയായും ശ്രീനാരായണ ട്രസ്റ്റിന്റെ സെക്രട്ടറിയായും അദ്ദേഹം സേവനമനുഷ്ഠിക്കുന്നു. ആലപ്പുഴ ജില്ലയിലെ കണിച്ചുകുളങ്ങരയിൽ 1937 സെപ്റ്റംബർ 10-ന് ജനിച്ച നടേശൻ പിന്നാക്ക വിഭാഗങ്ങളുടെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായ പുരോഗതിക്കായി പ്രതിബദ്ധതയോടെ നിലകൊള്ളുന്ന പ്രധാന നേതാവായി ഉയർന്നുവന്നു. 1903-ൽ ശ്രീനാരായണ ഗുരു സ്ഥാപിച്ച എസ്.എൻ.ഡി.പി യോഗം പ്രസ്ഥാനത്തിന് അദ്ദേഹം പുത്തൻ ഉണർവേകി. 1996 മുതൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഈ സംഘടന താഴെത്തട്ടിൽ വ്യാപിക്കുകയും ആധുനിക സാമൂഹ്യ-സാമ്പത്തിക പ്രസ്ഥാനമായി മാറുകയും ചെയ്തു. അദ്ദേഹത്തിന്റെ കാലയളവിൽ ശാഖകളുടെ എണ്ണം 3,000-ൽ നിന്ന് 6,000-ത്തിലേറെയായി വർധിച്ചു. ശാഖാ തലത്തിൽ കുടുംബ യൂണിറ്റുകൾ അവതരിപ്പിച്ച നടേശൻ സംഘടനയെ ഫലപ്രദമായി ഓരോ കുടുംബങ്ങളിലേക്കും എത്തിച്ചു.





## പത്മ ഭൂഷൺ

### ഡോ. ദത്താത്രേയദു നോരി



അന്താരാഷ്ട്ര തലത്തിൽ പ്രശസ്തനായ ഒരു അർബുദ രോഗ വിദഗ്ധനും ഈ രംഗത്ത് വർഷങ്ങളുടെ അനുഭവസമ്പത്തുള്ള ചികിത്സകനും വിശിഷ്ട പണ്ഡിതനുമാണ് ഡോ. ദത്താത്രേയദു നോരി. ആരോഗ്യരംഗത്തെ നാല് പതിറ്റാണ്ടിലേറെ നീണ്ട സേവനത്തിനിടെ ന്യൂയോർക്കിലെ ലോകപ്രശസ്ത കോർണൽ മെഡിക്കൽ സെന്ററിൽ അർബുദ വിഭാഗം പ്രൊഫസറായും ചെയർമാനായും കാൻസർ സെന്റർ ഡയറക്ടറായും അദ്ദേഹം സേവനമനുഷ്ഠിച്ചു. അർബുദ ചികിത്സയിലെ വിവിധ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിൽ അദ്ദേഹം വഹിച്ച ആദ്യകാല പങ്കിന്റെ പേരിൽ അംഗീകരിക്കപ്പെട്ട അദ്ദേഹത്തിന്റെ ചികിത്സാരീതികൾ രോഗമുക്തി നിരക്ക് ഗണ്യമായി മെച്ചപ്പെടുത്താനും ആഗോളതലത്തിൽ രോഗികളുടെ ജീവൻ രക്ഷിക്കാനും സഹായിച്ചു. 1947 ഒക്ടോബർ 18-ന് ജനിച്ച ഡോ. നോരി വിവിധ ഗവൺമെന്റുകളുമായും സ്വകാര്യ സ്ഥാപനങ്ങളുമായും സഹകരിച്ച് കാൻസർ സെന്ററുകൾ സ്ഥാപിക്കുന്നതിൽ വൈദഗ്ധ്യം പങ്കിട്ടു. വൈദ്യശാസ്ത്ര മേഖലയിലെ സംഭാവനകൾ പരിഗണിച്ച് 2015-ൽ രാജ്യം അദ്ദേഹത്തിന് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു.

### ഷിബു സോറൻ (മരണാനന്തര പുരസ്കാരം)



'ദിശോം ഗുരു' എന്ന് ഭക്ത്യാദരപൂർവം വിളിക്കപ്പെടുന്ന ഷിബു സോറൻ ഒരു പ്രമുഖ ഗോത്രവർഗ നേതാവും സാമൂഹ്യപരിഷ്കർത്താവും ജാർഖണ്ഡ് പ്രസ്ഥാനത്തിന്റെ പ്രധാന ശില്പികളിലൊരാളുമായിരുന്നു. ആത്മാഭിമാനം, വ്യക്തിത്വം, നീതി, സ്വയംഭരണം എന്നിവയുമായി ബന്ധപ്പെട്ട ഗോത്രവർഗ സമൂഹങ്ങളുടെ ദീർഘകാല അഭിലാഷങ്ങൾ സാക്ഷാത്കരിക്കാൻ നിലകൊണ്ട ഉറച്ചതും ധാർമികവുമായ രാഷ്ട്രീയ ശബ്ദമായിരുന്നു അദ്ദേഹം. ജലം, വനം, ഭൂമി എന്നിവയുടെ ധാർമിക സംരക്ഷണത്തിന്റെ തത്വം ഉൾക്കൊണ്ടതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. 1944 ജനുവരി 11-ന് ജാർഖണ്ഡിലെ രാംഗഡ് ജില്ലയിൽ നെംറ ഗ്രാമത്തിലെ ഒരു സാധാരണ സന്താൾ ഗോത്രവർഗ കുടുംബത്തിലാണ് സോറൻ ജനിച്ചത്. മൂന്ന് തവണ ജാർഖണ്ഡ് മുഖ്യമന്ത്രിയായി സേവനമനുഷ്ഠിച്ച അദ്ദേഹം കേന്ദ്ര കൽക്കരി മന്ത്രിസ്ഥാനവും വഹിച്ചു. ദശലക്ഷക്കണക്കിന് പേർക്ക് സോറൻ ഒരു രാഷ്ട്രീയക്കാരൻ മാത്രമായിരുന്നില്ല, ഓർമകളുടെയും പ്രതിരോധത്തിന്റെയും പ്രത്യാശയുടെയും സംരക്ഷകൻ കൂടിയായിരുന്നു. ഗോത്രവർഗ അവകാശങ്ങൾ, സാമൂഹ്യ നീതി, ജനാധിപത്യ മൂല്യങ്ങൾ, പ്രകൃതിവിഭവങ്ങൾക്കുമേൽ പ്രാദേശിക സമൂഹങ്ങളുടെ അവകാശങ്ങൾ എന്നിവയ്ക്കായി അദ്ദേഹം നിരന്തരം വാദിച്ചു. 2025 ഓഗസ്റ്റ് 4-നാണ് ഷിബു സോറൻ അന്തരിച്ചത്.

### അൽക്ക യാഗ്നിക്



പ്രശസ്ത ഇന്ത്യൻ ചലച്ചിത്ര പിന്നണി ഗായികയാണ് അൽക്ക യാഗ്നിക്. നാല് പതിറ്റാണ്ടിലേറെ നീണ്ട സംഗീത ജീവിതത്തിൽ മധുരമാർന്ന ശബ്ദംകൊണ്ടും കലാപരമായ മികവിലൂടെയും അചഞ്ചലമായ സമർപ്പണത്താലും അവർ ഇന്ത്യൻ സിനിമയെയും സാംസ്കാരിക പൈതൃകത്തെയും ഏറെ സമ്പന്നമാക്കി. അമ്മ ശുഭ യാഗ്നിക്കിന്റെ മാർഗനിർദേശത്തിലാണ് അവർ ഇന്ത്യൻ ശാസ്ത്രീയ സംഗീതത്തിൽ പ്രാരംഭ പരിശീലനം നേടിയത്. 1960 മാർച്ച് 20-ന് കൊൽക്കത്തയിൽ ജനിച്ച യാഗ്നിക് കലാപരമായ സവിശേഷ വിവേകത്തെയും മധുരമാർന്ന വ്യക്തിത്വത്തെയും രൂപപ്പെടുത്തിയ ശക്തമായ ശാസ്ത്രീയ സംഗീത അടിത്തറയോടെയാണ് സംഗീത യാത്രയ്ക്ക് തുടക്കം കുറിച്ചത്. യൂട്യൂബിൽ ഏറ്റവും ജനപ്രിയ സംഗീതജ്ഞയെന്ന ബഹുമതിയും യാഗ്നിക്കിനുണ്ട്. ഇന്ത്യൻ സംഗീതത്തിന് നൽകിയ മികച്ച സംഭാവനകൾക്ക് അഭിമാനകരമായ നിരവധി പുരസ്കാരങ്ങളും ബഹുമതികളും നൽകി രാജ്യം അവരെ ആദരിച്ചു. പതിറ്റാണ്ടുകളായി നിലനിൽക്കുന്ന കലാപരമായ ശാശ്വത നേട്ടങ്ങളും ജനപ്രീതിയും അവരുടെ അസാധാരണ പ്രതിഭയുടെയും കലയോടുള്ള അചഞ്ചലമായ പ്രതിബദ്ധതയുടെയും തെളിവായി നിലകൊള്ളുന്നു. ●




പ്രധാനമന്ത്രിയുടെ പരിപാടി പൂർണമായി കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക

# ഇന്ത്യ

## ഗ്ലോബൽ സൗത്ത് രാഷ്ട്രങ്ങളുടെ അഭിലാഷങ്ങൾക്കും പ്രതീക്ഷകൾക്കും കരുത്തുറ്റ ശബ്ദം

*ഗവൺമെന്റിന്റെ നയങ്ങളും ദീർഘവീക്ഷണ നേതൃത്വവും ഇന്ത്യയുടെ ആഗോള പദവിയെ മാറ്റിമറിച്ചു. ഇന്ന് സ്വന്തം ആഗ്രഹങ്ങൾക്കും ആവശ്യങ്ങൾക്കും മാത്രമല്ല, ഗ്ലോബൽ സൗത്ത് രാഷ്ട്രങ്ങളുടെ പ്രതീക്ഷകൾക്കും ആവശ്യങ്ങൾക്കും കരുത്തുറ്റ ശബ്ദമായി മാറിയിരിക്കുകയാണ് ഇന്ത്യ. തുടർച്ചയായി എട്ടാം തവണയും ജി7 ഉച്ചകോടിയിലേക്ക് ലഭിച്ച ക്ഷണം ഇന്ത്യയുടെ വർധിച്ചുവരുന്ന ആഗോള സ്വാധീനത്തിന്റെയും വിശ്വാസ്യതയുടെയും തെളിവാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദി ജൂൺ 13 മുതൽ 18 വരെ ഔദ്യോഗിക സ്ലൊവാക്യ സന്ദർശനത്തിനൊപ്പം ജി 7 ഉച്ചകോടിക്കായി ഫ്രാൻസും സന്ദർശിച്ചു. സന്ദർശന വേളയിൽ, യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഉൾപ്പെടെ നിരവധി ആഗോള നേതാക്കളുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തുകയും സഹകരണത്തെക്കുറിച്ചും നിർണായക ആഗോള പ്രശ്നങ്ങളെക്കുറിച്ചും വിശദമായ ചർച്ചകൾ നടത്തുകയും ചെയ്തു.*

ആഗോള ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും ലോകം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും പ്രധാനമന്ത്രി നരേന്ദ്ര മോദി ചർച്ച ചെയ്തു. G-7 ഉച്ചകോടിയിൽ പങ്കെടുത്ത അദ്ദേഹം വിവിധ ആഗോള നേതാക്കളുമായി ഉഭയകക്ഷി ചർച്ചകൾ നടത്തി. സന്ദർശന വേളയിൽ സാങ്കേതികവിദ്യയ്ക്കും നൂതനാശയങ്ങൾക്കുമായി സംഘടിപ്പിക്കുന്ന യൂറോപ്പിലെ ഏറ്റവും വലിയ പരിപാടിയായ 'വിവാടെക് 2026'-ൽ പ്രധാനമന്ത്രി പങ്കെടുത്തു; പരിപാടിയിൽ ഏറ്റവും വലിയ ദേശീയ പവലിയനാണ് ഇന്ത്യ ആതിഥേയത്വം വഹിച്ചത്. കൂടാതെ 'ഇന്ത്യ ഇന്നൊവേറ്റ്സ്' പരിപാടിയിൽ പ്രധാനമന്ത്രി മോദിയും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണും പങ്കെടുത്തു. പാരിസിലെ ഇന്ത്യൻ സമൂഹത്തിലെ അംഗങ്ങളുമായും പ്രധാനമന്ത്രി മോദി കൂടിക്കാഴ്ച നടത്തി. 'സബ്കാ സാഥ്, സബ്കാ വികാസ്, സബ്കാ വിശ്വാസ്, സബ്കാ പ്രയാസ്' എന്ന തത്വത്തെ അടിസ്ഥാനമാക്കി ഇന്ത്യ ആവിഷ്കരിച്ച എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനത്തെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി എടുത്തുപറഞ്ഞു

**"ജി7 രാജ്യങ്ങളുടെ മൂലധനവും ഇന്ത്യയുടെ പ്രതിഭയും ആഗോള ദക്ഷിണ രാഷ്ട്രങ്ങളുടെ ഉടമസ്ഥതയും സംയോജിപ്പിച്ച് കണക്റ്റിവിറ്റിയും വ്യാപാരവും ത്വരിതപ്പെടുത്താൻ ഒരു 'ഇന്റർനാഷണൽ മൊബിലൈസേഷൻ പാർട്ണർഷിപ്പ് ഫോർ ആക്സിലറേറ്റിംഗ് കണക്റ്റിവിറ്റി ആൻഡ് ട്രേഡ്' (IMPACT) സ്ഥാപിക്കുന്നത് നമുക്ക് പരിഗണിക്കാം. വ്യാപാരം, സാങ്കേതികവിദ്യ, ഊർജം, അവസരങ്ങൾ എന്നിവയെ പരസ്പരം ബന്ധിപ്പിക്കുന്ന ഇടനാഴികൾ സൃഷ്ടിക്കുകയായിരിക്കണം ഇതിന്റെ ലക്ഷ്യം.**

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*

## ഒരു ഇന്ത്യൻ പ്രധാനമന്ത്രിയുടെ ആദ്യ സ്ലോവാക്യ സന്ദർശനം

1993-ൽ നയതന്ത്ര ബന്ധം സ്ഥാപിതമായത് മുതൽ പരമ്പരാഗത സൗഹൃദം, വിശ്വാസം, സമത്വം, പരസ്പര ബഹുമാനം എന്നിവയിലധിഷ്ഠിതമായ ബഹുമുഖ സഹകരണമാണ് ഇന്ത്യയും സ്ലൊവാക്യയും തമ്മിൽ വികസിപ്പിച്ചെടുത്തിരിക്കുന്നത്. സാമ്പത്തിക സഹകരണത്തിന് സാധ്യതകളേറിയ മേഖലകൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഇന്ത്യ-സ്ലൊവാക്യ സംയുക്ത സാമ്പത്തികകാര്യ സമിതിയുടെ പങ്ക് കൂടുതൽ ശക്തിപ്പെടുത്താൻ ധാരണയായി. വർധിച്ചുവരുന്ന സാമ്പത്തിക, വ്യാപാര ഇടപാടുകളും ജനങ്ങൾ തമ്മിലെ ബന്ധവും സുഗമമാക്കാൻ ഇന്ത്യയും സ്ലൊവാക്യയും തമ്മിൽ നേരിട്ടുള്ള വിമാന സർവീസ് സാധ്യതകൾ ആരായുന്നതിനും പ്രാധാന്യം നൽകി. വിദ്യാഭ്യാസ, ശാസ്ത്ര മേഖലകളിലെ പരസ്പര കൈമാറ്റങ്ങൾ ആഴത്തിലാക്കുന്നതിന് വിദ്യാർത്ഥികൾ, അക്കാദമിക വിദഗ്ധർ, ഗവേഷകർ എന്നിവരുടെ യാത്രകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഇരു നേതാക്കളും അംഗീകാരം നൽകി.



## ഓർഡർ ഓഫ് ദി വൈറ്റ് ഡബിൾ ക്രോസ്, ഫസ്റ്റ് ക്ലാസ്

സ്ലോവാക്യയുടെ ഏറ്റവും ഉയർന്ന ബഹുമതിയായ 'ഓർഡർ ഓഫ് ദി വൈറ്റ് ഡബിൾ ക്രോസ്, ഫസ്റ്റ് ക്ലാസ്' പ്രസിഡന്റ് പീറ്റർ പെല്ലെഗ്രിനി പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് സമ്മാനിച്ചു. വിശിഷ്ട പദവിക്ക് പ്രസിഡന്റിനോടും സ്ലൊവാക്യയിലെ ജനങ്ങളോടും പ്രധാനമന്ത്രി മോദി നന്ദി രേഖപ്പെടുത്തി. പുരസ്കാരം ഇന്ത്യയിലെ 140 കോടി ജനങ്ങൾക്കും ഇരുരാജ്യങ്ങളും തമ്മിലുള്ള സൗഹൃദ ബന്ധത്തിനും സമർപ്പിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു.

**ഇതുവരെ ആകെ 34 രാജ്യങ്ങളാണ് ഏറ്റവും ഉയർന്ന ഔദ്യോഗിക ബഹുമതി പ്രധാനമന്ത്രി മോദിക്ക് നൽകി ആദരിച്ചത്.**



ഫ്രാൻസിലെ ഏവിയാനിൽ നടന്ന G-7 ഉച്ചകോടിയിൽ, 'സന്തുലിതവും പങ്കിട്ടതും സുസ്ഥിരവുമായ സാമ്പത്തിക വളർച്ച എല്ലാവർക്കും' എന്ന വിഷയത്തിൽ ഔട്ട്റീച്ച് സെഷനെ പ്രധാനമന്ത്രി മോദി അഭിസംബോധന ചെയ്തു. 'നിർമിതബുദ്ധിയുടെ സുരക്ഷിതവും വേഗമേറിയതും കാര്യക്ഷമവുമായ വ്യാപനം ഉറപ്പാക്കുക' എന്ന പ്രമേയത്തിൽ മറ്റൊരു സെഷനെയും അദ്ദേഹം അഭിസംബോധന ചെയ്തു. G-20 അധ്യക്ഷപദവിയിൽ ഇന്ത്യ മുന്നോട്ടുവെച്ച 'ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി' എന്ന മുദ്രാവാക്യത്തിൽ എല്ലാവരെയും ഉൾക്കൊള്ളുന്ന ഇന്ത്യയുടെ വികസന മന്ത്രം പ്രതിഫലിച്ചിരുന്നു. സമാനമായ കാഴ്ചപ്പാടാണ് ഇന്ത്യ-പശ്ചിമേഷ്യ-യൂറോപ്പ് സാമ്പത്തിക ഇടനാഴിയുടെയും അടിസ്ഥാനം. വിതരണ ശൃംഖലകൾ ശക്തിപ്പെടുത്തുക, നിക്ഷേപ-തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യം. പ്രതിസന്ധികളും സംഘർഷങ്ങളും ഗ്ലോബൽ സൗത്ത് രാഷ്ട്രങ്ങളിൽ കടുത്തതും പ്രതികൂലവുമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഈ രാജ്യങ്ങളുടെ ഭാരം ലഘൂകരിക്കുന്നതിന് അന്താരാഷ്ട്ര ഐക്യദാർഢ്യത്തിനും സഹകരണത്തിനും പ്രധാനമന്ത്രി മോദി ആഹ്വാനം ചെയ്തു. വികസ്വര രാജ്യങ്ങൾക്ക് സാമ്പത്തിക പ്രതിരോധശേഷി നൽകാൻ ശേഷിയുള്ള പിന്തുണാ സംവിധാനങ്ങൾ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾ വികസിപ്പിക്കണമെന്ന് അദ്ദേഹം നിർദേശിച്ചു. G-7 രാജ്യങ്ങളുടെ മൂലധനം, ഇന്ത്യൻ പ്രതിഭ, ആഗോള ദക്ഷിണ രാഷ്ട്രങ്ങളുടെ ഉടമസ്ഥത എന്നിവ സംയോജിപ്പിക്കാനാവുന്ന കൂട്ടായ്മ (IMPACT) രൂപീകരിക്കാനും പ്രധാനമന്ത്രി നിർദേശിച്ചു.

*രണ്ടാം ലോകമഹായുദ്ധ സമയത്ത് സ്ലൊവാക്യയുടെ വിമോചനത്തിൽ നിർണായക പങ്കുവഹിച്ച ധീര സൈനികർക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ആദരാഞ്ജലിയർപ്പിച്ചു.*

# 'ഇന്ത്യ ഇന്നൊവേറ്റ്സ് 2026' പരിപാടിയിൽ പ്രധാനമന്ത്രി മോദി പങ്കെടുത്തു

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണും ചേർന്ന് ഫ്രാൻസിലെ നൈസിൽ ഇന്ത്യ ഇന്നൊവേറ്റ്സ് 2026 പരിപാടി ഉദ്ഘാടനം ചെയ്തു. നൂതന സാങ്കേതികവിദ്യകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഇന്ത്യൻ സ്റ്റാർട്ടപ്പുകൾ, നൂതനാശയക്കാർ, ഗവേഷകർ, നിക്ഷേപകർ, ആഗോള ഇന്നൊവേഷൻ ഫണ്ടുകൾ എന്നിവയെ ഈ പരിപാടിയിലൂടെ ഒരൊറ്റ പ്ലാറ്റ്ഫോമിൽ ഒരുമിച്ച് കൊണ്ടുവന്നു. ലോകമെമ്പാടുമുള്ള 350-ലധികം പ്രമുഖ നിക്ഷേപകരും വെഞ്ചർ ക്യാപിറ്റലിസ്റ്റുകളും പങ്കെടുത്തു. സ്റ്റാർട്ടപ്പുകളെ അവയുടെ വിപണി മൂല്യത്തിലുപരി, മാനവികതയിൽ അവ ചെലുത്തുന്ന സ്വാധീനം കൊണ്ടും കൂടി വിലയിരുത്തണമെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. ക്വാണ്ടം കമ്പ്യൂട്ടിംഗ്, സെമികണ്ടക്ടറുകൾ, ജൈവസാങ്കേതിക വിദ്യ, പ്രതിരോധം, ബഹിരാകാശം, ആരോഗ്യ സംരക്ഷണം, മെഡിക്കൽ സാങ്കേതികവിദ്യ, നൂതന പദാർത്ഥങ്ങൾ, ശുദ്ധമായ ഊർജ്ജം തുടങ്ങിയ സുപ്രധാന മേഖലകളിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളുമായും ഇന്നൊവേറ്റർമാരുമായും അദ്ദേഹം സംവദിച്ചു.




*പ്രധാനമന്ത്രിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണുന്നതിന് ക്യുആർ കോഡ് സ്കാൻ ചെയ്യുക*




# പ്രധാനമന്ത്രി നരേന്ദ്ര മോദിയും യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപും തമ്മിലുള്ള കൂടിക്കാഴ്ച

ജി-7 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപും തമ്മിൽ സുപ്രധാനമായ ഒരു കൂടിക്കാഴ്ച നടന്നു. ആഗോള, ഉഭയകക്ഷി താത്പര്യമുള്ള വിഷയങ്ങളിൽ ഇരു നേതാക്കളും ചർച്ച നടത്തി. ഹോർമുസ് കടലിടുക്കിൽ സുരക്ഷിതവും തടസ്സരഹിതവുമായ സമുദ്രവ്യാപാരം സാധ്യമാക്കേണ്ടതിന്റെയും നാവികരുടെ സുരക്ഷ ഉറപ്പാക്കേണ്ടതിന്റെയും പ്രാധാന്യം യോഗത്തിൽ പ്രധാനമന്ത്രി മോദി ഊന്നിപ്പറഞ്ഞു. പശ്ചിമേഷ്യൻ സംഘർഷം അവസാനിപ്പിക്കാനും മേഖലയിൽ സമാധാനം സ്ഥാപിക്കാനുമുള്ള പ്രസിഡന്റ് ട്രംപിന്റെ ശ്രമങ്ങളെ അദ്ദേഹം പ്രശംസിച്ചു. 2025 ഫെബ്രുവരിയിൽ വാഷിംഗ്ടണിൽ നടന്ന കൂടിക്കാഴ്ചയ്ക്ക് ശേഷം പ്രതിരോധം, ആധുനിക സാങ്കേതികവിദ്യ, ഊർജ്ജം, വ്യാപാരം എന്നീ മേഖലകളിൽ കൈവരിച്ച പുരോഗതി ഇരു നേതാക്കളും അവലോകനം ചെയ്തു. ഇന്ത്യയും യുഎസും തമ്മിലുള്ള വ്യാപാര കരാറുമായി ബന്ധപ്പെട്ട ചർച്ചകൾ പുരോഗമിക്കുന്നതിൽ സംതൃപ്തി പ്രകടിപ്പിച്ച രാഷ്ട്ര നേതാക്കൾ ഇരു പക്ഷത്തിനും പ്രയോജനകരമായ ഒരു സന്തുലിത കരാർ എത്രയും വേഗം അന്തിമമാക്കാൻ ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചു.

ഇംപാക്ട് (കണക്റ്റിവിറ്റിയും വ്യാപാരവും ത്വരിതപ്പെടുത്തുന്നതിനുള്ള അന്താരാഷ്ട്ര സമാഹരണ കൂട്ടായ്മ) എന്ന പേരിൽ ഒരു പുതിയ പങ്കാളിത്തം സൃഷ്ടിക്കാൻ പ്രധാനമന്ത്രി നിർദ്ദേശിച്ചു. ജി-7 രാജ്യങ്ങളിൽ നിന്നുള്ള മൂലധനം, ഇന്ത്യയുടെ വൈദഗ്ധ്യമുള്ള തൊഴിൽ ശക്തി, ഗ്ലോബൽ സൗത്ത് രാജ്യങ്ങളുടെ സജീവ പങ്കാളിത്തം എന്നിവ സമന്വയിപ്പിക്കുക എന്നതാണ് ഇതിന് പിന്നിലെ അടിസ്ഥാന ആശയം.

ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിൽ പ്രധാനമന്ത്രി മോദിയും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണും ചർച്ചകൾ നടത്തി. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഉഭയകക്ഷി വ്യാപാരം ഇരട്ടിയാക്കാനും ചെറുകിട വ്യവസായങ്ങൾ, റെയിൽവേ, വ്യോമയാനം തുടങ്ങിയ മേഖലകളിലെ സഹകരണം വർദ്ധിപ്പിക്കാനുമുള്ള തീരുമാനങ്ങൾ കൈക്കൊണ്ടു. 'ഹൊറൈസൺ 2047 രൂപരേഖ' മുഖേന ബഹിരാകാശ മേഖലയിൽ സ്വകാര്യ കമ്പനികളെ പ്രോത്സാഹിപ്പിക്കുന്നതിനെക്കുറിച്ചും സാങ്കേതികവിദ്യയും നൂതനാശയങ്ങളും ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും ഇരു നേതാക്കളും ചർച്ച ചെയ്തു. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് കാൺപൂരിൽ എയറോനോട്ടിക്സിനായുള്ള ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കും, കൂടാതെ ഇന്ത്യയിൽ കാമ്പസുകൾ തുറക്കാൻ ഫ്രഞ്ച് സർവകലാശാലകളെ ക്ഷണിച്ചിട്ടുണ്ട്. ലോത്തലിലെ നാഷണൽ മാരിടൈം ഹെറിറ്റേജ് കോംപ്ലക്സ് ഉൾപ്പെടെ ഇരു രാജ്യങ്ങളിലെയും മ്യൂസിയങ്ങൾ തമ്മിലുള്ള സാംസ്കാരിക സഹകരണം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും ഉക്രെയ്നിലെയും പശ്ചിമേഷ്യയിലെയും സാഹചര്യങ്ങൾ അടക്കമുള്ള ആഗോള വിഷയങ്ങളെക്കുറിച്ചും വിശദമായ ചർച്ചകൾ നടന്നു.



# ഇന്ത്യ-സീഷെൽസ് സൗഹൃദത്തിന്റെ 50 സുവർണ്ണ വർഷങ്ങൾ

*പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യൻ മഹാസമുദ്രത്തിലെ ഒരു പ്രധാന ദ്വീപ് രാഷ്ട്രമായ സീഷെൽസ് സന്ദർശിച്ചു. സമുദ്രാതിർത്തിയിലെ ഇന്ത്യയുടെ അടുത്ത അയൽരാജ്യവും തന്ത്രപ്രധാന പങ്കാളിയുമാണ് സീഷെൽസ്. ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര ബന്ധത്തിന്റെ 50–ാം വാർഷികത്തിലായിരുന്നു സന്ദർശനം. സന്ദർശന വേളയിൽ, സഹകരണം ശക്തിപ്പെടുത്തുന്നതിനായി ഇന്ത്യയും സീഷെൽസും ഒട്ടേറെ സുപ്രധാന കരാറുകളിൽ ഒപ്പുവച്ചു. സീഷെൽസിന്റെ ദേശീയ അസംബ്ലിയെ അഭിസംബോധന ചെയ്യുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയായി നരേന്ദ്ര മോദി മാറി. കൂടാതെ, സീഷെൽസ് ദേശീയ ദിനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ വിശിഷ്ടാതിഥിയായി പങ്കെടുത്തതിലൂടെ, ഇരു രാജ്യങ്ങളും തമ്മിലുള്ള ആഴമേറിയ ബന്ധങ്ങളെ അദ്ദേഹം പുതിയ ഉയരങ്ങളിലേക്ക് ആനയിച്ചു.*

സീഷെൽസിലേക്കുള്ള ഔദ്യോഗിക സന്ദർശന വേളയിൽ പ്രധാനമന്ത്രി മോദി പ്രസിഡന്റ് ഡോ. പാട്രിക് ഹെർമിനിയുമായി ഉഭയകക്ഷി ചർച്ച നടത്തി. ആരോഗ്യം, വിദ്യാഭ്യാസം, നൈപുണ്യ വികസനം, ഡിജിറ്റൽ പരിവർത്തനം, സുസ്ഥിര വികസനം, സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ, പുനരുപയോഗ ഊർജ്ജം, സമുദ്ര സുരക്ഷ, പ്രതിരോധം തുടങ്ങിയ മേഖലകളിലെ സഹകരണത്തെക്കുറിച്ച് ചർച്ചകളിൽ ശക്തമായ സമവായം ഉരുത്തിരിഞ്ഞു. ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ ലഹരിമരുന്ന് കടത്ത്, കടൽക്കൊള്ള തുടങ്ങിയ വെല്ലുവിളികൾ ഉൾപ്പെടെയുള്ള പ്രാദേശിക, ആഗോള വെല്ലുവിളികളും ചർച്ചയായി.



## പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് 'ഗാർഡിയൻ ഓഫ് ദി ബ്ലൂ ഹൊറൈസൺ' ബഹുമതി നൽകി

സീഷെൽസ് പ്രസിഡന്റ് ഡോ. പാട്രിക് ഹെർമിനി, പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് പ്രസിഡന്റിന്റെ പ്രത്യേക ബഹുമതിയായ 'ഗാർഡിയൻ ഓഫ് ദി ബ്ലൂ ഹൊറൈസൺ' നൽകി ആദരിച്ചു. പരിസ്ഥിതി സംരക്ഷണത്തിലെ അദ്ദേഹത്തിന്റെ നേതൃത്വം, വികസ്വര രാജ്യങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ഉദ്യമങ്ങൾ, സമുദ്ര സമ്പദ് വ്യവസ്ഥ, കാലാവസ്ഥാ പ്രവർത്തനം, സമുദ്ര വിഭവങ്ങളുടെ സുസ്ഥിര ഉപയോഗം എന്നിവയോടുള്ള അദ്ദേഹത്തിന്റെ ശക്തമായ പ്രതിബദ്ധത എന്നിവ മാനിച്ചാണ് ഈ പുരസ്കാരം നൽകിയത്. ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ നൈപുണ്യ വികസനം, പരിസ്ഥിതി സംരക്ഷണം, സുസ്ഥിര വികസനം, പൊതു ലക്ഷ്യങ്ങളിലെ സഹകരണം തുടങ്ങിയ മേഖലകളിൽ ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന സ്വാധീനത്തെ സീഷെൽസ് അംഗീകരിക്കുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു.

## സീഷെൽസിന് സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികം

സീഷെൽസ് സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികാഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്തു. സീഷെൽസിന്റെ ദേശീയ ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയാണ് അദ്ദേഹം. സീഷെൽസ് സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടന്ന ദേശീയ പരേഡിൽ ഇന്ത്യൻ സായുധ സേനയിലെ അംഗങ്ങളും പങ്കെടുത്തു.

## സന്ദർശനത്തിന്റെ പ്രധാന നേട്ടങ്ങൾ...

- ഇന്ത്യയും സീഷെൽസും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ദ്രുതഗതിയിൽ മുന്നോട്ട്, ഇത് ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാരം വർദ്ധിപ്പിക്കും.
- ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങളിൽ ഇന്ത്യയുടെ വിജയകരമായ അനുഭവങ്ങൾ സീഷെൽസുമായി പങ്കിടും.
- സീഷെൽസിൽ നിന്നുള്ള സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ പരിശീലനത്തിന് ഇന്ത്യ സൗകര്യമൊരുക്കും.
- 'ജൻ ഔഷധി' സംബന്ധിച്ച ധാരണാപത്രത്തിൽ ഒപ്പുവച്ചു; ഇത് ജനങ്ങൾക്ക് താങ്ങാവുന്ന നിരക്കിൽ ഗുണനിലവാരമുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പാക്കും.
- ബഹിരാകാശ മേഖലയിൽ ഒരുമിച്ച് മുന്നേറാൻ ഇരു രാജ്യങ്ങളും തീരുമാനിച്ചു.

## പ്രധാനമന്ത്രി നരേന്ദ്ര മോദി സീഷെൽസ് ദേശീയ അസംബ്ലിയെ അഭിസംബോധന ചെയ്തു

സീഷെൽസിന്റെ ദേശീയ അസംബ്ലിയെ അഭിസംബോധന ചെയ്യുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയായി നരേന്ദ്ര മോദി മാറി. '2015 ൽ പ്രധാനമന്ത്രിയായതിനുശേഷം ഞാൻ സന്ദർശിച്ച ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ ആദ്യ രാജ്യമാണ് സീഷെൽസ്. പ്രധാനമന്ത്രി എന്ന നിലയിൽ ആഫ്രിക്കയിലേക്കുള്ള എന്റെ ആദ്യ സന്ദർശനം കൂടിയായിരുന്നു അത്. ഇന്ത്യൻ മഹാസമുദ്രത്തെക്കുറിച്ചുള്ള ഇന്ത്യയുടെ ദർശനത്തിൽ സീഷെൽസിന് ഒരു പ്രധാന സ്ഥാനമുണ്ടെന്ന് വിശ്വസിക്കുന്നതിനാലാണ് ഞാൻ ഇവിടെ എത്തിയത്. ഒരു ദശാബ്ദത്തിനുശേഷം ഇവിടെ തിരിച്ചെത്തിയതോടെ ആ ബോധ്യം കൂടുതൽ ശക്തമായി', അദ്ദേഹം പറഞ്ഞു. ഇന്ത്യയും സീഷെൽസും തമ്മിലുള്ള സൗഹൃദം അമ്പത് വർഷങ്ങൾക്ക് മുമ്പ് ഔപചാരിക നയതന്ത്ര ബന്ധങ്ങളിൽ നിന്നല്ല, വളരെ മുമ്പുതന്നെ ആരംഭിച്ചതാണെന്നും അദ്ദേഹം പരാമർശിച്ചു. 1770 ഓഗസ്റ്റിൽ, ടെലിമാക് എന്ന കപ്പലിൽ സെന്റ് ആൻ ദ്വീപിൽ എത്തിയവരിൽ അഞ്ച് ഇന്ത്യക്കാരുണ്ടായിരുന്നതായും, അതോടെ ജനങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ ഒരു നീണ്ട ചരിത്രത്തിന് തുടക്കം കുറിച്ചതായും അദ്ദേഹം സ്മരിച്ചു.




### സീഷെൽസിന് ഇന്ത്യയുടെ സമ്മാനങ്ങൾ

- ഒരു ഫാസ്റ്റ് ഇന്റർസെപ്റ്റർ പട്രോളിംഗ് കപ്പൽ സമ്മാനമായി നൽകി
- സീഷെൽസ് പ്രതിരോധ സേനയ്ക്കായി 10 യൂട്ടിലിറ്റി വാഹനങ്ങളും 5 ലേസർ റേഡിയൽ ക്ലാസ് ബോട്ടുകളും നൽകി
- 6 ആംബുലൻസുകൾ
- 500 മെട്രിക് ടൺ അരി
- 8500 മെട്രിക് ടൺ സിമന്റ്

സീഷെൽസിന്റെ വികസന ലക്ഷ്യങ്ങളെ പിന്തുണയ്ക്കുന്നതിലും ഇരു രാജ്യങ്ങളും തമ്മിലുള്ള ദീർഘകാല, സുദൃഢ ബന്ധം ശക്തിപ്പെടുത്തുന്നതിലുമുള്ള ഇന്ത്യയുടെ പ്രതിബദ്ധത പ്രധാനമന്ത്രി നരേന്ദ്ര മോദി ഊട്ടിയുറപ്പിച്ചു. ഇന്ത്യയും സീഷെൽസും തമ്മിലുള്ള നയതന്ത്ര ബന്ധത്തിന്റെ 50 വർഷം ആഘോഷിക്കുന്ന ഒരു സംയുക്ത സ്മാരക ലോഗോയും സന്ദർശന വേളയിൽ ഇരു നേതാക്കളും ചേർന്ന് പ്രകാശനം ചെയ്തു.

പ്രധാനമന്ത്രിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണുന്നതിന് ക്യൂആർ കോഡ് സ്കാൻ ചെയ്യുക



കായികരംഗത്ത് വനിതകളുടെ സുവർണ്ണ കാലഘട്ടം

# 'ഖേലോ ഇന്ത്യ'യിൽ നിന്ന് ആഗോള വേദിയിലേക്ക്




***പരിവർത്തനത്തിന്റെയും തിളക്കത്തിന്റെയും പാതയിലാണ് ഇന്ത്യ, അതിന്റെ വ്യക്തമായ ദൃശ്യമാണ് കായിക മേഖലയിൽ. ഒട്ടേറെ വെല്ലുവിളികൾ തരണം ചെയ്ത വനിതാ കായികതാരങ്ങൾ അന്താരാഷ്ട്ര വേദികളിൽ ത്രിവർണ്ണ പതാകയുടെ അഭിമാനം ഉയർത്തുക മാത്രമല്ല, ദശലക്ഷക്കണക്കിന് യുവജനങ്ങളെ വലിയ സ്വപ്നങ്ങൾ കാണാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഒളിമ്പിക് പോഡിയങ്ങൾ മുതൽ ക്രിക്കറ്റ് പിച്ചുകളിൽ വരെ, ഈ പെൺകുട്ടികളുടെ മിന്നും പ്രകടനങ്ങൾ തെളിയിക്കുന്നത് രാജ്യത്തിന് മഹത്വം കൊണ്ടുവരുന്ന കാര്യത്തിൽ, പുതിയ ഇന്ത്യയുടെ 'നാരി ശക്തി' (സ്ത്രീശക്തി) മറ്റാരിൽ നിന്നും പിന്നിലല്ല എന്നതാണ്. വിശിഷ്യാ, വനിതാ ഹോക്കി താരങ്ങളും മറ്റ് അത്‌ലറ്റുകളും അവരുടെ മികച്ച പ്രകടനങ്ങളിലൂടെ ലോകമെമ്പാടും ഇന്ത്യയുടെ പ്രശസ്തി ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്...***

മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, ശരിയായ പ്രോത്സാഹനങ്ങൾ, 'ഖേലോ ഇന്ത്യ' പോലുള്ള ദീർഘവീക്ഷണമുള്ള ഗവണ്മെന്റ് നയങ്ങൾ എന്നിവയുടെ സ്വാധീനം ഇന്ന് രാജ്യത്തിന്റെ കായിക രംഗത്ത് വ്യക്തമായി കാണാം. ചെറിയ ഗ്രാമങ്ങളിൽ നിന്നും പട്ടണങ്ങളിൽ നിന്നുമുള്ള വനിതാ അത്‌ലറ്റുകൾ ഇപ്പോൾ അന്താരാഷ്ട്ര മത്സരങ്ങളിൽ ചരിത്രം സൃഷ്ടിക്കുന്നു. കായിക വിനോദങ്ങൾക്കുള്ള ഗവണ്മെന്റിന്റെ നിരന്തര പിന്തുണയും ആധുനിക പരിശീലന സൗകര്യങ്ങളും അവരുടെ കായിക മികവ് വികസിപ്പിക്കാൻ സഹായിച്ചു. 2026 ലെ എഫ്ഐഎച്ച് ഹോക്കി വനിതാ നേഷൻസ് കപ്പ് നേടിയതിലൂടെ ഇന്ത്യൻ വനിതാ ഹോക്കി ടീം രാജ്യത്തിന്റെ അഭിമാനം ഉയർത്തി. ആതിഥേയ ടീമായ ന്യൂസിലൻഡിനെ 2-0 ന് പരാജയപ്പെടുത്തിയാണ് രണ്ടാം തവണയും ഇന്ത്യ കിരീടം ഉറപ്പിച്ചത്.





ഒപ്പം, 2026 ലെ ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ വനിതാ 4x100 മീറ്റർ റിലേ ടീം സ്വർണ്ണം നേടി രാജ്യത്തിന് ആദരവ് നേടിത്തന്നു. ഒളിമ്പ്യൻമാരായ ശ്രബാനി നന്ദ, സ്നേഹ ഷാനുവള്ളി, സുദേഷ്ണ ശിവങ്കർ, തമന്ന എന്നിവർ വനിതകളുടെ 4x100 മീറ്റർ റിലേ ഫൈനലിൽ സീസണിലെ ഏറ്റവും മികച്ച സമയമായ 43.85 സെക്കൻഡ് കുറിച്ച് ഒന്നാം സ്ഥാനം നേടി. അവസരങ്ങളും വിഭവങ്ങളും ലഭ്യമാക്കിയാൽ, ഇന്ത്യയുടെ പെൺമക്കൾക്ക് ഏത് മേഖലയിലും ആഗോള വേദിയിൽ തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിയുമെന്ന് ഈ ചരിത്ര വിജയം വീണ്ടും തെളിയിച്ചു. സാമൂഹ്യ മാധ്യമ പ്ലാറ്റ്ഫോമായ എക്സിലെ ഒരു പോസ്റ്റിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി അറിയിച്ചു, "ഇന്ത്യൻ ഹോക്കി താരങ്ങൾ അഭിമാനവും സന്തോഷവും കൊണ്ടുവന്നു. എഫ്ഐഎച്ച് ഹോക്കി വനിതാ നേഷൻസ് കപ്പ് നേടിയ വനിതാ ടീമിന് അഭിനന്ദനങ്ങൾ. ടൂർണമെന്റിലുട നീളം ടീം മികച്ച പ്രകടനം കാഴ്ചവച്ചു. ടീമിന് ആശംസകൾ. ഈ വിജയം ഒട്ടേറെ പ്രതിഭകളെ ഹോക്കിയിലേക്ക് ആകർഷിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു."



**Narendra Modi**
@narendramodi

2014 के बाद से हमने नीतियों के स्तर पर बड़े रिफॉर्म किए हैं। इससे रक्षा उत्पादन तेजी से बढ़ने के साथ ही हमारा डिफेंस एक्सपोर्ट भी अभूतपूर्व गति से बढ़ा है।



**Rajnath Singh**
@rajnathsingh

भारतीय सशस्त्र बल हमेशा से राष्ट्रीय एकता की प्रतीक रही हैं। यहाँ भाषा, क्षेत्र, जाति या प्रांत नहीं, बल्कि केवल राष्ट्र सर्वोपरि होता है। हमारी सेनाएँ उस अखंड भारतीय भावना का जीवंत स्वरूप हैं, जहाँ विविधता ही सबसे बड़ी शक्ति है।



**Amit Shah**
@AmitShah

मोदी जी के नेतृत्व में आज टेक्नोलॉजी आधारित सुशासन का एक और महत्वपूर्ण अध्याय जुड़ रहा है। आज गांधीनगर से 'PM फैमिली केयर ट्रैकर' (FCT) के पायलट परियोजना का शुभारंभ किया। यह डैशबोर्ड विभिन्न प्रकार के डेटा को जोड़कर केंद्र व राज्य की कल्याणकारी योजनाओं का लाभ सीधे जरूरतमंद परिवारों के दरवाजे तक पहुंचाएगा। साथ ही PM ई-बस सेवा को हरी झंडी दिखाई।



**Nitin Gadkari**
@nitin_gadkari

सशक्त किसान, समृद्ध राष्ट्र की दिशा में एक और कदम!

🇮🇳 देश के किसानों के लिए वरदान साबित हो रही प्रधानमंत्री किसान सम्मान निधि (PM-KISAN) योजना की 23वीं किस्त आज प्रधानमंत्री श्री @narendramodi जी ने जारी की।

हुगली, पश्चिम बंगाल के तारकेश्वर में आयोजित इस कार्यक्रम के दौरान देश के 9.44 करोड़ से अधिक किसानों के बैंक खातों में ₹18,880 करोड़ से अधिक की राशि प्रत्यक्ष लाभ अंतरण (DBT) के माध्यम से हस्तांतरित की गई।



**Jyotiraditya M. Scindia**
@JM_Scindia

Sanchar Saathi doing what it does best. Reuniting citizens with their lost/stolen handsets.

Your phone's true saathi.

#SancharSaathi



**Ram Mohan Naidu Kin...**
@RamMNK

The Made in India C-295 reflects a stronger aerospace ecosystem, greater opportunities for MSMEs and skilled talent, and a stronger resolve towards an Aatmanirbhar Bharat.

# Register e-Zero FIRs in cyber crime cases: PM



# Modi hands over patrol vessel to Seychelles for maritime security



# AI Reshaping Industries, Driving Innovation: PM

**NEW DELHI:** Prime Minister Narendra Modi said artificial intelligence (AI) is creating fresh avenues for productivity and innovation, and reshaping industries. Responsible and inclusive AI adoption would be crucial to the acceleration of India's emergence as a developed nation by 2047, he said in a written message read out at the inaugural ceremony of the two-day summit.

"When used responsibly and allied with human judgement, AI-powered tools can improve efficiency, strengthen compliance, enable better decision-making and help professionals deliver greater value," Modi said.

**–OUR BUREAU**



# PM creates history with twin firsts

**New Delhi:** PM Narendra Modi Sunday became the first Indian PM to address Seychelles' National Assembly and was honoured with the country's first-ever "Guardian of the Blue Horizon" distinction — twin firsts on a State visit that reasserted India's position as western Indian Ocean's security and development anchor amid China's expanding presence along key sea lanes, reports **Manash Gohain**.


Hailing Modi as an embodiment of "the spirit of the Guardian of our Blue Horizon", President Patrick Herminie said the honour recognised his leadership on sustainability, the Blue Economy and ocean governance.

"I humbly accept this honour and dedicate it to all those countries that are fighting the challenge of climate change and consider envi-



# Amazon raises India investment by $13 billion for AI, cloud infra

**TOP INVESTOR.** $40-b India bet by 2030; plans over 20 fulfilment and 100 delivery centres




# Emergency was a direct assault on Constitution: Modi

The Hindu Bureau
NEW DELHI

Prime Minister Narendra Modi on Thursday said the Emergency was a direct assault on the Constitution, as it involved the suspension of civil liberties, curbs on freedom of expression, and the arrests of political leaders, journalists, and social workers.

In a post on X on the 51st anniversary of the imposition of the Emergency, Mr. Modi paid homage to all those who steadfastly de-



Narendra Modi

of our Constitution, we will build an India that remains ever committed to justice,

# സമുദ്ര സുരക്ഷയുടെ കാവൽക്കാർ

*ഒരു രാജ്യത്തിന്റെ സമുദ്ര വൈദഗ്ദ്ധ്യം ശക്തിപ്പെടുമ്പോൾ, സാമ്പത്തികവും തന്ത്രപരവുമായ അതിന്റെ സ്വാധീനവും ശക്തമാകും. ഈ ലക്ഷ്യം നേടുന്നതിനുള്ള തയ്യാറെടുപ്പിലാണ് ഇന്ത്യ. ഈ സംരംഭത്തിന്റെ ഭാഗമായി, ജൂൺ 21 ന് പ്രധാനമന്ത്രി നരേന്ദ്ര മോദി മൂന്ന് ആധുനിക ഇന്ത്യൻ നാവികസേനാ കപ്പലുകൾ – ഐഎൻഎസ് ദുണഗിരി, ഐഎൻഎസ് സൻശോധക്, ഐഎൻഎസ് ആഗ്രേ –എന്നിവ കമ്മീഷൻ ചെയ്തു; ഈ കപ്പലുകൾ 75% ത്തിലധികം തദ്ദേശീയ ഉള്ളടക്കത്തോടെയാണ് നിർമ്മിച്ചിരിക്കുന്നത്. സന്തുലിതവും ദൗത്യസജ്ജവുമായ ഒരു നാവികസേന, ശക്തമായ ഒരു പ്രതിരോധ നിർമ്മാണ ആവാസവ്യവസ്ഥ, 'ആത്മനിർഭർ ഭാരത്' ദർശനത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധത എന്നിവ ഇന്ത്യയുടെ വളരുന്ന ശേഷിയെ പ്രതീകവത്ക്കരിക്കുന്നു...*



പ്രധാനമന്ത്രിയുടെ മുഴുവൻ പരിപാടിയും കാണാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക.

## ഐഎൻഎസ് ദുണഗിരി

- പ്രോജക്റ്റ് 17A പ്രകാരമുള്ള നീലഗിരി ശ്രേണിയിലെ അഞ്ചാമത്തെ യുദ്ധക്കപ്പൽ.
- സൂപ്പർസോണിക് മിസൈലുകൾ, നൂതന വ്യോമ പ്രതിരോധ സംവിധാനങ്ങൾ, അന്തർവാഹിനിവേധ ആയുധങ്ങൾ എന്നിവയാൽ സജ്ജീകരിച്ചിരിക്കുന്നു.
- ഇതിന്റെ ഹെലികോപ്റ്റർ പ്രവർത്തന ശേഷി, വലിയ പ്രദേശങ്ങൾ നിരീക്ഷിക്കാനും ആക്രമണ കഴിവും മെച്ചപ്പെടുത്തുന്നു.



## ഐഎൻഎസ് സൻശോധക്

- വലിയ സർവേ വെസൽ വിഭാഗത്തിലെ നാലാമത്തെ കപ്പലാണിത്.
- അത്യാധുനിക ഹൈഡ്രോഗ്രാഫിക്, സമുദ്ര ശാസ്ത്ര ഉപകരണങ്ങൾ കപ്പലിൽ ഘടിപ്പിച്ചിരിക്കുന്നു.
- കൃത്യമായ സമുദ്ര സർവേകൾ നടത്തുന്നു; അടിയന്തര ഘട്ടങ്ങളിൽ ആശുപത്രി കപ്പലായും പ്രവർത്തിക്കാൻ കഴിയും.
- ഹെലികോപ്റ്റർ പ്രവർത്തിപ്പിക്കാനുള്ള സൗകര്യങ്ങൾ അതിന്റെ ബഹുമുഖ-ദൗത്യ ശേഷി വർദ്ധിപ്പിക്കുന്നു.



## ഐഎൻഎസ് ആഗ്രേ

- ഇന്ത്യൻ നാവികസേനയുടെ ഒരു അന്തർവാഹിനിവേധ യുദ്ധ സജ്ജമായ തീരദേശ ജലയാനം.
- ASW- SWC പരമ്പരയിലെ അഞ്ചാമത്തെ കപ്പൽ.
- അത്യാധുനിക സോണാർ സംവിധാനങ്ങളും, ടോർപ്പിഡോകളും, അന്തർവാഹിനിവേധ റോക്കറ്റുകളും സജ്ജീകരിച്ചിരിക്കുന്നു.
- വാട്ടർ-ജെറ്റ് പ്രൊപ്പൽഷൻ സാങ്കേതികവിദ്യ ഉപയോഗിക്കുന്നു, ഇത് അതിവേഗം സഞ്ചരിക്കാനും ചടുലമായി പ്രവർത്തിക്കാനും സഹായിക്കുന്നു.




ന്യൂ ഇന്ത്യ
സമാചാർ
ദ്വൈവാരിക

**RNI NO.: DELENG/2020/78811 JULY 16-31, 2026**
RNI Registered No DELENG/2020/78811 (Publishing Date: June 30, 2026 Pages: 46)

**EDITOR IN CHIEF**
**Dhirendra Ojha**
Principal Director General
Press Information Bureau, New Delhi

**PUBLISHER:**
**Kanchan Prasad**
Director General, on behalf of
Central Bureau Of Communication

**PUBLISHED FROM:**
Room No–278, Central Bureau Of Communication, 2nd Floor, Soochna Bhawan, New Delhi -110003